20
ജനുവരി 2019 ഞായർ
1194 മകരം 06
തിരുവനന്തപുരം

# കേരളകൗമുദി


SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

20 പേജ് ₹ 8.00

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം



**പതിനഞ്ചുകാരിയെ പീഡിപ്പിച്ച് കൊന്ന് കുഴിച്ചുമൂടി**
പേജ് 7



**കനയ്യക്കെതിരായ കുറ്റപത്രം കോടതി സ്വീകരിച്ചില്ല**
പേജ് 13


### പിന്നാക്ക വിദ്യാർത്ഥികൾക്ക് 200കോടി അധികം അനുവദിച്ചു

തിരുവനന്തപുരം: പിന്നാക്കവിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനായി സർക്കാർ 200 കോടി രൂപ അധികം അനുവദിച്ചു. ബഡ്ജറ്റിൽ നൽകിയ 223 കോടിക്ക് പുറമേയാണിത്.

മുൻസർക്കാരിന്റെ കാലത്ത് 189കോടി രൂപയുടെ കുടിശികയുണ്ടായിരുന്നു. അത് കൂടിവിതരണം ചെയ്യേണ്ടിവരികയും പുതുതായി 30 സമുദായ വിഭാഗങ്ങളെക്കൂടി ഒ.ഇ.സി, എസ്.ഇ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തതോടെ ബഡ്ജറ്റിൽ അനുവദിച്ച തുക മതിയാകാതെ വന്നു. തുടർന്നാണ് 200കോടിരൂപ അധികം അനുവദിക്കാൻ തീരുമാനിച്ചത്.

## തലവര

സ്ത്രീകളെ ശബരിമലയിൽ കയറ്റുന്ന മിനിമം പരിപാടിയല്ല നവോത്ഥാനം - വി.എസ്



മതിലുപണി കൂടി ഉൾപ്പെടും



കൊൽക്കത്തയിൽ നടന്ന പ്രതിപക്ഷ മഹാറാലിയെ പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി അഭിസംബോധന ചെയ്യുന്നു

# പ്രതിപക്ഷ ശക്തിപ്രകടനമായി മമതയുടെ മഹാറാലി

**● ഇരുപതിലേറെ ദേശീയ നേതാക്കൾ വേദിയിൽ ● പ്രതിനിധികളെ അയച്ച് കോൺഗ്രസും ബി. എസ്. പിയും**

കൊൽക്കത്ത: വരുന്ന ലോക്‌സഭാ തിരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ബി. ജെ. പിക്കും വെല്ലുവിളിയായി വിശാലപ്രതിപക്ഷ ഐക്യം ഉരുത്തിരിയുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയും തൃണമൂൽ കോൺഗ്രസ് നേതാവുമായ മമത ബാനർജി സംഘടിപ്പിച്ച പ്രതിപക്ഷറാലി ജനലക്ഷങ്ങൾ പങ്കെടുത്ത കൂറ്റൻ ശക്തിപ്രകടനമായി.

കൊൽക്കത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച 'യുണൈറ്റഡ് ഇന്ത്യ റാലിയിൽ' ലക്ഷക്കണക്കിന് പ്രവർത്തകരാണ് അണിനിരന്നത്. വിവിധ പ്രതിപക്ഷ കക്ഷികളുടെ ഇരുപതിലേറെ ദേശീയനേതാക്കൾ വേദി പങ്കിട്ടു.

ഏഴ് ലക്ഷം പേരെ ഉൾക്കൊള്ളാൻ സൗകര്യമുള്ള ബ്രിഗേഡ് പരേഡ് ഗ്രൗണ്ട് ഇന്നലെ രാവിലെ എട്ടുമണിയോടെ തന്നെ പ്രവർത്തകരെക്കൊണ്ടു നിറഞ്ഞിരുന്നു. മമതാ ബാനർജിയുടെ നേതൃത്വത്തിൽ പ്രതിപക്ഷ നേതാക്കൾ ഉച്ചയ്ക്ക് 12ന് വേദിയിൽ എത്തി. നേതാക്കൾ പ്രസംഗിച്ച് തുടങ്ങിയപ്പോഴും പ്രവർത്തകരുടെ ഒഴുക്ക് അവസാനിച്ചിരുന്നില്ല. 40 ലക്ഷം പേർ പങ്കെടുക്കുമെന്നാണ് തൃണമൂൽ കോൺഗ്രസ് നേരത്തേ അവകാശപ്പെട്ടിരുന്നത്.

മുൻ പ്രധാനമന്ത്രി എച്ച്.ഡി ദേവഗൗഡ, ബി.ജെ.പിയിൽ കലാപക്കൊടി ഉയർത്തിയ മുൻ കേന്ദ്രമന്ത്രിമാരായ യശ്വന്ത്‌സിൻഹ, ശത്രുഘ്നൻ സിൻഹ, അരുൺ ഷൂരി, മുഖ്യമന്ത്രിമാരായ അരവിന്ദ് കേജ്‌രിവാൾ, എച്ച്.ഡി കുമാരസ്വാമി, ചന്ദ്രബാബു നായിഡു, മുൻമുഖ്യമന്ത്രിമാരായ ശരദ് പവാർ, ഫറൂഖ് അബ്‌ദുള്ള, ഒമർ അബ്ദുള്ള, അഖിലേഷ് യാദവ്, ഗെഗോംഗ് അപാംഗ്, ഡി.എം.കെ പ്രസിഡന്റ് എം കെ സ്റ്റാലിൻ തുടങ്ങിയവർ മമതയ്ക്കൊപ്പം വേദിയിൽ അണിനിരന്നു.



> **മോ**ദിവിരുദ്ധ വിശാല സഖ്യം എന്നാൽ രാജ്യത്തെ ജനങ്ങൾക്ക് വിരുദ്ധമാണ്. പ്രതിപക്ഷ കക്ഷികൾ നിലനിൽപ്പിനായി ശ്രമിക്കുമ്പോൾ ഞാൻ രാജ്യതാത്പര്യങ്ങൾ സംരക്ഷിക്കാനുള്ള യത്നത്തിലാണ്. അഴിമതിക്കെതിരെയുള്ള എന്റെ പോരാട്ടം ചിലരെ ഭ്രാന്തു പിടിപ്പിച്ചു. ഖജനാവ് കൊള്ളയടിക്കുന്നത് തടഞ്ഞപ്പോൾ അവരെല്ലാം ഒരുമിച്ചു കൂടി.
>
> **പ്രധാനമന്ത്രി നരേന്ദ്ര മോദി**



> **മോ**ദി സർക്കാരിന്റെ എക്സ്‌പയറി ഡേറ്റ് കഴിഞ്ഞു. തിരഞ്ഞെടുപ്പിൽ മോദി അധികാരത്തിൽ വരില്ല. ഇന്ത്യയിൽ ഒരു പുതിയ പ്രഭാതം വരും. പ്രതിപക്ഷം ഒന്നിച്ചു നിൽക്കും. 23 പാർട്ടികളാണ് റാലിയിൽ പങ്കെടുക്കുന്നത്. പ്രധാനമന്ത്രിയെ തിരഞ്ഞെടുപ്പിന് ശേഷം തീരുമാനിക്കും. രാജ്യത്ത് ഇപ്പോൾ സൂപ്പർ അടിയന്തരാവസ്ഥയാണ്.
>
> **പശ്ചിമബംഗാൾ മുഖ്യമന്ത്രി മമത ബാനർജി**

കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽഗാന്ധിയും യു.പി.എ അദ്ധ്യക്ഷ സോണിയാഗാന്ധിയും റാലിക്ക് എത്തിയില്ലെങ്കിലും കത്തിലൂടെ പിന്തുണ അറിയിച്ചു. പ്രതിനിധികളായി മല്ലികാർജ്ജുൻ ഖാർഗെ, അഭിഷേക് സിംഗ്‌വി എന്നിവരെ അയച്ചു. മായാവതി ബിഎസ്.പി പ്രതിനിധിയായി സതീഷ് ചന്ദ്രമിശ്രയെ അയച്ചു.

റാലിയിൽ പ്രസംഗിച്ച നേതാക്കളെല്ലാം വരുന്ന തിരഞ്ഞെടുപ്പിൽ മോദി സർക്കാരിനെയും ബി. ജെ. പിയെയും അധികാരത്തിൽ നിന്ന് പടിയിറക്കുമെന്ന് പ്രഖ്യാപിച്ചു. ഇതിനായി പ്രതിപക്ഷഐക്യത്തിന്റെ ആവശ്യം അടിവരയിട്ട് പറയുകയും ചെയ്തു. ഇടതുപക്ഷ പാർട്ടികളും ടി.ആർ.എസ്, എ ഡി.എം.കെ, ബി.ജെ.ഡി എന്നീ കക്ഷികളും വിട്ടുനിന്നു.

**മമതയുടെ ലക്ഷ്യം ഡൽഹി**
പേജ് 13

## ജെ.ഇ.ഇ മെയിൻ ഫലം: 15 പേർക്ക് 100 ശതമാനം

**കേരളത്തിൽ വിഷ്ണു വിനോദ് ഒന്നാമത്**



വിഷ്ണു വിനോദ്

ന്യൂഡൽഹി: രാജ്യത്തെ ഐ. ഐ. ടികൾ അടക്കം ഉന്നത എൻജിനിയറിംഗ് സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ) ജനുവരി എട്ടുമുതൽ 12 വരെ നടത്തിയ ജോയിന്റ് എൻട്രൻസ് എക്സാമിന്റെ (ജെ.ഇ.ഇ) മെയിൻ പേപ്പർ - ഒന്ന് ബി.ഇ / ബി.ടെക്) പരീക്ഷയുടെ ഫലം വന്നു. 15 കുട്ടികൾക്ക് 100 ശതമാനം സ്കോർ ലഭിച്ചു. കോട്ടയം മാന്നാനം സ്വദേശി വിഷ്ണ വിനോദ് ആണ് കേരളത്തിലെ ഒന്നാമൻ (99.9990801).

ഓരോ സെഷനിലും ലഭിച്ച മാർക്കുകളെ അടിസ്ഥാനമാക്കിയുള്ള എൻ.ടി.എ സ്കോർ രൂപത്തിലാണ് ഫലം പ്രഖ്യാപിച്ചത്. പ്രകടനം മെച്ചപ്പെടുത്താൻ ഏപ്രിലിൽ ഒരു അവസരം കൂടി ലഭിക്കും. അതിലെ സ്കോറുകളും അടിസ്ഥാനമാക്കിയാണ് റാങ്ക് നിശ്ചയിക്കുക. 467 കേന്ദ്രങ്ങളിൽ 8,74,469 വിദ്യാർത്ഥികളാണ് ജനുവരിയിൽ പരീക്ഷ എഴുതിയത്. ഏപ്രിലിൽ നടക്കുന്ന ജെ.ഇ.ഇ മെയിൻ പരീക്ഷയ്ക്ക് ഫെബ്രുവരി എട്ട് മുതൽ മാർച്ച് എട്ട് വരെ അപേക്ഷിക്കാം. ഏപ്രിൽ ആറുമുതൽ 20 വരെയാണ് പരീക്ഷ.

## ട്രാൻ. ബസ് സ്കൂട്ടറിൽ ഇടിച്ച് ഗർഭിണിക്ക് ദാരുണാന്ത്യം



ധന്യ

നേമം: അമിതവേഗത്തിൽ സ്കൂട്ടറിനെ മറികടന്ന കെ. എസ്. ആർ.ടി.സി ബസ് തട്ടിയുണ്ടായ അപകടത്തിൽ ഭർത്താവിനൊപ്പം സ്കൂട്ടറിൽ യാത്രചെയ്ത ഗർഭിണിക്ക് ദാരുണാന്ത്യം. ആനാവൂർ, വേങ്കച്ചൽ സ്കൂൾ ജംഗ്ഷൻ, മേക്കുംകര പുത്തൻവീട്ടിൽ വിനോദിന്റെ ഭാര്യ ധന്യയാണ് (26) മരിച്ചത്. മൂന്ന്മാസം ഗർഭിണിയായ ധന്യയെ എസ്.എ.ടി ആശുപത്രിയിൽ പരിശോധനയ്ക്ക്കൊണ്ടു പോവുകയായിരുന്നു.

ഇന്നലെ രാവിലെ 6.30ന് കരമന ആണ്ടിയിറക്കത്തിന് സമീപമായിരുന്നു അപകടം. തമ്പാനൂരിലേക്ക് പോവുകയായിരുന്ന പൂവാർ ഡിപ്പോയിലെ ബസാണ് സ്കൂട്ടറിൽ ഇടിച്ചത്. അമിതവേഗത്തിൽ ഇവരെ മറികടന്ന ബസിന്റെ പിൻഭാഗം സ്കൂട്ടറിൽ തട്ടിയതിനെ തുടർന്ന് ധന്യ ബസിനടിയിലേക്ക് തെറിച്ചു വീണു. ബസിന്റെ പിൻ ചക്രം തലയിലൂടെ കയറിയിറങ്ങി ധന്യ തത്ക്ഷണം മരിച്ചു. സ്കൂട്ടറുമായി മറുവശത്തേക്ക് വീണ വിനോദ് നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. വിനോദിനെ കിള്ളിപ്പാലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.. ബസിന്റെ ഡ്രൈവർ അപകടം നടന്നയുടൻ ഓടിരക്ഷപ്പെട്ടു. കരമന പൊലീസ് കെ.എസ്.ആർ.ടി.സി ഡ്രൈവർക്കെതിരെ കേസെടുത്തു.

നെയ്യാറ്റിൻകരയിലെ എസ്.എൻ ബേക്കറി തൊഴിലാളിയാണ് വിനോദ്. ഇവരുടെ വിവാഹം കഴിഞ്ഞിട്ട് 2 വർഷമായി. ആദ്യം ഗർഭച്ഛിദ്രമുണ്ടായതിനെ തുടർന്ന് എസ്.എ.ടിയിൽ ചികിത്സയ്ക്ക് ശേഷം രണ്ടാമത് ഗർഭിണിയായതാണ് ധന്യയെന്ന് ബന്ധുക്കൾ പറഞ്ഞു. നെയ്യാറ്റിൻകര മണലൂരിൽ പരേതനായ വേണുവിന്റെയും ശോഭനകുമാരിയുടെയും മകളാണ്. മൃതദേഹം സംസ്കരിച്ചു.

**റിവ്യു ഹർജിയിൽ കുരുക്ക് ഒഴിവാക്കാൻ**

# വിവാദ യുവതീ പട്ടിക സർക്കാർ തിരുത്തും

▶ എം.എച്ച്. വിഷ്ണു

തിരുവനന്തപുരം: അവിവാഹിതരായ പുരുഷന്മാരും 50കടന്ന സ്ത്രീകളും ഉൾപ്പെട്ട വിവാദ 'യുവതി' പട്ടികയിലെ തെറ്റുതിരുത്താൻ പൊലീസിന് സർക്കാർ നിർദ്ദേശം നൽകി. വെർച്വൽ ക്യൂവിൽ ബുക്ക് ചെയ്ത യുവതികളുടെ വിവരങ്ങളെല്ലാം പുനഃപരിശോധിക്കും. ശബരിമലയുടെ ചുമതലയുള്ള അഡി.ഡി.ജി.പി അനിൽകാന്തായിരിക്കും പരിശോധിക്കുന്നത്. ആധാർവിവരങ്ങൾ നൽകി 7,564 യുവതികളാണ് വെർച്വൽ ക്യൂവിൽ ബുക്ക് ചെയ്തിരുന്നത്. ഇതിൽ 51 പേർ പൊലീസ് സംരക്ഷണയിൽ ദർശനം നടത്തിയെന്നു കാട്ടി സുപ്രീംകോടതിയിൽ നൽകിയ പട്ടികയിലാണ് പിഴവുകളുണ്ടായത്. ശങ്കർ, പരംജ്യോതി, വേദശിഖാമണി എന്നീ പുരുഷന്മാരെ ഒഴിവാക്കി പുതിയ പട്ടികയുണ്ടാക്കും.

ടെക്നോപാർക്കിലെ കമ്പനിയുടെ സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങളെടുത്ത് പൊലീസ് തയ്യാറാക്കിയ പട്ടിക, ബിന്ദുവിന്റെയും കനകദുർഗ്ഗയുടെയും കേസിൽ സർക്കാരിന്റെ സ്റ്റേറ്റ്മെന്റിനൊപ്പം ചേർത്തിരുന്നു. ദർശനം നടത്തിയ 51 യുവതികളുടെ പട്ടികയുണ്ടെന്ന് സ്റ്റേറ്റ് അറ്റോർണി അറിയിച്ചപ്പോൾ, 'അതിന്റെ ആവശ്യമില്ല' എന്നുപറഞ്ഞ് ഹർജി തീർപ്പാക്കുകയാണ് സുപ്രീംകോടതി ചെയ്തത്. പട്ടിക സുപ്രീംകോടതി സ്വീകരിക്കാത്തതിനാൽ, സാങ്കേതികമായി ഇത് ഫയൽചെയ്തിട്ടില്ലെന്ന് സർക്കാരിന് വാദിക്കാം. എന്നാൽ, സുപ്രീം കോടതിയിലും ഹൈക്കോടതിയിലും സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകളിൽ വസ്തുതാപരമായ പിശകുകളുണ്ടാകരുതെന്നാണ് ചട്ടം. പിശകുവന്നാൽ ഫയൽചെയ്ത ഉദ്യോഗസ്ഥനെതിരെ ജയിൽശിക്ഷയടക്കം നടപടിയെടുക്കാം. എതിർഭാഗം അഭിഭാഷകൻ ഇക്കാര്യം കോടതിയുടെ ശ്രദ്ധയിൽ പെടുത്തിയാൽ കുഴയും. അതാണ് പട്ടിക തിരുത്താൻ സർക്കാർ തീരുമാനിച്ചത്.

ചീഫ്സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി, നിയമസെക്രട്ടറി എന്നിവർ ഇന്നലെ ഇക്കാര്യം ചർച്ച ചെയ്തു. യുവതീപ്രവേശനത്തിലെ പുന:പരിശോധനാഹർജി പരിഗണിക്കുമ്പോൾ ഇത് പ്രശ്നമാകാമെന്ന് യോഗം വിലയിരുത്തി. നിയമവകുപ്പിന്

യുവതികളുടെ കണക്ക് നൽകുകയോ ഉപദേശം തേടുകയോ ചെയ്തിരുന്നില്ല. സുപ്രീംകോടതിയിലെ സ്റ്റേറ്റ്മെന്റ് നിയമവകുപ്പ് കാണുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. 16.2ലക്ഷം പേരാണ് വെർച്വൽക്യൂ രജിസ്ട്രേഷൻ നടത്തിയത്. ഇതിൽ 8.6ലക്ഷം പേർ മലകയറി. എല്ലാവരുടെയും വിവരങ്ങൾ പരിശോധിക്കുക അസാദ്ധ്യമായിരുന്നെന്ന നിലപാടിലായിരുന്നു പൊലീസ് നേതൃത്വം. യുവതീപട്ടിക ചോർന്നതിനു പിന്നിലെ ഗൂഢാലോചന അന്വേഷിക്കണമെന്ന് യോഗം ശുപാർശ നൽകിയിട്ടുണ്ട്.



**ശങ്കർ**

**പു**തുച്ചേരിയിലെ ടാക്സി ഡ്രൈവർ. 48-ാം നമ്പരിലെ കലൈവതി എന്ന പേരിനൊപ്പം ശങ്കറിന്റെ ആധാർനമ്പരാണ്. ശബരിമലയിൽ പോയില്ലെന്നും കലൈവതി എന്ന സ്ത്രീ കുടുംബത്തിലില്ലെന്നും ശങ്കർ.



**ദേവശിഖാമണി**

**പ**ട്ടികയിലെ 42-ാമൻ. കൃഷ്ണപ്പണിൽ സ്ത്രീയെന്നാണ് വന്നത്. ഇതേ പാസുമായി ദർശനം നടത്താൻ പൊലീസ് അനുവദിച്ചു



**പരംജ്യോതി**

**ചെ**ന്നൈയിലെ 47കാരൻ. പട്ടികയിലുള്ള ആധാർനമ്പർ, ഫോൺനമ്പർ, മേൽവിലാസം ഇയാളുടേതാണ്. നവംബർ29ന് ദർശനം നടത്തി. കൃഷ്ണപ്പണിൽ സ്ത്രീയെന്ന് വന്നത് തിരുത്താനായില്ല.

## ശബരിമല നട ഇന്ന് അടയ്ക്കും



ശബരിമല: മണ്ഡല - മകരവിളക്ക് തീർത്ഥാടനത്തിന് പരിസമാപ്തി കുറിച്ച് ഇന്ന് രാവിലെ ശ്രീകോവിൽ നട അടയ്ക്കും. രാവിലെ 7ന് രാജപ്രതിനിധി മൂലം തിരുനാൾ പി.രാഘവവർമ്മരാജ ദർശനം നടത്തിയശേഷം ഉഷഃപൂജയും ഉച്ചപൂജയും നടത്തി അയ്യപ്പസ്വാമിയെ ഭസ്മാഭിഷിക്തനാക്കി യോഗദണ്ഡും ജപമാലയും അണിയിച്ച് ഹരിവരാസനം ചൊല്ലി നടയടക്കും. താക്കോൽ മേൽശാന്തി വി.എൻ.വാസുദേവൻ നമ്പൂതിരി രാജപ്രതിനിധിക്ക് കൈമാറും. പണക്കിഴി മേൽശാന്തിക്കും താക്കോൽ ദേവസ്വം മാനേജർക്കും നൽകി തിരുവാഭരണ പേടകങ്ങളുമായി രാജപ്രതിനിധിയും സംഘവും മലയിറങ്ങുന്നതോടെ തീർത്ഥാടനത്തിന് സമാപനമാകും.




## പാടത്ത് കീടനാശിനി തളിച്ച രണ്ട് കർഷകത്തൊഴിലാളികൾ മരിച്ചു

### മൂന്ന് പേർ ചികിത്സയിൽ



സനൽകുമാർ



മത്തായി ഈശോ

തിരുവല്ല: നെൽപ്പാടത്ത് കീടനാശിനി തളിച്ച രണ്ടു കർഷകത്തൊഴിലാളികൾ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരിച്ചു. പെരിങ്ങര ആലംതുരുത്തി കഴപ്പിൽ കോളനിയിൽ സനൽകുമാർ (42), മാങ്കുളത്തിൽ മത്തായി ഈശോ (68) എന്നിവരാണ് മരിച്ചത്. ഇവർക്കൊപ്പമുണ്ടായിരുന്ന കഴപ്പിൽ കോളനിയിൽ പ്രഭാകരൻ (52), സുനിൽ (28), വാമനപുരം കങ്ങഴപ്പറമ്പിൽ ഉണ്ണികൃഷ്ണൻ (45) എന്നിവരെ ആരോഗ്യനില മോശമായതിനെ തുടർന്ന് ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കൂടിയ അളവിൽ കൂടുതൽ സമയം കീടനാശിനി സ്പ്രേ ചെയ്തതാകാം അപകട കാരണമെന്നാണ് പ്രാഥമിക വിലയിരുത്തൽ. വ്യാഴാഴ്ചയാണ് പെരിങ്ങര ആലംതുരുത്തി പാടശേഖരത്തിൽ 'വിരാട്' എന്ന പേരിലുള്ള കീടനാശിനി ഇവർ തളിച്ചത്. മോട്ടോർ ഘടിപ്പിച്ച പമ്പ് ഉപയോഗിച്ചായിരുന്ന കീടനാശിനി പ്രയോഗം. തളർച്ച അനുഭവപ്പെട്ടതിനെ തുടർന്ന് സനൽകുമാറിനെയും മത്തായി ഈശോയെയും അന്നു വൈകിട്ട് ചങ്ങനാശേരി താലൂക്കാശുപത്രിയിലും നില വഷളായതോടെ വെള്ളിയാഴ്ച രാവിലെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. വൈകിട്ടോടെ മത്തായി ഈശോ മരിച്ചു. ഇന്നലെ പുലർച്ചയാണ് സനൽകുമാർ മരിച്ചത്.

അസ്വാഭാവിക മരണത്തിന് കേസെടുത്തതായും ഇരുവരുടെയും ആന്തരികാവയവത്തിൽ കീടനാശിനിയുടെ അംശം ഉള്ളതായി ഡോക്ടർമാർ സ്ഥിരീകരിച്ചതായും തിരുവല്ല സി.ഐ സന്തോഷ് കുമാർ പറഞ്ഞു. കീടനാശിനി വില്പന നടത്തിയ അഴിയിടത്തുചിറയിലെ കടയിൽ ജില്ലാ കളക്ടർ പി.ബി.നൂഹിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി അടപ്പിച്ചു.

സനൽകുമാറിന്റെ സംസ്കാരം ഇന്ന് രാവിലെ 10ന് വാമനപുരം ശ്മശാനത്തിൽ നടക്കും. ഭാര്യ: ലാവണ്യ. മക്കൾ: സേതു, ഗീതു, ദേവു. മത്തായി ഈശോയുടെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് വേങ്ങൽ ഓർത്തോഡോക്സ് പള്ളിയിൽ നടക്കും. ഭാര്യ: കൊച്ചുകിഴക്കേതിൽ അച്ചാമ്മ. മക്കൾ: ഷെയ്സൺ, ലിൻസി, ഷൈജു. മരുമകൻ: ബിജു.

സംഭവത്തിൽ അന്വേഷണത്തിന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ അംഗം കെ.മോഹൻകുമാർ ഉത്തരവിട്ടു.

**കീടനാശിനി ഉപയോഗിക്കുമ്പോൾ**

- മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം. രാവിലെയും വൈകുന്നേരങ്ങളിലും മാത്രമേ ഉപയോഗം പാടുള്ളൂ
- മരുന്നിന് ആനുപാതികമായി വെള്ളം ചേർക്കണം. തളിക്കുമ്പോൾ മദ്യപാനവും പുകവലിയും പാടില്ല.
- പമ്പിംഗിന് ശേഷം സോപ്പുപയോഗിച്ച് കൈകളും മുഖവും കഴുകിയ ശേഷമേ ആഹാരം കഴിക്കാവൂ

*(ജോയ്സി കെ. ജോർജ്, കൃഷി അസി. ഡയറക്ടർ, തിരുവല്ല)*

> **കീ**ടനാശിനിയായ വിരാട് ഉള്ളിൽ ചെന്നാലേ മരണകാരണമാകൂ. രണ്ട് കീടനാശിനികൾ ചേർന്നതാണ് വിരാട്. ഒരു ലിറ്റർ വെള്ളത്തിൽ രണ്ട് എം.എൽ എന്നാണ് കണക്ക്.
>
> *- ഡോ. തോമസ് ബിജു മാത്യു, കാർഷിക യൂണി. കീടനാശിനി ഗവേഷണ ലാബ് മുൻ മേധാവി*

**24-ാം ചരമവാർഷികം (20.01.2019)**



**ജനാബ് എം. അബ്ദുൾ റഹ്മാൻ**
**(അപ്പി സാഹിബ്)**
സജീലാ മൻസിൽ, പേയാട്, തിരുവനന്തപുരം.
ദുഃഖിതരായ കുടുംബാംഗങ്ങൾ -
ഭാര്യ: ബി. സുബൈദാ ബീവി,
മക്കൾ: മുഹമ്മദ് റാഫി, മുഹമ്മദ് ഷാഫി, സജീല, സുനുജാ, ജാസ്മി.
മരുമക്കൾ: ഷഫീക്കാ ബീവി, താര, റഹീം, കബീർകുട്ടി, ഷഫീക്ക്.
ചെറുമക്കൾ: റമീസ് റാഫി, താരിക്ഷാ, തൻസിഷാ, അബു ദാഹിദ്, അലീന ഫാത്തിമ, അൽഫിനാ ഫാത്തിമ, ആമീന, റവാണ റമീസ്, അൽസാബിത്ത്.

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

# മതിപ്പുറത്തെ മറക്കുന്ന ടൂറിസം വകുപ്പ്

▶ഷാജിമോൻ



മതിപ്പുറത്ത് വിനോദ സഞ്ചാരികളെത്തുന്ന സ്ഥലം (ഫയൽ ചിത്രം)

കോവളം: വിഴിഞ്ഞം മതിപ്പുറത്തെ പ്രകൃതി മനോഹര കാഴ്ചകൾ തേടിയെത്തുന്നതു വരെ കാത്തിരിക്കുന്നത് അപകടക്കെണികളാണ്. വിഴിഞ്ഞം ഹാർബർ റോഡിലെ ബൊള്ളാർഡ് പുൾ ടെസ്റ്റ് കേന്ദ്രത്തിന് സമീപത്താണ് തകർന്ന സുരക്ഷാവേലിയും കൈവരികളും നടപ്പാതയും സഞ്ചാരികൾക്ക് ഭീഷണിയായിരിക്കുന്നത്.

വർഷങ്ങൾക്ക് മുമ്പ് ടൂറിസം വകുപ്പാണ് തീരം മോടിപിടിപ്പിക്കലിന്റെ ഭാഗമായി ഇവിടെ നടപ്പാതയും സുരക്ഷാവേലിയും കൈവരികളും ലൈറ്റുകളും ഒരുക്കിയത്. കടൽക്കാറ്റും ആഞ്ഞടിച്ചെത്തുന്ന തിരകളും കാരണം കൈവരികളും നടപ്പാതയും തകർന്നു. ലൈറ്റുകൾ പലതും ഉരുമ്പെടുത്തു നശിക്കുകയും ചെയ്തു. കോവളം കഴിഞ്ഞാൽ എറ്റവും കൂടുതൽ സഞ്ചാരികൾ വന്നു പോകുന്ന സ്ഥലമാണ് മതിപ്പുറത്തെ ഈ കടൽക്കരയും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖവും. കപ്പലുകളുടെ ശേഷിപരിശോധനകേന്ദ്രമായ ബൊള്ളാർഡ് പുൾടെസ്റ്റ് കേന്ദ്രം സ്ഥിതിചെയ്യുന്ന ഇവിടെ നിന്നാൽ അന്താരാഷ്ട്ര തുറമുഖ നിർമ്മാണകേന്ദ്രവും നേരിൽ കാണാം. പാറക്കൂട്ടങ്ങൾ നിറഞ്ഞതും പൊക്കവുമുള്ള സ്ഥലമായതിനാൽ വിശാലമായ കടൽക്കാഴ്ചയും സൂര്യാസ്തമനവും കൺകുളിർക്കെ കാണാമെന്നതും ഇവിടം സഞ്ചാരികളെ ആകർഷകമാക്കി മാറ്റി.

പക്ഷേ സുരക്ഷാവേലി മറികടന്നിറങ്ങിയാൽ വലിയ അപകടത്തലേക്കാവും പോക്ക്. ഇതൊന്നും അറിയാതെ സുരക്ഷാവേലി മറികടന്നുപോയ നിരവധി പേരുടെ ജീവനെടുത്ത അപകടം നിറഞ്ഞ പാറക്കൂട്ടങ്ങളും ഇവിടെയുണ്ട്. പുറമേ നിന്നു നോക്കിയാൽ ആകർഷണീയമായ പാറക്കൂട്ടങ്ങളെ കാണാമെങ്കിലും അതിൽ പതിയിരിക്കുന്ന അപകടമറിയാതെ ഇറങ്ങിയവരാണ് അപകടത്തിനിരയാകുന്നത്. തുടർന്നാണ് സുരക്ഷാവേലിയൊരുക്കി മുന്നറിയിപ്പ് ബോർഡുകളും ഇവിടെ സ്ഥാപിച്ചത്. എന്നാൽ കടൽകാറ്റേറ്റ് ഉരുമ്പിച്ച കമ്പികൾ അടുത്ത കാലത്തുണ്ടായ കടൽക്ഷോഭത്തിൽ തകർന്നു.

ഇതോടെ സൗന്ദര്യവത്കരണം നടത്തിയ നടപ്പാതകളിൽ നിൽക്കാൻ പോലും സഞ്ചാരികൾക്ക് പേടിയായി. കോവളം ലൈറ്റ് ഹൗസ് ബീച്ചും, മറൈൻ അക്വേറിയവും സമീപത്തായതിനാൽ വിദേശ - സ്വദേശി സഞ്ചാരികൾ ഉൾപ്പെടെ ദിനംപ്രതി നൂറോളം പേർ ഇവിടെ എത്തുന്നുണ്ട്. ഇവിടത്തെ പോരായ്മകൾ ചൂണ്ടിക്കാണിച്ചും കൈവരിയും സുരക്ഷാവേലിയും നടപ്പാതയും പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് വാർഡ് കൗൺസിലർ പല തവണ ടൂറിസം വകുപ്പ് അധികൃതർക്ക് കത്ത് നൽകിയെങ്കിലും യാതൊരു നടപടിയുമുണ്ടായില്ല.

മനോഹര കടൽക്കാഴ്ചകളുടെ വിസ്മയവുമൊരുക്കുന്ന തീരത്ത് അടിസ്ഥാന സൗകര്യങ്ങളൊരുക്കി പുനർ നിർമ്മാണം നടത്താൻ അടിയന്തര നടപടവേണമെന്നാണ് വിനോദസഞ്ചാരികളും നാട്ടുകാരും ആവശ്യപ്പെടുന്നത്.

## ചെമ്പഴന്തി സൗത്ത് ശാഖ

തിരുവനന്തപുരം : ചെമ്പഴന്തി സൗത്ത് എസ്.എൻ.ഡി.പി ശാഖയുടെ വനിതാസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാസം തോറും നടത്തിവരുന്ന കുടുംബ ഐശ്വര്യ പ്രാർത്ഥനായോഗം ഇന്ന് വൈകിട്ട് 3.30ന് സുധാകരന്റെ വസതിയായ ഉദയഗിരിയിൽ രേവതിയിൽ നടത്തും.

## വെൺപാലവട്ടംക്ഷേത്രത്തിൽ മഹാദീപ പ്രദക്ഷിണ പൂജ

തിരുവനന്തപുരം : വെൺപാലവട്ടം ശ്രീഭഗവതിക്ഷേത്രത്തിൽ സർവൈശ്വര്യ സിദ്ധിക്കായി നടത്തുന്ന മഹാദീപ പ്രദക്ഷിണ പൂജ ഇന്ന് രാവിലെ 9ന് ശ്രീദുർഗാഭഗവതി ക്ഷേത്ര സന്നിധിയിൽ ക്ഷേത്ര മേൽശാന്തിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും.10ന് ദീപ പ്രദക്ഷിണവും തുടർന്ന് കഷായ കലശാഭിഷേകവും ഉണ്ടായിരിക്കും.എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജുരമേശ് അഭ്യർത്ഥിച്ചു.

## പള്ളിപ്പുറം ശ്രീനാഗരാജ ക്ഷേത്രം

കഴക്കൂട്ടം: പള്ളിപ്പുറം ശ്രീനാഗരാജ,നാഗയക്ഷി ക്ഷേത്രത്തിലെ ഞായറാഴ്ച ദർശനവും സർപ്പദോഷ നിവാരണപൂജകളും ഇന്ന് നടക്കും.രാവിലെ 6 .30ന് അഭിഷേകം.തുടർന്ന് 7.45ന് മലർനിവേദ്യം,പൂജ. 8.30 മുതൽ പ്രശ്ന ചിന്ത നടത്തിയുള്ള ചരടുജപപൂജയും സർപ്പദോഷ നിവാരണപൂജകളും നടക്കും. ഭക്തർക്ക് ദോഷനിവാരണത്തിന് നെയ് വിളക്ക് പ്രദക്ഷിണം നടത്താവുന്നതാണ്.ഫോൺ: 80784 20208.

## കരിപ്രത്തല ശ്രീഭഗവതി ക്ഷേത്രം

തിരുവനന്തപുരം : ശ്രീകാര്യം ഇലങ്കം ശ്രീഭഗവതി ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠ വാർഷികവും മഹോത്സവവും ഇന്ന് തുടങ്ങി 23 ന് സമാപിക്കും. ഇന്ന് രാവിലെ 9 ന് അഷ്ടദ്രവ്യ കലശാഭിഷേകം, തുടർന്ന് ഉപദേവന്മാർക്ക് കലശാഭിഷേകം, ചെമ്പു പായസം, ഉച്ചയ്ക്ക് 1 ന് അന്നദാനം, വൈകിട്ട് 7 ന് മാജിക് സർക്കസ്. നാളെ രാത്രി 7 ന് നൃത്തനൃത്താഞ്ജലി ,9 ന് അത്താഴപൂജയും പുറത്തെഴുന്നള്ളത്തും. 22 ന് രാവിലെ 8 ന് ശ്രീമദ് ഭഗവതപാരായണം, വൈകിട്ട് 4 ന് ദേവി മാഹാത്മ്യ പാരായണം, വൈകിട്ട് 7 ന് ഗാനമേള.23 ന് ഉച്ചയ്ക്ക് 12 ന് അന്നദാനം, വൈകിട്ട് 4 ന് കൃഷ്ണഗാഥ.5 ന് പുറത്തെഴുന്നള്ളത്ത്. വൈകിട്ട് 6.30 ന് താലപ്പൊലി എഴുന്നള്ളത്ത്. 7 ന് ഭക്തി ഗാനമേള. തുടർന്ന് ശിങ്കാരിമേളം സ്റ്റേജ് ഷോ.

## ബില്ലടയ്ക്കാം

തിരുവനന്തപുരം: കന്റോൺമെന്റ് സെക്ഷനിലെ കാഷ് കളക്ഷൻ സമയം നാളെ രാവിലെ 10 മുതൽ 1 വരെയും 2 മുതൽ 3 വരെയുമായിരിക്കുമെന്ന് വൈദ്യുതി ബോർഡ് അസിസ്റ്റന്റ് എൻജിനിയർ അറിയിച്ചു.

## ഇലങ്കത്തറ ദേവീക്ഷേത്രം

പോത്തൻകോട്: അയിരൂപ്പാറ ശ്രീ ഇലങ്കത്തറ ദേവീക്ഷേത്രത്തിലെ ഉത്സവ മഹാമഹം തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ നടക്കും. പ്രധാനക്ഷേത്ര ചടങ്ങുകൾക്ക് പുറമെ നാളെ രാവിലെ 6.45 ന് ഭഗവതിസേവ, രാത്രി 8 ന് കഥകളി. 22 ന് രാവിലെ 8ന് മൃത്യുഞ്ജയഹോമം, 10.30 ന് നാഗരൂട്ട്, വൈകിട്ട് 6.45 ന് ഭഗവതിസേവ, രാത്രി 8 ന് നാടകം. 23 ന് രാവിലെ 9.30ന് പൊങ്കാല, 10.30 ന് കളഭാഭിഷേകം, വൈകിട്ട് 6.45 ന് താലപ്പൊലി ഘോഷയാത്ര. രാത്രി 8.30 ന് നൃത്തനാടകം.

## വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: കന്റോൺമെന്റ് സെക്ഷനിലെ പ്ലാമൂട്, പട്ടം, പുഷ്പനഗർ, എം.എൻ ലെയിൻ എന്നീ സ്ഥലങ്ങളിലും സമീപപ്രദേശത്തും ലൈനിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നാളെ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി തടസപ്പെടുമെന്ന് അസിസ്റ്റന്റ് എൻജിനിയർ അറിയിച്ചു.

തിരുവനന്തപുരം: സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി നടക്കുന്നതിനാൽ പുത്തൻചന്ത ഇലക്ട്രിക്കൽ സെക്ഷനിലെ പ്രദേശങ്ങളിൽ ഇന്ന് പകൽ വൈദ്യുതി മുടങ്ങുമെന്ന് കെ.എസ്.ഇ.ബി അറിയിച്ചു.

## ഭാരതീയ വിദ്യാഭവൻ വാർഷികോത്സവം

തിരുവനന്തപുരം: ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ വാർഷികം റിട്ടയേർഡ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ. പി.എൻ. നായർ ഉദ്ഘാടനം ചെയ്തു. ഭവൻസ് ചെയർമാൻ കെ.എസ്. പ്രേമചന്ദ്രകുറുപ്പ്, വൈസ് ചെയർമാൻ ഡോ. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി പ്രൊഫ. സി. മോഹനകുമാർ, പ്രിൻസിപ്പൽ സുനിൽ ചാക്കോ, വൈസ് പ്രിൻസിപ്പൽ ആർ. ഉമാ മഹേശ്വരി എന്നിവർ സംസാരിച്ചു.

## സൗജന്യ പരിശീലനം

തിരുവനന്തപുരം: കേരള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ഈ വർഷത്തെ കെ. മാറ്റ് പ്രവേശന പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകുന്നു. 23ന് തിരുവനന്തപുരത്തുള്ള കിറ്റ്സ് ഹെഡ് ക്വാർട്ടേഴ്സിൽവച്ചാണ് പരിശീലനം. ഫോൺ: 9446068080.

## പരിശീലന പരിപാടി ഉദ്ഘാടനം

കോവളം: പൂന്തുറ സാമൂഹികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ആശാവർക്കർമാർക്കുള്ള പരിശീലന പരിപാടി നഗരസഭ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ പീറ്റർ സോളമൻ അദ്ധ്യക്ഷതവഹിച്ചു. കൗൺസിലർമാരായ നൂർജഹാൻ, പ്രിയ ബിജു, ആശാ കോ- ഓർഡിനേറ്റർ ഗ്ലാഡിയ, മെഡിക്കൽ ഓഫീസർ ബീന .എസ് തമ്പി. കുഞ്ഞുമറിയാമ്മ, ജസ്‌ലറ്റ് തുടങ്ങിയവർ സംസാരിച്ചു. എട്ടാം ഘട്ട പരിശീലനത്തിന്റെ ഭാഗമായി അഞ്ചു ദിവസം നടക്കുന്ന പരിപാടിയിൽ ആർദ്രം പദ്ധതി, കൗമാരാരോഗ്യം, പകർച്ചവ്യാധികളിൽ ആയുർവേദം, സിദ്ധ വൈദ്യം, പൊതുജനാരോഗ്യം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടക്കും. ആശുപത്രി സന്ദർശനം, ഗൃഹസന്ദർശനം, ക്ലോറിനേഷൻ എന്നിവയും പരിശീലനത്തിന്റെ ഭാഗമായി നടക്കുമെന്ന് അധികൃതർ പറഞ്ഞു.

## കോട്ടൺ ഹിൽ സ്കൂളിൽ ഒ.ബി.സി സ്കോളർഷിപ്പ് വിതരണം

തിരുവനന്തപുരം: കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നു 2018 മാർച്ചിൽ പ്ലസ് ടു പരീക്ഷ എഴുതിയ കുട്ടികൾക്കുള്ള ഒ.ബി.എസ് സ്കോളർഷിപ്പ് വിതരണം ജനവരി 31 വരെ നടക്കും. അതിനു മുമ്പ് കുട്ടികൾ തുക കൈപ്പറ്റണം. 31നു ശേഷം തുക തിരിച്ചയക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## ഡെന്റൽ ലാബിലേക്ക് ഇന്റർവ്യൂ

തിരുവനന്തപുരം :സൗദി അറേബ്യയിലെ പ്രമുഖ ഡെന്റൽ ലാബിലേക്ക് ഡിപ്ലോമ പാസായ മെക്കാനിക്കിനെയും ലാബ് ടെക്നീഷ്യന്മാരെയും (പുരുഷന്മാർ) കേരള സർക്കാർ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് വഴി ഇന്റർവ്യൂ ചെയ്യുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഒ .ഡി.ഇ.പിസി രജിസ്ട്രേഷൻ നമ്പർ, ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതമുള്ള അപേക്ഷ 31 നകം odepcprivate@gmail .com എന്ന മെയിലിൽ അയയ്ക്കുക . ഫോൺ :0471 2329440.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ്: 3,5,9,13



കൈമനം ബ്രഹ്മസ്ഥാന ക്ഷേത്ര മഹോത്സവത്തോടനുബന്ധിച്ച് മാതാ അമൃതാനന്ദമയിയുടെ നേതൃത്വത്തിൽ നടന്ന ഭജന



ശബരിമല യുവതി പ്രവേശന വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിന് മുന്നിൽ അനിശ്ചിതകാല നിരാഹാരമനുഷ്ഠിക്കുന്ന ബി.ജെ.പി ദേശീയ നിർവാഹക സമിതി അംഗം പി.കെ. കൃഷ്ണദാസിനെ സമരപ്പന്തലിൽ സന്ദർശിക്കാനെത്തിയ സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള. ഒ.രാജഗോപാൽ എം.എൽ.എ, സംസ്ഥാന ജനറൽ സെക്രട്ടറി ശോഭ സുരേന്ദ്രൻ തുടങ്ങിയവർ സമീപം

## നമ്മുടെ ജീവിതം കൊണ്ട് ലോകത്തെ സുന്ദരമാക്കണം: മാതാ അമൃതാനന്ദമയി

തിരുവനന്തപുരം: നമുക്ക് ലഭിച്ച ജീവിതംകൊണ്ട് ഈ ലോകത്തെ ഒന്നുകൂടി സുന്ദരമാക്കണമെന്ന് മാതാ അമൃതാനന്ദമയി പറഞ്ഞു. കൈമനം ആശ്രമത്തിൽ ബ്രഹ്മസ്ഥാന പ്രതിഷ്ഠാ വാർഷികാഘോഷങ്ങളുടെ ഭാഗമായ സത്സംഗത്തിന്റെ രണ്ടാംദിനത്തിൽ സംസാരിക്കുകയായിരുന്നു അമ്മ.മനുഷ്യജന്മം അപൂർവമായൊരു അനുഗ്രഹമാണ്. അതേറ്റവും ശ്രേഷ്ഠമായതാണ് എന്നാണ് ഋഷീശ്വരന്മാരും ശാസ്ത്രങ്ങളും ആവർത്തിച്ചാവർത്തിച്ചു നമ്മോടു പറയുന്നത്.

ഇങ്ങനെയൊക്കെയാണെങ്കിലും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ഭൂരിപക്ഷം ആളുകളുടെയും ജീവിതത്തിൽ വിഷാദമാണ് കൂടുതൽ. ഇങ്ങനെയുള്ള തെറ്റായ ചിന്തകളെ ഉള്ളിൽ വേരുറയ്ക്കാൻ അനുവദിക്കരുതെന്നാണ് അമ്മയ്ക്ക് പറയാനുള്ളത്. സൃഷ്ടിയിൽ കൊള്ളരുതാത്തതായി ഒന്നുമില്ല. നമ്മൾ നിസാരന്മാരാണെന്ന് ആവർത്തിച്ച് ചിന്തിച്ചു കൊണ്ടിരുന്നാൽ നമ്മുടെ ഉപബോധ മനസുകൂടി അത് വിശ്വസിക്കാൻ തുടങ്ങും. തുടർന്ന് ബോധപൂർവമല്ലാതെ പറയുന്ന വാക്കുകളിലും ചിന്തകളിലും പ്രവർത്തികളിലുമെല്ലാം കൂടി നമ്മുടെ ദൗർബല്യങ്ങൾ പ്രകടമാകാൻ തുടങ്ങും.അപ്പോൾ മറ്റുള്ളവരും നമ്മളെ അങ്ങനെ കാണാൻ തുടങ്ങും. അങ്ങനെയാകുമ്പോൾ നാം നിസഹായരും നിസാരന്മാരുമാണെന്ന ധാരണ ഒന്നുകൂടി ഉറയ്ക്കുകയും ചെയ്യും.സ്വയം വില കുറച്ചു കാണുന്നതുകൊണ്ട് നമുക്കു നഷ്ടമാകുന്നത് നമ്മുടെ ആത്മവിശ്വാസം കൂടിയാണെന്നും അമൃതാനന്ദമയി പറഞ്ഞു. ഇന്ന് വൈകിട്ട് പുത്തരിക്കണ്ടം മൈതാനത്തു നടക്കുന്ന അയ്യപ്പഭക്ത സംഗമത്തിൽ പങ്കെടുത്ത ശേഷം മാതാ അമൃതാനന്ദമയി മധു ബ്രഹ്മസ്ഥാനത്തേക്കു പോകും.

## സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം: വഞ്ചിയൂർ, പേട്ട പ്രദേശത്തെ റസിഡന്റ്സ് അസോസിയേഷനുകളായ ജി.ജി.ആർ.എ, എച്ച്.എൻ.ആർ.എ, കെ.കെ.ആർ.എ എന്നിവയുടെയും യംഗ്സ്റ്റേഴ്സ് ക്ലബ് വനിതാവിഭാഗത്തിന്റെയും സംയുക്ത സഹകരണത്തോടെ സംഘടിപ്പിക്കുന്ന സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് ഇന്ന് പേട്ട യംഗ്സ്റ്റേഴ്സ് ക്ലബിൽ നടക്കും. രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒന്നുവരെയാണ് ക്യാമ്പ്. ഡോ. ജ്യോതി സായി, ഡോ. അനുജ.കെ എന്നിവർ നേതൃത്വം നൽകും. ക്യാമ്പിൽ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യും.

## എസ്.എ.ടി നവീകരണത്തിന് 5 കോടി : മന്ത്രി ശൈലജ

ഉള്ളൂർ: എസ്.എ.ടി ആശുപത്രി നവീകരണത്തിന് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു.

എ- ബ്ലോക്കിന്റെ സമഗ്രനവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായാണ് തുക. കെട്ടിടത്തിന്റെ ബലക്ഷയം മാറ്റി പ്ലാസ്റ്റർ ചെയ്യുക, ടൈൽസ് പാകുക, തടിപ്പണികൾ, പെയിന്റിംഗ്, വാട്ടർസപ്ലൈ ലൈൻ, ടോയ്‌ലറ്റുകൾ എന്നിവയ്ക്കാണ് തുക അനുവദിച്ചിരിക്കുന്നത്.

നേരത്തേ, പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ 6 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് പ്രവർത്തനസജ്ജമാക്കിയിരുന്നു. ഇതുവഴി കുട്ടികളിലും നവജാത ശിശുക്കളിലും കാണപ്പെടുന്ന ശസ്ത്രക്രിയ ആവശ്യമില്ലാത്ത ജനിതക ഹൃദ്രോഗങ്ങൾ പൂർണമായും ചികിത്സിക്കാവുന്നതാണെന്നും അറിയിപ്പിൽ പറയുന്നു.



തൈക്കാട് ഭാരത് ഭവനിൽ നടന്ന സത്യജിത് റേ ഡോക്യുമെന്ററി ആൻഡ് ഷോർട്ട്ഫിലിം ഫെസ്റ്റിവൽ ഒഫ് കേരള വിജയികൾക്കായുള്ള പുരസ്കാര വിതരണ ചടങ്ങിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ വിജയികൾക്കൊപ്പം. ചലച്ചിത്ര സംവിധായകനും ചെയർമാനുമായ സജിൻ ലാൽ, ജൂറി ചെയർമാൻ ബാലു കിരിയത്ത്, ചിത്ര ഷൈൻ, അശ്വതി മേനോൻ, മൃദുല വാര്യർ എന്നിവർ സമീപം



അയ്യപ്പഭക്തസംഗമത്തിന്റെ ഭാഗമായി തലസ്ഥാനത്ത് നടന്ന മഹിളാ വാഹന വിളംബര ജാഥ

## അയ്യപ്പഭക്തസംഗമം: വിളംബര ജാഥ

തിരുവനന്തപുരം: ശബരിമല കർമ്മ സമിതിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ഇന്ന് നടക്കുന്ന അയ്യപ്പഭക്ത സംഗമത്തിന്റെ മുന്നോടിയായി നഗരത്തിൽ മഹിളാ വാഹന വിളംബര ജാഥ നടന്നു.

പാളയം ഹനുമാൻ ക്ഷേത്രത്തിൽ നിന്നാരംഭിച്ച വാഹനജാഥ പട്ടം, കേശവദാസപുരം, പരുത്തിപ്പാറ, അമ്പലമുക്ക്, പേരൂർക്കട, വട്ടിയൂർക്കാവ്, ശാസ്തമംഗലം, വെള്ളയമ്പലം, പാളയം, സ്റ്റാച്യു വഴി പഴവങ്ങാടി ഗണപതി ക്ഷേത്രത്തിൽ സമാപിച്ചു. സംഗമത്തിന്റെ മുന്നോടിയായി ജില്ലയിലെ പ്രധാനകേന്ദ്രങ്ങളിൽ അയ്യപ്പ മണ്ഡപങ്ങൾ ഒരുക്കി.



അനന്തശയനം ആഡിറ്റോറിയത്തിൽ നടന്ന നെല്ലിയോട് വാസുദേവൻ നമ്പൂതിരിയുടെ 80-ാം പിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കാനെത്തിയ കലാമണ്ഡലം രാജശേഖരൻ അദ്ദേഹത്തിന് ഉപഹാരം നൽകുന്നു. ശ്രീദേവി അന്തർജനം സമീപം

# ആശയ വിസ്മയങ്ങളൊരുക്കി ഹോളി ഏഞ്ചൽസ് എക്സിബിഷൻ

▶അലീന സൈമൺ



ഹോളി ഏഞ്ചൽസ് സ്കൂളിൽ നടക്കുന്ന എക്സിബിഷനിൽ നിന്ന്

തിരുവനന്തപുരം : കുട്ടികളുടെ നിർദ്ദേശത്തിൽ ചലിക്കുന്ന റോബോട്ട്, ഹോളോഗ്രാമിന്റെ സാദ്ധ്യതകളുടെ പരിചയപ്പെടുത്തൽ, ദുരന്തങ്ങളിൽ പ്രയോജനപ്പെടുത്താവുന്ന ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനത്തിന്റെ ആശയം, പ്രകൃതിയിൽ നിന്ന് ഊർജം ഉത്പാദിപ്പിക്കുള്ള പുത്തൻ വിദ്യകൾ - ഇങ്ങനെ നൂറുകണക്കിന് ആശയങ്ങളാണ് ഹോളി ഏഞ്ചൽസ് സി.ബി.എസ്.സി സ്കൂളിലെ എക്സിബിഷനിലുള്ളത്. മുഴുവൻ കുട്ടികളും പങ്കാളികളായ എക്സിബിഷൻ യൂണിവേഴ്സിറ്റി കോളേജ് ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജി.എസ്. സന്ധ്യ ഉദ്ഘാടനം ചെയ്തു.

എൽ.പി മുതൽ ഹയർസെക്കൻഡറി വരെയുള്ള കുട്ടികളുടെ ആശയങ്ങളാണ് സ്കൂളിലെ മൂന്ന് നിലകളിലായി ഒരുക്കിയിരിക്കുന്നത്. വൈദ്യുതി ഉത്പാദനത്തിനുള്ള പുതുവഴികളും അവതരിപ്പിച്ചിട്ടുള്ളത്.

പുതുതലമുറ കൃഷിയോട് മുഖം തിരിക്കുന്നുവെന്ന പരാതിക്കുള്ള മറുപടിയാണ് സ്മാർട്ട് ഫാം ആശയവും ജലസംരക്ഷണ മാർഗങ്ങളും.

പാഴാകുന്ന പ്ലാസ്റ്റിക് കുപ്പികളിൽ ഒരുക്കിയ പൂന്തോട്ടവും കൗതുകമുണർത്തും.

ഹിന്ദി പാഠഭാഗം ചിത്രങ്ങളാക്കി പഠനം അനായാസമാക്കുന്ന ആശയം ഏഴു മുതൽ ഒമ്പതു വരെയുള്ള ക്ലാസിലെ കുട്ടികളുടേതാണ്.

> ആദ്യമായാണ് ഇത്രയും വലിയൊരു എക്സിബിഷൻ ഒരുക്കുന്നത്. കുട്ടികളുടെ കൂട്ടായ ശ്രമമാണ് ഇവിടെ കാണുന്ന ഓരോ ആശയങ്ങൾക്കും പിന്നിൽ.
>
> കുട്ടികളുടെ കഴിവുകളെ തിരിച്ചറിഞ്ഞ് പഠനത്തിന് പുതിയൊരു മാനം കൊടുക്കുക എന്ന ലക്ഷ്യമാണ് ഇത്തരമൊരു പ്രദർശനത്തിന് പിന്നിൽ.
>
> - സി. ഷാനറ്റ് സേവ്യർ, പ്രിൻസിപ്പൽ

ശാസ്ത്രവും ഗണിതവും സോഷ്യൽ സയൻസുമെല്ലാം ക്ലാസുമുറികളിലും പാഠപുസ്തകങ്ങളിലും മാത്രം ഒതുങ്ങേണ്ടതല്ലെന്നും ഈ മിടുക്കികൾ തെളിയിക്കുന്നു. അദ്ധ്യാപകരുടെ പിന്തുണയാണ് കണ്ടുപിടുത്തങ്ങൾക്ക് പിന്നിലെന്ന് കുട്ടികൾ പറയുന്നു. ഇന്നലെ തുടങ്ങിയ എക്സിബിഷൻ തിങ്കളാഴ്ച അവസാനിക്കും.

## വസന്തോത്സവം ഇന്ന് കൊടിയിറങ്ങും

തിരുവനന്തപുരം: പത്ത് ദിവസം കനകക്കുന്നിനെ പൂക്കളുടെ പറുദീസയാക്കിയ വസന്തോത്സവത്തിന് ഇന്ന് കൊടിയിറങ്ങും. പതിനായിരക്കണക്കിന് പേരാണ് അലങ്കാരപുഷ്പമേളയും അതിനൊപ്പമൊരുക്കിയ ഭക്ഷ്യമേളയും ആസ്വദിക്കാൻ കനകക്കുന്നിലേക്ക് ഒഴുകിയെത്തിയത്. ഇന്ന് അവധിയായതിനാൽ കൂടുതൽ പേർ മേള കാണാൻ എത്തുമെന്നാണ് പ്രതീക്ഷ. സ്കൂൾ വിദ്യാർത്ഥികളും മേള സന്ദർശിക്കാൻ എത്തിയിരുന്നു. കനകക്കുന്നിന്റെ പ്രവേശ കവാടത്തിൽ തുടങ്ങി സൂര്യകാന്തിയിൽ അവസാനിക്കുന്ന വഴിയുടെ ഇരുവശങ്ങളിലും കനകക്കുന്ന് കൊട്ടാരത്തിന്റെ ചുറ്റിലുമായാണ് പൂക്കളും ചെടികളും ഒരുക്കിയിരിക്കുന്നത്.

ഇന്നുമുതൽ ടൂറിസം വകുപ്പ് കനകക്കുന്നിൽ സംഘടിപ്പിക്കുന്ന നിശാഗന്ധി നൃത്തോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ വസന്തോത്സവത്തിലെ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള പുരസ്കാരം വിതരണം ചെയ്യും. വൈകിട്ട് 6.15ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ ഗവർണർ പി.സദാശിവം ഉദ്ഘാടനം ചെയ്യും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. ഡോ. ശശി തരൂർ എം.പി, മേയർ വി.കെ. പ്രശാന്ത്, കെ. മുരളീധരൻ എം.എൽ.എ, കെ.ടി.ഡി.സി ചെയർമാൻ എം.വിജയകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, കൗൺസിലർ പാളയം രാജൻ, ടൂറിസം ഡയറക്ടർ പി.ബാലകിരൺ, സെക്രട്ടറി റാണി ജോർജ് എന്നിവർ പങ്കെടുക്കും.

## കുറ്റകൃത്യങ്ങൾ തടയാൻ പൊലീസിനെ വിവരങ്ങൾ അറിയിക്കാം

തിരുവനന്തപുരം: നഗരത്തിലെ അപകടങ്ങളും കുറ്റകൃത്യങ്ങളും തടയുന്നതിനായി പൊതുജനങ്ങളിൽ നിന്നും പത്രമാദ്ധ്യമങ്ങളിൽ നിന്നും സോഷ്യൽ മീഡിയ വഴിയും നിർദേശങ്ങൾ അറിയിക്കുന്നതിനായി 'Know your police' എന്ന പദ്ധതിക്ക് സിറ്റി പൊലീസ് തുടക്കമിട്ടു. സിറ്റി പൊലീസ് കമ്മിഷണറായി എസ്.സുരേന്ദ്രൻ ചുമതലയേറ്റതിനു ശേഷം നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി 'പൊലീസ് പബ്ലിക് ടുഗദർ കാമ്പെയിനി'നാണ് തുടക്കം കുറിക്കുന്നത്. വിവരങ്ങൾ 9497975998 എന്ന വാട്സാപ് നമ്പരിലും cptvm.pol@kerala.gov.in എന്ന മെയിൽ വഴിയും അറിയിക്കാം. tvmcitypolice.keralapolice എന്ന ഫേസ്ബുക്ക് പേജും നിലവിലുണ്ട്.

# അശ്വിനും സുജിനും നാടിന്റെ യാത്രാമൊഴി

ബാലരാമപുരം: മംഗലത്തുകോണം-ചാവടിനട റോഡിൽ പള്ളിക്കടുത്ത് ബൈക്ക് മതിലിലും പോസ്റ്റിലുമിടിച്ച് മരിച്ച നെല്ലിവിള പുത്തൻവീട്ടിൽ മുരുകൻ - രാഖി ദമ്പതികളുടെ മകൻ അശ്വിൻ (19), മംഗലത്തുകോണം കീഴേതോട്ടം വിളയിൽ തട്ടുവീട്ടിൽ സുദർശനൻ -ജയ ദമ്പതികളുടെ മകൻ സുജിൻ (21) എന്നിവർക്ക് നാടിന്റെ അശ്രുപൂജ. പോസ്റ്റ്മോർട്ടത്തിനശേഷം ഇന്നലെ ഉച്ചയോടെയാണ് ഇരുവരുടെയും മൃതദേഹങ്ങൾ വീട്ടിലെത്തിച്ചത്. രണ്ടിടത്തും വൻജനാവലിയാണ് തടിച്ചുകൂടിയത്. ഇരുവരുടെയും കുടുംബസ്ഥലം മംഗലത്തുകോണമാണെങ്കിലും ചിക്കു എന്ന അശ്വിൻ നെല്ലിവിളയിലാണ് താമസിക്കുന്നത്.

സഹപാഠികളുടെ ചേതനയറ്റ ശരീരം ഒരുനോക്ക് കാണാൻ മരുതൂർക്കോണം പി.റ്റി.എം എഡ്യൂക്കേഷനിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും സ്റ്റാഫുകളും വീട്ടിലെത്തിയിരുന്നു. ഏകമകൻ സുജിന്റെ വേർപാട് സുദർശനൻ -ജയ ദമ്പതികൾക്ക് താങ്ങാനാവുമായിരുന്നില്ല. പ്ലസ് ടു പഠനം നിറുത്തി കുറച്ചുകാലം വർക്ക് ഷോപ്പ് മെക്കാനിക്ക് ജോലി ചെയ്താണ് വീടിന്റെ പണികൾ തീർത്തത്.

ബി.കോം പാസായി നല്ലൊരു ജോലി നേടണമെന്ന ആഗ്രഹത്താലാണ് പി.റ്റി.എം സ്കൂൾ ഒഫ് എഡ്യൂക്കേഷനിൽ വീണ്ടും ചേർന്നത്. നിനച്ചിരിക്കാതെയുള്ള വേർപാട് സുജിന്റെ കുടുംബത്തെയും ബന്ധുക്കളെയും കണ്ണീരിലാഴ്ത്തി. മിമിക്രിക്കാരനായ അശ്വിൻ സ്കൂളിൽ അദ്ധ്യാപകരുൾപ്പെയുള്ളയുള്ളവർക്ക് പ്രിയങ്കരനായിരുന്നു.

കഴിഞ്ഞ ദിവസം ശ്രീരാജ് എന്ന ഹിസ്റ്ററി അദ്ധ്യാപകന്റെ ഭാവം വിദ്യാർത്ഥികൾക്ക് മുന്നിൽ അനുകരിച്ചിരുന്നു. മൂന്നു ദിവസം മുമ്പ് നടന്ന ക്ലാസ് പരീക്ഷയുടെ ഹിസ്റ്ററി പേപ്പർ മൂല്യനിർണയത്തിന് ശ്രീരാജിന്റെ കൈയിൽ കിട്ടിയിരുന്നു. മരണത്തിന് പിന്നാലെ , അശ്വിന്റെ ഹിസ്റ്റർ പേപ്പർ മൂല്യനിർണയത്തിനായി മനസിൽ വിങ്ങലോടെയാണ് ശ്രീരാജ് എടുത്തുനോക്കിയത്.

സുജിന്റെ മൃതദേഹം എത്തി അരമണിക്കൂർ കഴിഞ്ഞതും അശ്വിന്റെ മൃതദേഹവും നെല്ലിവിളയിലെ വസതിയിലെത്തി. നൂറ് കണക്കിന് ജനങ്ങളാണ് അശ്വിനെ ഒരു നോക്ക് കാണാൻ തടിച്ചുകൂടിയത്. മൃതദേഹം വീട്ടിനകത്തേക്ക് എത്തിച്ചതും മാതാവ് രാഖി അലമുറയിട്ടു. അശ്വിന്റെ വലിയച്ഛനും ബന്ധുക്കളും കരച്ചിൽ ആരംഭിച്ചതോടെ വീട് ദുഃഖക്കടലായി മാറി.

ഒരു മണിക്കൂറോളം മൃതദേഹം വീട്ടിൽ പൊതുദർശനത്തിനുവച്ചു. അഡ്വ. എം. വിൻസെന്റ് എം.എൽ.എ, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, പി.റ്റി.എം സ്കൂൾ മാനേജർ അഭിലാഷ്, വെങ്ങാനൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീകല, വൈസ് പ്രസിഡന്റ് വെങ്ങാനൂർ സതീഷ്, മുൻ പഞ്ചായത്ത് പ്രസിഡന്റ് മംഗലത്തുകോണം രാജു, ഉച്ചക്കട സുരേഷ്, മറ്റ് അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ, മംഗലത്തുകോണം എസ്.എൻ.ഡി.പി ശാഖാ ഭാരവാഹികൾ, പ്രതിനിധികൾ എന്നിവർ വീട്ടിലെത്തി അനുശോചിച്ചു. സുജിന്റെ മരണാനന്തര ചടങ്ങ് ചൊവ്വാഴ്ച രാവിലെ 8 നും അശ്വിന്റേത് രാവിലെ 9 മണിക്കും നടക്കും.



അശ്വിന്റെ മൃതദേഹം വീട്ടിൽ പൊതുദർശനത്തിന് വച്ചപ്പോൾ



സുജിന്റെ മൃതദേഹം വീട്ടിലെത്തിയപ്പോൾ വാവിട്ട് കരയുന്ന അമ്മ ജയ



എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ.സുകുമാരൻ സ്മാരക യൂണിയൻ വനിതാ സംഘം ഭാരവാഹികൾ വനിതാസംഘം കേന്ദ്രസമിതി അംഗം ഗീതാമധുവിന്റെ നേതൃത്വത്തിൽ പത്രാധിപർ കെ.സുകുമാരന്റെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുന്നു. ഡോ.എം. അനുജ, ലേഖാസന്തോഷ്, എം.എൽ ഉഷാരാജ്, രത്നമ്മ ജയമോഹൻ, ജി. ഉഷാകുമാരി, എസ്. പ്രസന്നകുമാരി, എൽ.ഹേമമാലിനി, വനിതാസംഘം കോ - ഓർഡിനേറ്റർ കെ.പി. അംബീശൻ തുടങ്ങിയവർ സമീപം

## പാലത്തിന്റെ കൈവരി ഇടിഞ്ഞുവീണ് ആറ് തൊഴിലാളികൾക്ക് പരിക്ക്

നെയ്യാറ്റിൻകര: പനങ്ങാട്ടുകരി പാലത്തിന്റെ അറ്റകുറ്റപ്പണിക്കിടെ പഴയപാലത്തിന്റെ കൈവരി ഇടിഞ്ഞുവീണ് ആറ് തൊഴിലാളികൾക്ക് പരിക്കേറ്റു. മണലിവിള ജംഗ്ഷനിൽ താമസിക്കുന്ന സന്തോഷിന്റെ ( 50 ) കാലിന് പരിക്കുണ്ട്. ഇയാളെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മറ്റുള്ളവരെ പ്രാഥമിക ചികിത്സ നൽകിയ ശേഷം വിട്ടയച്ചു. ഇന്നലെ പുലർച്ചെയാണ് അപകടം. പഴയ പാലത്തിന്റെ വശങ്ങളിൽ കരിങ്കൽ കെട്ടുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളാണ് പാലത്തിന്റെ ഒരു വശം തോട്ടിലേക്ക് ഇടിഞ്ഞുവീണ് അപകടത്തിൽപ്പെട്ടത്. ഉടൻ ഫയർഫോഴ്സ് ഉദ്യോഗസ്ഥരെത്തി തൊഴിലാളികളെ രക്ഷപ്പെടുത്തുകയായിരുന്നു.

## സി.എം.പി പ്രവർത്തക യോഗം ചേർന്നു

തിരുവനന്തപുരം: സി.എം.പി അരവിന്ദാക്ഷൻ വിഭാഗത്തിന്റെ ജില്ലാ പ്രവർത്തക യോഗം പാർട്ടി ജനറൽ സെക്രട്ടറി എം.വി. രാജേഷ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റിയംഗം രവീന്ദ്രൻ നായർ അദ്ധ്യക്ഷത വഹിച്ചു. പുതിയ ജില്ലാ സെക്രട്ടറിയായി മുട്ടയ്ക്കാട് രവീന്ദ്രൻ നായരെ തിരഞ്ഞെടുത്തു. ജോയിന്റ് സെക്രട്ടറിമാരായി പയറ്റുവിള ശശി, പട്ടം ദീപു, ഹയറുന്നിസ എന്നിവരേയും തിരഞ്ഞെടുത്തു.

വിനോദസഞ്ചാര വകുപ്പ്
പാർക്ക് വ്യൂ, തിരുവനന്തപുരം
ക്വട്ടേഷൻ/ ലേലപരസ്യം
നമ്പർ: ഡി.ഡി.റ്റി.വി.എം.-20/2018 തീയതി: 17.01.2019
വിഷയം: വിനോദസഞ്ചാര വകുപ്പ് - തിരുവനന്തപുരം സർക്കാർ അതിഥിമന്ദിരം കോമ്പൗണ്ടിൽ അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന ഒരു ചുവന്ന അകിൽ മരം, മുറിച്ചിട്ടിരിക്കുന്ന 110 മുളകൾ എന്നിവയുടെ പൊതുലേലം/ക്വട്ടേഷൻ സംബന്ധിച്ച്
ക്വട്ടേഷൻ ലഭിക്കേണ്ട തീയതി, സമയം, സ്ഥലം: 06.02.2019, ഉച്ചയ്ക്ക് 2 മണി വരെ, വിനോദസഞ്ചാര വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസ്
ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം, സ്ഥലം: 06.02.2019, വൈകുന്നേരം 3 മണി, തിരുവനന്തപുരം സർക്കാർ അതിഥിമന്ദിരം
വിശദവിവരങ്ങൾക്ക് 0471-2335571 എന്ന ഫോൺ നമ്പരിൽ വിളിക്കുകയോ www.keralatourism.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.
ഒപ്പ്/-
ഡെപ്യൂട്ടി ഡയറക്ടർ

LORDS HOSPITAL
Anayara, Thiruvananthapuram, Ph: 0471-2949 000
Dr. G. RAVI, FRCS, D Urol (London) FICS
Newly Joined Senior Consultant in Urology Department
Treatment for all forms of
Urology, Uro Gynaecology & Paediatric Urology
വൃക്ക, മൂത്രാശയ കല്ലുകൾ, മുഴകൾ, ജന്മനായുള്ള മൂത്രാശയ വൈകല്യങ്ങൾ, പ്രോസ്റ്റേറ്റ് ഗ്രന്ഥിയിലും, മൂത്രനാളിയിലും ഉള്ള രോഗങ്ങളുടെ പ്രഗത്ഭ ചികിത്സ ലഭ്യമാണ്.

## തൊഴുവൻകോട് ശ്രീ ചാമുണ്ഡീദേവിക്ഷേത്ര ഉത്സവം



### 2019 ജനുവരി 17 മുതൽ 27 വരെ

### പൊങ്കാല ജനുവരി 27 ഞായറാഴ്ച രാവിലെ 5.30 മുതൽ

തിരുവനന്തപുരം: വട്ടിയൂർക്കാവ് തൊഴുവൻകോട് ശ്രീ ചാമുണ്ഡി ദേവി ക്ഷേത്രത്തിലെ ഉത്സവം ജനുവരി 17 ന് ആരംഭിച്ച് 27 - ന് സമാപിക്കും. ഉത്സവദിവസങ്ങളിൽ എല്ലാ ദിവസവും രാവിലെ 5 മണി മുതൽ ഗണപതി ഹോമം ഉണ്ടായിരിക്കും. പതിനൊന്നാം ഉത്സവദിവസം ഒഴികെ രാവിലെ 7 മണി മുതൽ 9 മണി വരെ നവഗ്രഹ ഹോമവും, നവഗ്രഹ പൂജയും, വൈകുന്നേരം 5.30 മുതൽ 9 മണി വരെ ശ്രീചക്രപൂജയും ഉണ്ടായിരിക്കുന്നതാണ്. ഒന്നാം ഉത്സവം മുതൽ നാലാം ഉത്സവം വരെ രാവിലെ ആറു മണി മുതൽ വൈകുന്നേരം 6 വരെ അഖണ്ഡ നാമജപവും, അഞ്ചാം ഉത്സവം മുതൽ 11-ാം ഉത്സവം വരെ രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ സപ്താഹവും നടക്കും.

4-ാം ദിവസം രാത്രി 8 മുതൽ നാടകം : ഡാൻസ്. അവതരണം: സിനിമ, സീരിയൽ അഭിനേത്രി കുമാരി മഹാലക്ഷ്മിയും സംഘവും. **5-ാം ദിവസം** രാത്രി 8.30 മുതൽ ഗാനമേള : അവതരണം : കിങ്ങിണിക്കൂട്ടം. ആൻബെൻസൺ, അവാന്തിക, വൈദേഹി, ആദർശ്, സൂര്യനാരായണൻ, സൂര്യ മഹാദേവൻ. **6-ാം ദിവസം** രാത്രി 8 മുതൽ നാടകം : വൈറസ്. അവതരണം : സംസ്കൃതി, തിരുവനന്തപുരം. **7-ാം ദിവസം** രാത്രി 8 മുതൽ കേളീസംഗമം (കലാരൂപങ്ങളിലേക്ക് തിരനോട്ടം). സാക്ഷാത്കാരം : ശ്രീവരാഹം അശോക് കുമാർ. അവതരണം : ക്ഷേത്ര കലാകേന്ദ്രം, തിരുവനന്തപുരം. **8-ാം ദിവസം** രാത്രി 8 മുതൽ ഓട്ടൻതുള്ളൽ. അവതരണം : വിശ്വകലാകേന്ദ്രം, ബാലകൃഷ്ണൻ. 9 മുതൽ നാടകം : ലക്ഷ്മി അഥവാ അരങ്ങിലെ അനാർക്കലി. അവതരണം : കോഴിക്കോട് സങ്കീർത്തന. **9-ാം ദിവസം** രാത്രി 8.30 മുതൽ ഹാസ്യസംഗീതിക. അവതരണം : ചലച്ചിത്ര നടൻ ജയരാജ് വാര്യരും കല്ലറഗോപനും നയിക്കുന്നു. **10-ാം ദിവസം** രാത്രി 8 മുതൽ ഓട്ടൻതുള്ളൽ. അവതരണം: വിശ്വകലാകേന്ദ്രം, ബാലകൃഷ്ണൻ, 10 മണി മുതൽ നാടകം - നോട്ടം. അവതരണം : കൊച്ചിൻ നടന. **11-ാം ദിവസം** രാവിലെ 5.30 മുതൽ പൊങ്കാല. രാത്രി 7 മണി മുതൽ ഉരുൾ, രാത്രി 9 മണി മുതൽ താലപ്പൊലി, രാത്രി 10.30 മുതൽ നാടകം : ജീവിതത്തിന് ഒരു ആമുഖം. അവതരണം : ആറ്റിങ്ങൽ ശ്രീധന്യ. വെളുപ്പിന് 3.30-ന് ഗുരുസി.

സ്ത്രീ ഭക്തജനങ്ങളുടെ സൗകര്യാർത്ഥവും തിക്കും തിരക്കും കുറഞ്ഞിരിക്കുന്നതിനുവേണ്ടിയും പൊങ്കാല ഇട്ടുതീരുന്ന മുറയ്ക്ക് നിവേദിച്ചു കൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു കൊടുക്കുന്നതുമായിരിക്കും.

കഴിഞ്ഞ 49 വർഷങ്ങളായി ഈ ക്ഷേത്രത്തിൽ നിന്ന് യാതൊരു പിരിവും നടത്തിയിട്ടില്ല. ദക്ഷിണയില്ല. രണ്ടുതരം ആളുകളെ സൃഷ്ടിക്കാത്ത ഏക ക്ഷേത്രം. ഇവിടെ പ്രത്യേക പരിഗണന ആർക്കുംതന്നെ ഇല്ല. 17.01.2019 മുതൽ 26.01.2019 വരെയുള്ള 10 ദിവസങ്ങളിൽ **ഉച്ചയ്ക്ക് ഒരു മണിക്ക് ഔഷധക്കഞ്ഞി** ഉണ്ടായിരിക്കുന്നതാണ്. പതിനൊന്നു ദിവസം തുടർച്ചയായിട്ട് നട തുറക്കുന്ന തുകൊണ്ട് രണ്ടുദിവസം (29.01.2019 ചൊവ്വാഴ്ചയും 01.02.2019 വെള്ളിയാഴ്ചയും) നട തുറ ക്കുന്നതല്ല. പൊങ്കാലദിവസം രാവിലെ 7.30 മുതൽ 1.00 മണി വരെ പുരുഷന്മാർക്ക് ക്ഷേത്ര കോമ്പൗണ്ടിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. താലപ്പൊലി നടക്കുന്ന സമയത്ത് ക്ഷേത്ര ജീവനക്കാരല്ലാത്ത പുരുഷന്മാർക്ക് ക്ഷേത്രത്തിനുള്ളിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല. ക്ഷേത്ര കോമ്പൗണ്ടിൽ യാതൊരു കച്ചവടങ്ങളും അനുവദിക്കുന്നതല്ല. ഉത്സവദിവസങ്ങളിൽ എല്ലാ ദിവസവും നടതുറക്കുന്നതാണ്. പകൽ നട അടയ്ക്കുന്നതല്ല. 17.01.2019 മുതൽ താലപ്പൊലി, ഉരുൾ നേർച്ചകൾക്ക് (50 രൂപ) രസീത് വാങ്ങാവുന്നതാണ്. മൊബൈൽ ഫോൺ, വീഡിയോ, ഫോട്ടോ കാമറകൾ തുടങ്ങിയവ ക്ഷേത്ര കോമ്പൗണ്ടിൽ പ്രവർത്തിപ്പിക്കരു ത്. ഭക്തജനങ്ങൾ ക്ഷേത്രാചാര മര്യാദകൾ നിർബന്ധമായും പാലിക്കുക. പരിപാടികളിൽ മാറ്റം വരുത്തു വാൻ ക്ഷേത്രം ട്രസ്റ്റിന് അധികാര മുണ്ടായിരിക്കുന്ന താണെന്ന് ചെയർ മാൻ അറിയിച്ചു.


ഫോൺ : 0471 – 2362339, 2362357.

**ക്ഷേത്രപരിധിയിൽ വരുന്ന കോർപ്പറേഷൻ വാർഡുകൾ ഗവൺമെന്റ് ഉത്സവമേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്.**




നറുക്കെടുപ്പിന് ഇനി 3 ദിവസങ്ങൾ മാത്രം
കേരള സംസ്ഥാന ഭാഗ്യക്കുറി
ക്രിസ്തുമസ് പുതുവത്സര ബമ്പർ ഭാഗ്യക്കുറി 2018-2019
ഒന്നാം സമ്മാനം ₹6 കോടി
ടിക്കറ്റ് വില ₹200
കേരള സർക്കാർ
കോടിക്കണക്കിന് രൂപയുടെ നിരവധി സമ്മാനങ്ങൾ
നറുക്കെടുപ്പ് ജനുവരി 23 ന്

ഗുരുമാർഗം



വിഷയലോലുപനായി എരിഞ്ഞെരിഞ്ഞ് ഭ്രമിയിൽ ജീവിതം കഴിച്ചുകൂട്ടാൻ സാധിക്കുകയില്ല. ആയുസ്സും നീണ്ടുപോകുന്നു. കാമനെ ദഹിപ്പിച്ച ഭഗവാനേ വേദനയെല്ലാം പോക്കി എന്റെ മുന്നിൽ പ്രത്യക്ഷപ്പെടണേ.



ഒരു ജാതി ഒരു മതം ഒരു ദൈവം

തിരുവാതിര 03-11
പുണർതം 56 - 20
ചതുർദ്ദശി 18 - 38
1940 പൗഷം 30
1440 ജമാദുൽ അവ്വൽ 14
1194 മകരം 06

# ആര് ആരെ വഴിതെറ്റിക്കുന്നു?

## മാനവദർശനം



മുനി നാരായണ പ്രസാദ്

ദൈവം എന്നൊന്നില്ല എന്ന് യുക്തിപൂർവം സമർത്ഥിച്ച് തരുന്ന ഒരാൾ. വേദാന്തം, ബ്രഹ്മം, മോക്ഷം തുടങ്ങിയ വാക്കുകൾ പോലും പറയാൻ പാടില്ല. ഇതൊക്കെ മനുഷ്യരെ വഴിതെറ്റിക്കുന്ന സങ്കല്പങ്ങളാണ്. ഈ ലോകവും അതിൽ നിന്നു നമുക്കുണ്ടാകുന്ന സുഖവും തന്നെയാണ് സത്യം.

ഈ ആശയങ്ങളൊക്കെ കേട്ടപ്പോൾ എനിക്കു തോന്നി ഇദ്ദേഹമൊരു ഭൗതികവാദിയോ ചാർവാകദർശനക്കാരനോ ആണെന്ന്. ഞാൻ ചോദിച്ചു:

"അപ്പോൾ മനുഷ്യർക്കു ജീവിതത്തിൽ ധാരാളം ദുഃഖങ്ങളുണ്ടാകാറുണ്ടല്ലോ? അതെങ്ങനെ സംഭവിക്കുന്നു?'

"ചില പൈശാചികശക്തികളുണ്ട്. അവരാണ് ഈ ദുഃഖങ്ങളും രോഗങ്ങളുമൊക്കെ വരുത്തിവെയ്ക്കുന്നത്. അവയെ തടഞ്ഞു നിറുത്തണം. അപ്പോൾ ദുഃഖങ്ങളും രോഗങ്ങളും ഒക്കെ ഒഴിഞ്ഞുപോകും.'

"അപ്പോൾ ആശുപത്രികളൊക്കെ അടച്ചു പൂട്ടാമല്ലോ?'

"തീർച്ചയായും.'

"നിങ്ങൾക്ക് ദൈവത്തിൽ വിശ്വാസമില്ല. പക്ഷേ പിശാചുക്കളിൽ വിശ്വാസമുണ്ട്. ഈ രണ്ടു വിശ്വാസങ്ങളിൽ ഏതാണ് സന്തോഷം തരുന്നത്?'

"പിശാചിലുള്ള വിശ്വാസം. കാരണം, അവയെ തടഞ്ഞുനിറുത്തിയാൽ മതി പ്രശ്നങ്ങൾ തീരാൻ.'

"കൊള്ളാമല്ലോ ഈ തത്ത്വശാസ്ത്രം! ആട്ടെ, ഇതൊക്കെ ആരു പഠിപ്പിച്ചു?'

"ഉള്ളിലുള്ള ബോധമാണ് സത്യം. അതിലാണ് ഇതൊക്കെ തെളിഞ്ഞുകിട്ടിയത്.'

"അപ്പോൾ പിശാചുക്കളുടെ കാര്യമോ?'

"ആ ബോധസത്യത്തിൽ ചില സ്പന്ദനങ്ങളുണ്ടാകും. അതാണ് പിശാചുക്കളെ ചൂണ്ടിക്കാണിച്ചു തരുന്നത്. ആ പിശാചുക്കളെ തടഞ്ഞുനിറുത്തിക്കൊണ്ട് ജീവിതത്തിൽ അങ്ങേയറ്റത്തെ സ്വാതന്ത്ര്യം അനുഭവിക്കുന്നയാളാണ് ഞാൻ.'

ഇതൊക്കെ കേട്ടുകൊണ്ടിരുന്ന മറ്റൊരാൾ,

"ജീവിതത്തിൽ ഇപ്പോൾത്തന്നെ അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തെയല്ലേ ഗീതയിലും മറ്റും മോക്ഷമെന്നു വിളിക്കുന്നത്?'

"അല്ല, ആ മോക്ഷം വേറെ.'

"ആട്ടെ ഗീത പഠിച്ചിട്ടുണ്ടോ?'

"ഇല്ല. ചില വരികളറിയാം. അതു മതിയല്ലോ അതിന്റെ സ്വഭാവം മനസിലാക്കാൻ. ഞാനതു പഠിക്കില്ല.'

ഇതേയാളിന്റെ വീട്ടിൽ ഒരാളെത്തി. ഒരു മരണവാർത്തയറിയിക്കാനാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു,

"ഒരു നിമിഷം നിൽക്കണേ. മരിച്ചയാൾ പുനർജനിച്ചിട്ടുണ്ടോ എന്ന് ഇപ്പോൾ ഞാൻ പറഞ്ഞു തരാം!'

ഉടനെ അകത്തുപോയി അല്പം കഴിഞ്ഞിട്ടു വന്നു പറഞ്ഞു, "വിഷമിക്കേണ്ട. പുനർജന്മമെടുത്തു കഴിഞ്ഞു! '

ഇവിടെ ആര് ആരെയാണ് വഴിതെറ്റിക്കുന്നതെന്നറിയുന്നില്ല!

ഇങ്ങനെയുള്ള സമ്പ്രദായങ്ങളുടെ പിന്നാലെ പോകുന്നതിനുപകരം, ഈ പ്രപഞ്ചത്തിന്റെ വളരെ ചെറുതും ക്ഷണികവുമായ ഒരംശമായി സ്വയം കണ്ടുകൊണ്ട്, ആ പ്രകൃതിയോടൊട്ടി ജീവിച്ച് സമാധാനം കണ്ടെത്തുന്നതല്ലേ നല്ലത്?

## ചോദിച്ചു വാങ്ങിയ നാണക്കേട്

സംഘർഷഭരിതമായ നിരവധി സംഭവ പരമ്പരകൾക്കൊടുവിൽ ശബരിമലക്ഷേത്രം മണ്ഡല - മകരവിളക്ക് തീർത്ഥാടനം പൂർത്തിയായി ഇന്ന് അടയ്ക്കുകയാണ്. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇക്കുറി ശബരിമലയും പരിസരങ്ങളും സംഘർഷഭൂവായി മാറുന്നത്. ഏത് പ്രായത്തിൽപ്പെട്ട സ്ത്രീകൾക്കും സന്നിധാനത്തെത്തി ദർശനമാകാമെന്ന സുപ്രീംകോടതി വിധി ഇക്കഴിഞ്ഞ സെപ്തംബർ 28ന് പുറത്തുവന്നത് മുതൽ അതേച്ചൊല്ലി സംസ്ഥാനത്തുടനീളം പ്രതിഷേധം നടക്കുകയായിരുന്നു. ഇനിയും അതിന്റെ കനലുകൾ കെട്ടടങ്ങിയിട്ടില്ല. അതിസാഹസികമായി ഇതിനിടെ ഏതാനും യുവതികൾ പൊലീസ് സംരക്ഷണയിൽ സന്നിധാനത്തെത്തി ദർശനം നടത്തുകയുണ്ടായി. അതിന് അവർ നേരിടേണ്ടിവന്ന എതിർപ്പുകൾ പറഞ്ഞറിയിക്കാൻ വയ്യ. പൊലീസ് സുരക്ഷയോടെയാണ് ഇപ്പോഴും കഴിയുന്നത്. പുറത്തിറങ്ങി നിർഭയം സഞ്ചരിക്കാൻപോലുമാകാത്ത വിധം അവർ ഒറ്റപ്പെട്ട നിലയിൽ കഴിയേണ്ടിവരുന്നു. ആചാരസംരക്ഷണ സമിതിക്കാർ സദാ അവരുടെ പിന്നാലെത്തന്നെയുള്ളതിനാൽ സ്വാതന്ത്ര്യംതന്നെ നഷ്ടപ്പെട്ട അവസ്ഥയിലാണവർ.

മകരവിളക്കു തീർത്ഥാടനം സമാപിച്ച് നട അടയ്ക്കുന്നതോടെ തത്കാലം ബഹളവും വിവാദങ്ങളും അടങ്ങുമെന്ന് കരുതിയിരിക്കുമ്പോഴാണ് സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ കഴിഞ്ഞദിവസം സമർപ്പിച്ച പുതിയൊരു സത്യവാങ്മൂലം പുതിയ വിവാദങ്ങൾക്ക് വഴിമരുന്നിട്ടിരിക്കുന്നത്. യുവതീ പ്രവേശന വിധിക്കുശേഷം 51 യുവതികൾ ശബരിമലയിലെത്തി ദർശനം നടത്തിയിട്ടുണ്ടെന്നാണ് ഈ സത്യവാങ്മൂലത്തിൽ സർക്കാർ അവകാശപ്പെട്ടത്. ഈ 51 പേരുടെ പേരും വയസും വിലാസവുമൊക്കെ ഉൾപ്പെട്ടതാണ് പട്ടിക. ആവശ്യപ്പെട്ടതനുസരിച്ചാണോ ഈ പട്ടികയുമായി സർക്കാർ കോടതിയിലെത്തിയതെന്ന് നിശ്ചയമില്ല. അത്തരത്തിലൊരു സൂചന ആരുടെ ഭാഗത്തുനിന്നും വന്നിട്ടുമില്ല. പൊലീസിന്റെ ഒത്താശയോടും സംരക്ഷണയിലും നേരത്തെ സൂത്രത്തിൽ ശബരിമല ദർശനം നടത്തിയ രണ്ട് യുവതികൾ സംരക്ഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജികൾ പരമോന്നത കോടതി പരിഗണിക്കവെയാണ് സർക്കാർ നെടുങ്കൻ പട്ടികയുമായി എത്തിയത്. വിധി പാലിക്കപ്പെട്ടുവെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാകാം ഇത്. അതേസമയം കോടതിയിൽ ഹാജരാക്കപ്പെടുന്നരേഖയിലെ വിവരങ്ങളുടെ കൃത്യതയും വാസ്തവികതയും സംബന്ധിച്ച് വ്യക്തമായ ഉറപ്പുവരുത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗുരുതരമായ പിഴവു വരുത്തിയെന്നാണ് മനസിലാക്കേണ്ടത്. പട്ടികയിൽ പറയുന്ന 'യുവതി'കളിൽ ചിലർ അൻപതുകഴിഞ്ഞവരാണെന്നും രണ്ടുപേർ പുരുഷന്മാരാണെന്നുമുള്ള വിവരങ്ങൾ പുറത്തുവന്നിട്ടുണ്ട്. വെർച്വൽ ക്യൂ സംവിധാനം വഴി ദർശനം നടത്തിയവരുടെ പട്ടികയാണിതെന്നും തങ്ങൾക്ക് ഇതേപ്പറ്റി ഒന്നും അറിഞ്ഞുകൂടെന്നുമാണ് ദേവസ്വം അധികൃതർ പറയുന്നത്. വെർച്വൽ ക്യൂ സംവിധാനത്തിന്റെ ചുമതലയുള്ള പൊലീസിന്റെ ഭാഗത്താണ് വീഴ്ച പറ്റിയിട്ടുള്ളതത്രെ. പൊലീസാകട്ടെ പഴി വെർച്വൽ ക്യൂ സംവിധാനത്തിനുള്ള സോഫ്ട്‌വെയർ നിർമ്മിച്ചു നൽകിയ ടെക്നോപാർക്കിലെ കമ്പനിയെയാണ് കുറ്റപ്പെടുത്തുന്നത്. രജിസ്ട്രേഷൻ സമയത്ത് അപേക്ഷകർ നൽകിയ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് പറഞ്ഞ് കൈകഴുകാനും പൊലീസിന്റെ തലപ്പത്തുള്ളവർ ശ്രമിക്കുന്നു. എന്തായാലും ശബരിമല വിഷയത്തിൽ സർക്കാരിനെ ഒരിക്കൽക്കൂടി നാണംകെടുത്തിയ പ്രവൃത്തിയായിപ്പോയി ഇതെന്ന് പറയാതെ വയ്യ. സംസ്ഥാനത്തെ ആപാദചൂഡം ഇളക്കിമറിച്ചുകൊണ്ടിരിക്കുന്ന ഒരുവിവാദപ്രശ്നവുമായി ബന്ധപ്പെട്ട് പരമോന്നത കോടതിയിൽ സമർപ്പിക്കുന്ന ഏത് രേഖയും നൂറുശതമാനവും കുറ്റമറ്റതായിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ല. അതിന്റെ ആധികാരികതയും കൃത്യതയും പലവട്ടം പരിശോധിച്ച് ഉറപ്പാക്കുകയും വേണം. വെർച്വൽ ക്യൂ സംവിധാനം ഉപയോഗിക്കുന്നവർ സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് നിജസ്ഥിതി ഉറപ്പാക്കാൻ ഇന്നത്തെ കാലത്ത് പ്രയാസമൊന്നുമില്ല. അതിനുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയാൽ മതി. ഇക്കാര്യത്തിൽ അലംഭാവമോ അനവധാനതയോ ഉണ്ടായി എന്നാണ് പട്ടികയിൽ കടന്നുകൂടിയ പിഴവുകൾ ശ്രദ്ധിച്ചാൽ മനസിലാവുക. അറുപതുകാരി നാല്പത്തഞ്ചുകാരിയായതും അൻപത്തിരണ്ടുകാരി നാല്പത്തിമൂന്നുകാരിയായതും അങ്ങനെയാണ്. അതുപോലെ പേരിലെ സ്ത്രീനാമ സൂചനയാൽ പുരുഷന്മാരെ സ്ത്രീഗണത്തിൽപ്പെടുത്തിയ വങ്കത്തവും കൂട്ടത്തിലുണ്ടായി. ഈ ഘട്ടത്തിൽ കോടതി ആവശ്യപ്പെടാതെ പട്ടികയുമായി ചെല്ലേണ്ട കാര്യവും ഉണ്ടായിരുന്നില്ല. പട്ടിക കോടതി സ്വീകരിച്ചതുമില്ല. ഉചിതസമയത്ത് അത് പരിശോധിച്ചുകൊള്ളാമെന്നായിരുന്നു കോടതിയുടെ നിലപാട്. ശബരിമല വിഷയത്തിൽ സർക്കാരിനെ അടിക്കാൻ എതിർചേരിയിലുള്ളവർക്ക് നല്ലൊരു വടികൂടിയായി ഈ പട്ടിക. പ്രായഭേദമെന്യേ സ്ത്രീ പ്രവേശനമാകാം എന്ന വിധിക്കെതിരെ സമർപ്പിക്കപ്പെട്ടിട്ടുള്ള പുന:പരിശോധന ഹർജികൾ കോടതിയുടെ മുമ്പിലുണ്ട്. ജനുവരി 22ന് അത് പരിഗണിക്കുമെന്നാണ് നേരത്തെ കേട്ടിരുന്നത്. എന്നാൽ വിധി പുറപ്പെടുവിച്ച അഞ്ചംഗ ഭരണഘടനാ ബെഞ്ചിൽ ഉൾപ്പെട്ട ജസ്റ്റിസ് ഇന്ദുമൽഹോത്ര അവധിയിലായതിനാൽ പരിഗണന നീണ്ടുപോകും. അതുവരെ ക്ഷമാപൂർവം എല്ലാവരും കാത്തിരിക്കുകയേ വഴിയുള്ളൂ. ഇന്ന് നട അടയ്ക്കുന്നതോടെ എല്ലാവരും മലയിറങ്ങുന്ന സാഹചര്യത്തിൽ തീർത്ഥാടകരെ മുൾമുനയിൽ നിറുത്തിക്കൊണ്ടിരുന്ന സംഘർഷസ്ഥിതിക്ക് അയവുണ്ടാകുമെന്ന് കരുതാം. കുംഭം ഒന്നിന് മാസപൂജയ്ക്കായി വീണ്ടും നട തുറക്കുമ്പോൾ സ്ഥിതി എന്താകുമെന്ന് നിശ്ചയമില്ല.

> ശബരിമല വിഷയത്തിൽ സർക്കാരിനെ ഒരിക്കൽ കൂടി നാണംകെടുത്തിയ പ്രവൃത്തിയായിപ്പോയി ഇതെന്ന് പറയാതെ വയ്യ. സംസ്ഥാനത്തെ ആപാദ ചൂഡം ഇളക്കിമറിച്ചുകൊണ്ടിരിക്കുന്ന ഒരുവിവാദ പ്രശ്നവുമായി ബന്ധപ്പെട്ട് പരമോന്നത കോടതിയിൽ സമർപ്പിക്കുന്ന ഏത് രേഖയും നൂറുശതമാനവും കുറ്റമറ്റതായിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ല.

# ശബരിമല
# ലക്ഷ്യം ആചാര സംരക്ഷണം



പി.എൻ. നാരായണവർമ്മ

ശബരിമലയിലെ മണ്ഡല - മകരവിളക്ക് തീർത്ഥാടനകാലം ഇന്നലെ മാളികപ്പുറത്ത് നടന്ന ഗുരുതിയോടെ സമാപിച്ചിരിക്കുകയാണ്. ഈ തീർത്ഥാടനകാലം ആചാരങ്ങൾ സംരക്ഷിക്കപ്പെടാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങൾക്കെല്ലാം മനോവിഷമവും ദുഃഖവും ഉണ്ടാക്കുന്നതായിരുന്നു. നാമജപത്തിലൂടെ ഭക്തർ ഈ വിഷയത്തിൽ ആശ്വാസം കണ്ടെത്തിയിരിക്കുകയാണ്. നാമജപത്തിന്റെ ശക്തി തങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കുമെന്ന് അവർ വിശ്വസിക്കുന്നു. ഭഗവാന്റെ പിതൃസ്ഥാനീയരായ പന്തളം കൊട്ടാരത്തിന്റെ താത്പര്യം ആചാരങ്ങളും ക്ഷേത്രനിയമങ്ങളും പരിപാലിക്കപ്പെടണമെന്നാണ്. വരുംനാളുകളിൽ അതിന് അനുകൂലമായ സാഹചര്യമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശബരിമലയിലെ യുവതീപ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ സുപ്രീംകോടതിയിൽ നൽകിയിരിക്കുന്ന കണക്കുകളാണ് പുതിയ ചർച്ചാ വിഷയം. രണ്ട് മാസം കേരളത്തിലെ മാദ്ധ്യമങ്ങൾ കണ്ണിലെണ്ണയൊഴിച്ച് കാത്തിരുന്നതാണ് യുവതീപ്രവേശനത്തിന്റെ ഓരോ ഘട്ടവും. എത്ര യുവതികൾ ശബരിമല ദർശനം നടത്തി എന്നത് മാദ്ധ്യമങ്ങൾക്ക് ഉൾപ്പടെ ബോദ്ധ്യപ്പെട്ടതുമാണ്. ആ സാഹചര്യത്തിൽ സുപ്രീം കോടതിയിൽ സർക്കാർ കൊടുത്ത ഈ കണക്കുകൾ എത്രത്തോളം സത്യസന്ധമാണെന്നത് ഉറപ്പാക്കാനായിട്ടില്ല. തെറ്റായ വിവരം നൽകാനുള്ള സാഹചര്യത്തെക്കുറിച്ച് സർക്കാർ തന്നെ അന്വേഷണം തുടങ്ങിക്കഴിഞ്ഞു എന്നാണ് മനസിലാക്കുന്നത്. മാത്രമല്ല, കോടതിയിൽ നിലവിലിരിക്കുന്ന റിവ്യൂ പെറ്റീഷൻ ദുർബലപ്പെടുത്താൻ വേണ്ടിയിട്ടുള്ള ഒരു നീക്കമായി മാത്രമേ ഇതിനെ കാണാൻ സാധിക്കൂ. വാസ്തവ വിരുദ്ധമായ ഇത്തരം കള്ളസത്യവാങ്മൂലങ്ങൾ കോടതിയിൽ കൊടുത്താൽ അതിന് നിയമപരമായി തിരിച്ചടി ഉണ്ടാകാവുന്നതാണ്.

താന്ത്രികപരമായി തന്ത്രി ചെയ്ത ശുദ്ധീകരണക്രിയകളിൽ കോടതി ഇടപെട്ടിട്ടില്ല. അങ്ങനെയുള്ള അപേക്ഷകൾ കോടതി പരിഗണിക്കാത്തത് തികച്ചും സ്വാഗതാർഹമാണ്. താന്ത്രികപരമായ കാര്യങ്ങളിൽ ക്ഷേത്രം തന്ത്രിക്കുള്ള അധികാരങ്ങൾ സുപ്രീംകോടതി തന്നെ പല വിധിന്യായങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതാണ്. ഇനി കേസ് കോടതി പരിഗണിക്കുന്ന വേളയിൽ ഇക്കാര്യങ്ങളിലെല്ലാം വിശദമായ വാദം ഉണ്ടാകും എന്ന് കരുതുന്നു.

കൊട്ടാരവും കേസിൽ കക്ഷിയാണ്. അതിനാൽ കേസ് സംബന്ധിച്ച കാര്യങ്ങളിൽ കൊട്ടാരം അഭിപ്രായം രേഖപ്പെടുത്തുന്നില്ല. എന്നാൽ ആചാരപരമായ കാര്യങ്ങളിൽ കോടതിയിൽ നിന്ന് അനുകൂലമായ തീരുമാനം ഉണ്ടാകുമെന്നാണ് കൊട്ടാരത്തിന്റെ പ്രതീക്ഷ. തിരുവാഭരണങ്ങൾ ശബരിമലയിൽ നിന്ന് തിരിച്ചെത്തിയതിനു ശേഷം പന്തളം കൊട്ടാരം വലിയ തമ്പുരാന്റെ നിർദേശപ്രകാരം കൊട്ടാരം ഭരണസമിതി ഇതുസംബന്ധിച്ച ഭാവികാര്യങ്ങളിൽ വിശദവും യുക്തവുമായ തീരുമാനങ്ങൾ കൈക്കൊള്ളും.

കർമ്മസമിതിയുമായി പൂർണമായി സഹകരിക്കുന്നുണ്ട്. കൊട്ടാരവുമായി ചർച്ച ചെയ്തിട്ടാണ് അവർ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ആചാരം സംരക്ഷിക്കുന്നതിന് അനുകൂലമായ വിധിയാണ് കോടതിയിൽ നിന്നും പ്രതീക്ഷിക്കുന്നത്. പ്രതികൂലമായ ഒരു വിധിയെക്കുറിച്ച് ഇപ്പോൾ ഞങ്ങൾ ചിന്തിക്കുന്നില്ല. ഇനി വരാനുള്ള കോടതി തീരുമാനങ്ങളിൽ ഭഗവാന്റെ അനുഗ്രഹം പ്രതീക്ഷിക്കുന്നു.



*(ലേഖകൻ പന്തളം കൊട്ടാരം നിർവാഹകസംഘം സെക്രട്ടറിയാണ്.)*

# നവോത്ഥാന എന്റർടെയ്നറും പൊലീസ് ഡപ്പാംകൂത്തും

## വാരവിശേഷം
ദ്രോണർ

ഈ നവോത്ഥാനം എപ്പോളാണ് എങ്ങനെയാണ് പൊട്ടിപ്പുറപ്പെടുക എന്ന് ഒട്ടും പ്രതീക്ഷിക്കാനാവില്ല. ചിലപ്പോൾ ആകാശത്ത് നിന്ന് 'ഠോ' എന്ന ശബ്ദത്തോടെ നവോത്ഥാനം പറന്നിറങ്ങിയേക്കാം. ഉൽക്ക വീഴ്ചയാണെന്ന് അപ്പോളാരും തെറ്റിദ്ധരിക്കേണ്ടതില്ല. സുവർണാവസരം ശ്രീധരൻ പിള്ളച്ചേട്ടന് ആ വരവ് കണ്ട് ഞെട്ടലുണ്ടാവാറില്ല. കൊക്കെത്ര കുളം കണ്ടതാ എന്ന മട്ടിലദ്ദേഹം കൈയുംകെട്ടി നിൽക്കുകയേ ഉള്ളൂ. അദ്ദേഹം സദാപി ഒറ്റും കെണിയും വച്ച്, (പറന്നിറങ്ങുന്ന നവോത്ഥാനത്തെ കൈയോടെ പിടികൂടാൻ), കാത്തിരിക്കുന്ന ദേഹിയാണ്. അതുകൊണ്ടുതന്നെ പറന്നിറങ്ങാൻ വെമ്പും നേരം നവോത്ഥാനം പോലും ഒട്ടൊന്ന് ശങ്കിച്ച് നിൽക്കും, പിള്ളച്ചേട്ടനുണ്ടോ ആ വഴിയിലെങ്ങാനും എന്ന് നോക്കിയിട്ടേ അത് പറന്നിറങ്ങാറുള്ളൂ.

നവോത്ഥാനം വന്നിറങ്ങുന്നതിന്റെ ലക്ഷണം പ്രകടമാകുന്നത് ശബരിമലയിലേക്ക് തൊട്ടുപിന്നാലെ 50 വയസെത്താത്ത പെണ്ണുങ്ങൾ നടന്നു വരുമ്പോഴാണത്രെ. അല്ലാതെ നവോത്ഥാനത്തിന് പിന്നാലെ പേമാരിയോ കൊടുംശൈത്യമോ ഭൂമികുലുക്കമോ സംഭവിക്കാറില്ല. അങ്ങനെ പെണ്ണുങ്ങളെ കാണുന്ന മാത്രയിൽ സുവർണാവസരം പിള്ളച്ചേട്ടന്റെ അകക്കാമ്പ് ഒന്ന് പിടയ്ക്കും. ആ പിടയ്ക്കലിനിടയിലാണ് ശബരിമലയിൽ 'കൊടുത്തു ഞാനവനെനിക്കിട്ട് രണ്ട് ' എന്ന മട്ടിൽ നവോത്ഥാനവുമായുള്ള പിള്ളച്ചേട്ടന്റെ സംഘത്തിന്റെയും പരിവാരത്തിന്റെയും മല്ലയുദ്ധം! ആ യുദ്ധത്തിൽ അംഗഭംഗം, മാനഹാനി എന്നിത്യാദി ശകുനങ്ങൾ സംഭവിക്കാറ് പതിവാണ്.

പിണറായി സഖാവിന്റെ വേഷപ്പകർച്ചയാണ് നവോത്ഥാനം എന്ന് വല്ലാതെ തെറ്റിദ്ധരിച്ചു പോയവരുണ്ട്. പിണറായി സഖാവിന്റെ ചങ്ക് ബ്രോ ബെഹ്റപ്പൊലീസിന്റെ ഡപ്പാംകൂത്താണെന്ന് തെറ്റിദ്ധരിച്ചവരും കുറവല്ല. സത്യസന്ധമായി പറയട്ടെ, ഇത്തരം തെറ്റിദ്ധാരണയിൽ അകപ്പെട്ടുപോയവരുടെ കൂട്ടത്തിൽ ശ്രീധരൻപിള്ളച്ചേട്ടനില്ല. ഒരു തരത്തിലുള്ള തെറ്റിദ്ധാരണയിലും വീണുപോകുന്ന പ്രകൃതക്കാരനല്ല സുവർണാവസരം പിള്ളച്ചേട്ടൻ.

അങ്ങനെയിരിക്കെ, അങ്ങേയറ്റം ജാഗ്രത്തായി നിൽക്കുന്ന പിള്ളച്ചേട്ടനെ പോലും കബളിപ്പിച്ച് അമ്പത്തിയൊന്ന് യുവതികൾ ശബരിമല കയറിപ്പോയി എന്നിപ്പോൾ പിണറായി സഖാവിന്റെ സ്വന്തം ബെഹ്റപ്പൊലീസ് സുപ്രീംകോടതിയിൽ ബോധിപ്പിച്ചിരിക്കുന്നു. ഇതുകേട്ട് ആദ്യം ഞെട്ടിത്തരിച്ചതും ബോധം കെട്ടതും ഹജൂർകച്ചേരിനടയിൽ ഉണ്ണാവ്രതം കിടക്കുന്ന സാക്ഷാൽ കൃഷ്ണദാസ്ജിയും രമ ടീച്ചറുമായിരുന്നു. ബോധം തിരിച്ചുകിട്ടിയത്, ബെഹ്റപ്പൊലീസിന്റെ നവോത്ഥാന എന്റർടെയ്നർ ആയിരുന്നുവെന്ന് തിരിച്ചറിഞ്ഞ മാത്രയിലായിരുന്നു.

അമ്പത്തൊന്നല്ല, പതിനാറായിരത്തെട്ട് യുവതികൾ ശബരിമലയിൽ കേറിപ്പോയാലും നമുക്കതൊരു വിഷയമല്ലെന്ന് സുപ്രീംകോടതി പറഞ്ഞത് നന്നായി. അല്ലായിരുന്നെങ്കിൽ എന്തായേനെ കഥ!

സുപ്രീംകോടതി ഈ അമ്പത്തൊന്ന് യുവതികളുടെ ജാതകവും നക്ഷത്രവും ചികയാൻ പോയിരുന്നെങ്കിൽ ബെഹ്റപ്പൊലീസിന്റെ ഗതി മറ്റെന്തെങ്കിലുമായിത്തീരുമായിരുന്നുവെന്നാണ് ഇപ്പോൾ നവോത്ഥാനനാട്ടിൽ പലരും അടക്കം പറയുന്നത്. ഈ അമ്പത്തൊന്നിന്റെ പട്ടികയിൽ പെട്ട പരംജ്യോതി തമിഴ്നാട്ടിലെ വീട്ടിലിരുന്ന് കണ്ണാടി തല്ലിപ്പൊട്ടിക്കുകയാണത്രെ. ബെഹ്റപ്പൊലീസ് യുവതീപട്ടം നൽകി ആദരിച്ചിട്ടും ഈ കണ്ണാടി മാത്രമെന്തേ തന്നെ പുരുഷന്റെ രൂപത്തിൽ കാണിക്കുന്നത് എന്ന് ചോദിച്ചാണ് തല്ലിപ്പൊളിക്കൽ. അമ്പത്തൊന്നിൽ പെട്ട മറ്റ് ചിലരുടെ ജാതകം കണ്ടെത്താൻ സി.ബി.ഐ സേതുരാമയ്യരെ ചുമതലപ്പെടുത്തിയെന്നാണ് കേൾവി.


ഇനി ജാതകം കണ്ടെത്തിയാലും അതിലൊരു നവോത്ഥാനത്തിന്റെ കുറവ് പാടില്ലെന്ന് ബെഹ്റപ്പൊലീസിനോട് പിണറായി സഖാവ് ചട്ടം കെട്ടിയിട്ടുണ്ട്. അതുകൊണ്ട് ഇനിയും ഇതുപോലുള്ള എന്റർടെയ്ൻമെന്റുകൾ പലതും സംഭവിച്ചാൽ ആരും അദ്ഭുതപ്പെടേണ്ടതില്ല.

■

വിപ്ലവവും സോഷ്യലിസവും സമാസമം അരച്ചുകലക്കി നാല് നേരം സേവിച്ച് കഴിയുന്ന സാക്ഷാൽ പ്രേമചന്ദ്രൻസഖാവിനെ കണ്ടാൽ കൊല്ലം ബൈപ്പാസിനെ ഇളക്കിമറിക്കാൻ കെല്പുള്ള ദേഹിയാണെന്ന് പറയുകയേയില്ല. ആ ദേഹത്തിലൊരു രാഭണൻ ഉറങ്ങിക്കിടപ്പുണ്ടെന്ന് മണത്തറിഞ്ഞിരുന്നെങ്കിൽ കവിമന്ത്രി ജി.സു.സഖാവ് പോലും എന്തെങ്കിലുമൊരു മുൻകരുതൽ കൈക്കൊള്ളുമായിരുന്നു. ഈ രാഭണനെ സൂക്ഷിക്കണം എന്നാണിപ്പോൾ ജി.സു.സഖാവ് കൊല്ലം കടാപ്പുറത്ത് പാടിപ്പാടി നടക്കുന്നത്.

മണ്ണും ചാരി നിന്ന ന.മോ.ജി വന്ന് കൊല്ലം ബൈപ്പാസിനെയും കൊണ്ടു കടന്നുകളയുമെന്നത് ജി.സു.സഖാവിന് ചിന്തിക്കാൻ പോലും കഴിയുന്ന സംഗതിയല്ല. പക്ഷേ, ന.മോ.ജിയല്ലേ ആള്. ആള് ജപ്പാനാണെന്ന് പ്രത്യേകിച്ചാരും പറഞ്ഞുകൊടുക്കേണ്ടതില്ല.

ന.മോ.ജി മാരീചവേഷത്തിലെത്തി പണി പറ്റിച്ചത് ജി.സു.മന്ത്രിക്ക് ഒട്ടുമേ പിടികിട്ടാത്ത സംഗതിയായിപ്പോയത് അതുകൊണ്ടായിരുന്നു. അതേക്കുറിച്ച് ജി.സു.മന്ത്രി ഗാഢമായി ചിന്തിക്കവേയാണ് കൊല്ലം ബൈപ്പാസിനെ ഡൽഹി കടത്തിവിട്ട യഥാർത്ഥ രാഭണൻ പ്രേമചന്ദ്രൻസഖാവാണെന്ന ഉൾവിളിയുണ്ടായത്. അതേ നേരത്ത് തന്നെ പിണറായി സഖാവിലും ഉൾവിളിയുണ്ടായി. കൊല്ലം കണ്ടവന് ഇല്ലം വേണ്ട എന്ന് ന.മോ.ജി കൊല്ലം ബൈപ്പാസ് ഉദ്ഘാടനം ചെയ്ത് പറഞ്ഞത് പ്രേമചന്ദ്രൻസഖാവിനെ ഉദ്ദേശിച്ച് മാത്രമാണെന്നാണ് ഇരുവരും സംശയിക്കുന്നത്. പിണറായി സഖാവിന്റെ ജനകീയജനാധിപത്യ വിപ്ലവം പ്രേമചന്ദ്രൻസഖാവിന്റെ വിപ്ലവസോഷ്യലിസത്തിൽ തട്ടി തകരാനൊന്നും ഇടയില്ലെങ്കിലും കൊല്ലം കണ്ട പ്രേമചന്ദ്രൻ സഖാവിനെ ഇല്ലത്തേക്ക് കടത്തിവിടാൻ വല്ല കോപ്പുമുണ്ടോയെന്ന് ഗാഢമായി ചിന്തിക്കുകയാണിപ്പോൾ പി.സഖാവും കൂട്ടരുമെന്നാണറിയുന്നത്.




ഇ-മെയിൽ: dronar.keralakaumudi@gmail.com



## ആലപ്പാട്ടെ സർക്കാർ സമീപനം നിഷേധാത്മകം: സുധീരൻ

തിരുവനന്തപുരം: കരിമണൽ ഖനനം ഭീഷണിയാകുന്ന ആലപ്പാട് തീരദേശത്തെ രക്ഷിക്കണമെന്ന ആവശ്യവുമായി ജനങ്ങൾ നടത്തുന്ന സമരത്തോടുള്ള സർക്കാർ സമീപനം നിഷേധാത്മകവും യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാത്തതുമാണെന്ന് ആരോപിച്ച് മുഖ്യമന്ത്രിക്ക് വി.എം. സുധീരന്റെ കത്ത്. ഖനനം ഉടൻ നിറുത്തിവയ്ക്കണമെന്ന ആവശ്യവുമായി മന്ത്രിമാരായ ഇ.പി. ജയരാജൻ, എ.കെ.ബാലൻ എന്നിവർക്കും സുധീരൻ കത്തയച്ചിട്ടുണ്ട്.

www.keralakaumudi.com www.facebook.com/keralakaumudi

## തിരഞ്ഞെടുപ്പ്: സ്ഥലം മാറ്റങ്ങൾക്ക് നിർദ്ദേശം നൽകി

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ ആരംഭിച്ചു. തിരഞ്ഞെടുപ്പ് ജോലികളുമായി ബന്ധപ്പെട്ട സ്ഥലമാറ്റങ്ങൾ ഫെബ്രുവരി 28ന് മുൻപായി നടപ്പാക്കാൻ കമ്മിഷൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകി. മാർച്ച് ആദ്യവാരം തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചേക്കും.

സ്വന്തം ജില്ലയിൽ ജോലി ചെയ്യുന്നവരും മൂന്നു വർഷത്തിൽ കൂടുതൽ ഒരു സ്ഥലത്ത് തുടരുന്നവരുമായ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, എ.ഡി.എമ്മുമാർ, ഡെപ്യൂട്ടി കളക്ടർമാർ, ബി.ഡി.ഒമാർ, പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവരെ സ്ഥലം മാറ്റി മാർച്ച് ആദ്യവാരം തിരഞ്ഞെടുപ്പ് കമ്മിഷന് റിപ്പോർട്ട് നൽകണം.

സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിക്കാനുള്ള സൗകര്യം നോക്കിയാണ് എത്ര ഘട്ടങ്ങളായി തിരഞ്ഞെടുപ്പ് നടത്തണമെന്ന് തീരുമാനിക്കുക. നരേന്ദ്രമോദി സർക്കാരിന്റെ കാലാവധി അവസാനിക്കുന്ന ജൂൺ മൂന്നിന് മുൻപ് തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കണം. 2014ൽ ഏപ്രിൽ 7 മുതൽ മെയ് 12വരെ 9 ഘട്ടങ്ങളായാണ് തിരഞ്ഞെടുപ്പ് നടന്നത്. മാർച്ച് നാലിനായിരുന്നു അന്ന് തിരഞ്ഞെടുപ്പ് പ്രഖ്യാപനം.

## യുവതികൾ സുപ്രീം കോടതിയിൽ പോയത് സർക്കാർ ഒത്താശയിൽ: ശ്രീധരൻ പിള്ള

തിരുവനന്തപുരം: ശബരിമലയിൽ ആചാര ലംഘനം നടത്തിയ കനകദുർഗ്ഗയും ബിന്ദുവും സുപ്രീം കോടതിയിൽ പോയത് സർക്കാർ ഒത്താശയോടെയാണെന്നും ഇതിന് പിന്നിൽ പുനഃപരിശോധനാ ഹർജി അട്ടിമറിക്കാനുള്ള ഗൂഢാലോചനയുണ്ടെന്നും ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള ആരോപിച്ചു.

സർക്കാരിന്റെ സംരക്ഷണയിൽ കഴിയുന്ന ഇവർ സംരക്ഷണം തേടി സുപ്രീംകോടതിയിൽ പോയതിൽ ദുരൂഹതയുണ്ട്. ശബരിമല പ്രശ്നത്തിന്റെ പേരിൽ പൊലീസിനെയും ക്രിമിനൽ നിയമത്തെയും വ്യാപകമായി ദുരുപയോഗം ചെയ്യുന്ന സർക്കാർ നിലപാടിനെതിരെ ഗവർണറെ കണ്ട് നിവേദനം നൽകിയതായി ശ്രീധരൻപിള്ള പറഞ്ഞു. സെക്രട്ടേറിയറ്റിന് മുന്നിലെ സമരം അവസാനിപ്പിക്കുന്ന കാര്യം എൻ.ഡി.എ യോഗത്തിൽ തീരുമാനിക്കും.

## ശബരിമലയിൽ കൂടുതൽ യുവതികൾ കയറി: മന്ത്രി ജയരാജൻ

കണ്ണൂർ: ശബരിമലയിൽ 51 യുവതികളല്ല അതിലും കൂടുതൽ പേർ ദർശനം നടത്തിയെന്ന് വ്യവസായ മന്ത്രി ഇ.പി. ജയരാജൻ കണ്ണൂരിൽ വാർത്താലേഖകരോട് പറഞ്ഞു. സർക്കാരിന്റെ കൈവശമുള്ള രേഖകൾ വച്ചാണ് സുപ്രീംകോടതിയിൽ 51 യുവതികൾ കയറിയെന്ന് അറിയിച്ചത്. അതിൽ കൂടുതൽ ഭക്തർ ദർശനം നടത്തിയെന്നുള്ളതാണ് വസ്തുത. സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ വിധി നിലനിൽക്കുന്നിടത്തോളം ശബരിമലയിൽ പോകാൻ ഏത് പ്രായത്തിലുമുള്ള സ്ത്രീകൾക്കും അവകാശമില്ലേയെന്നും അത് ആർക്കെങ്കിലും തടയാൻ കഴിയുമോ എന്നും ജയരാജൻ ചോദിച്ചു.

## ബി.ജെ.പിയുടെ ഉപവാസം ഇന്ന് അവസാനിക്കും

തിരുവനന്തപുരം: ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിവന്ന ഉപവാസം ഇന്ന് രാവിലെ 10.30 അവസാനിപ്പിക്കുമെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ് ശ്രീധരൻപിള്ള സമരപ്പന്തലിൽ മാദ്ധ്യമങ്ങളോട് പറഞ്ഞു. ശബരിമലയിൽ രാഷ്ട്രീയ നീക്കത്തിനാണ് സർക്കാർ മുതിർന്നതെന്ന് ശ്രീധരൻപിള്ളയ്ക്കൊപ്പം മാദ്ധ്യമങ്ങളെ കണ്ട ബി.ഡി.ജെ.എസ് അഖിലേന്ത്യ അദ്ധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളി പറഞ്ഞു. സാമുദായിക സ്പർദ്ധ വളർത്താനാണ് സി.പി.എമ്മും യു.ഡി.എഫും ശ്രമിച്ചത്. ഹിന്ദുവോട്ട് വേർതിരിച്ച് ന്യൂനപക്ഷവോട്ടിന് വേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നതെന്നും തുഷാർ വെള്ളാപ്പള്ളി പറഞ്ഞു.

## സാമ്പത്തിക സംവരണം പുനഃപരിശോധിക്കണം: സാംബവർ സൊസൈറ്റി

കൊച്ചി: സാമ്പത്തിക സംവരണം പുനഃപരിശോധിക്കണമെന്ന് കേരള സാംബവർ സൊസൈറ്റി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. സാമൂഹിക ഘടനയിൽ ദൂരവ്യാപകമായ പ്രത്യാഘാതത്തിന് വഴിതെളിക്കുന്ന സാമ്പത്തിക സംവരണ പ്രഖ്യാപനത്തിനെതിരെ മാർച്ച് ഏഴിന് സെക്രട്ടേറിയറ്റിന് മുന്നിൽ തുല്യനീതി സംഗമം സംഘടിപ്പിക്കുമെന്ന് ജനറൽ സെക്രട്ടറി ഐ. ബാബു കുന്നത്തൂർ അറിയിച്ചു. ഫെബ്രുവരി 24ന് കാസർകോട്ടു നിന്നു തുല്യനീതി യാത്ര ആരംഭിക്കും.

# പതിനഞ്ചുകാരിയെ പീഡിപ്പിച്ചശേഷം കൊന്ന് കുഴിച്ചുമൂടി

- പ്രതിയായ ലോറി ഡ്രൈവർ അറസ്റ്റിൽ
- മൃതദേഹം വാഴത്തോട്ടത്തിൽ കുഴിച്ചിട്ടു



*പെൺകുട്ടിയുടെ മൃതദേഹം പൊലീസിന് കാണിച്ചുകൊടുത്ത് തിരികെ വരുമ്പോൾ നാട്ടുകാരുടെ രോഷത്തെത്തുടർന്ന് അമ്പരപ്പെട്ട് പിന്മാറുന്ന പ്രതി അജേഷ്* ഫോട്ടോ: സെബിൻ ജോർജ്

കോട്ടയം: പ്രണയം നടിച്ച് വശത്താക്കിയ പതിനഞ്ചുകാരിയെ കഴുത്തിൽ ഷാൾ മുറുക്കി അബോധാവസ്ഥയിലാക്കി പീഡിപ്പിച്ച ശേഷം കൊലപ്പെടുത്തി വാഴത്തോപ്പിൽ കുഴിച്ചിട്ട സംഭവത്തിൽ യുവാവ് അറസ്റ്റിൽ. അയർക്കുന്നം മാലം ചേലക്കുന്നേൽ അജേഷ് (31) ആണ് അറസ്റ്റിലായത്.

വ്യാഴാഴ്ച കാണാതായ അയർക്കുന്നം സ്വദേശിയായ പെൺകുട്ടിയുടെ മൃതദേഹം, പ്രതി ഡ്രൈവർ ആയി ജോലി ചെയ്തിരുന്ന ഹോളോബ്രിക്സ് സ്ഥാപനത്തോടു ചേർന്ന വാഴത്തോട്ടത്തിൽ കുഴിച്ചിട്ട നിലയിൽ ഇന്നലെ ഉച്ചയോടെയാണ് കണ്ടെത്തിയത്. സംശയം തോന്നി കസ്റ്റഡിയിലെടുത്ത ഇയാളെ ചോദ്യം ചെയ്യുന്നതിനിടെ കുറ്റം സമ്മതിക്കുകയും, മൃതദേഹം കുഴിച്ചിട്ട സ്ഥലം പൊലീസിന് കാണിച്ചു കൊടുക്കുകയുമായിരുന്നു. അയർക്കുന്നം ഒറവയ്ക്കൽ ചെന്നിക്കരയിലെ ഹോളോബ്രിക്സ് കമ്പനിയിലെ ലോറി ഡ്രൈവർ ആണ് പ്രതി അജേഷ്.

വ്യാഴാഴ്ച പകൽ പെൺകുട്ടിയെ മറ്റാരുമറിയാതെ വീട്ടിൽ നിന്ന് വിളിച്ചിറക്കിയ ശേഷം അനുനയിപ്പിച്ച് ലോറിയിൽ കയറ്റി താമസ സ്ഥലത്തേക്ക് കൊണ്ടുപോവുകയായിരുന്നുവെന്ന് പ്രതി മൊഴി നൽകി. മുറിയിൽ വച്ച് ബലം പ്രയോഗിച്ച് വിവസ്ത്രയാക്കാൻ ശ്രമിച്ചപ്പോൾ പെൺകുട്ടി എതിർത്തു. തുടർന്ന്, പെൺകുട്ടി ധരിച്ചിരുന്ന ചുരിദാറിന്റെ ഷാൾ കഴുത്തിൽ ചുറ്റി മുറുക്കി. ബോധരഹിതയായി വീണ പെൺകുട്ടിയെ ലൈംഗിക പീഡനത്തിന് ഇരയാക്കി.

പീഡനത്തിനു ശേഷം വീണ്ടും കഴുത്തിൽ ഷാൾ ചുറ്റിവരിഞ്ഞ് കൊലപ്പെടുത്തി. രാത്രിയിൽ മറ്റു മുറികളിലെ തൊഴിലാളികൾ എത്തുന്നതുവരെ മൃതദേഹം സ്വന്തം മുറിയിൽ ഒളിപ്പിച്ചു. എല്ലാവരും ഉറക്കമായപ്പോൾ മൃതദേഹം വലിച്ചിഴച്ച് വാഴത്തോട്ടത്തിലെത്തിച്ച് കുഴിച്ചുമൂടുകയായിരുന്നു എന്നും പ്രതി സമ്മതിച്ചു. പെൺകുട്ടിയെ ശ്വാസംമുട്ടിച്ച് കൊലപ്പെടുത്താൻ ഉപയോഗിച്ച ചുരിദാർ ഷാളും പെൺകുട്ടിയുടെ ചെരിപ്പും വാഴത്തോട്ടത്തിൽ നിന്നുതന്നെ പൊലീസ് കണ്ടെടുത്തു.

പതിനഞ്ചുകാരിയെ കഴിഞ്ഞ വ്യാഴാഴ്ച കാണാതായെന്ന് ബന്ധുക്കൾ പിറ്റേന്ന് പൊലീസിൽ പരാതി നൽകിയിരുന്നു. അന്വേഷണം തുടരുന്നതിനിടയിൽ പെൺകുട്ടിക്ക് അജേഷുമായി അടുത്ത പരിചയമുണ്ടായിരുന്നുവെന്ന് ബന്ധുക്കളും നാട്ടുകാരിൽ ചിലരും വിവരം നൽകി. പെൺകുട്ടിയുടെ അച്ഛനുമായി പരിചയമുണ്ടായിരുന്ന പ്രതി ഇടയ്ക്ക് വീട്ടിലെത്തി ഒരുമിച്ച് മദ്യപിക്കുമായിരുന്നു. ഇങ്ങനെയാണ് ഒൻപതാം ക്ലാസിൽ പഠനം നിറുത്തിയ പെൺകുട്ടിയുമായി അടുത്തു പരിചയപ്പെട്ടത്.

പരിചയം മൊബൈൽ ഫോൺ വഴി പ്രണയമായി വളർന്നു. സംശയം തോന്നി ഇന്നലെ രാവിലെ കസ്റ്റഡിയിലെടുത്ത ഇയാളെ വിശദമായി ചോദ്യംചെയ്യുന്നതിനിടെ ഫോൺ കാൾലിസ്റ്റ് പരിശോധിച്ചപ്പോൾ ഇരുവരും തമ്മിൽ ദിവസവും ദീർഘനേരം സംസാരിച്ചിരുന്നതായി തെളിഞ്ഞു. സംഭവത്തെക്കുറിച്ച് അറിയില്ലെന്ന് തുടക്കത്തിൽ ആവർത്തിച്ചെങ്കിലും ചോദ്യംചെയ്യലിൽ പിടിച്ചുനില്ക്കാനാവാതെ ഇയാൾ തന്നെ കൃത്യം വെളിപ്പെടുത്തുകയായിരുന്നു.

പ്രതി രണ്ടു വിവാഹം കഴിച്ചയാളാണെങ്കിലും നിലവിൽ ഭാര്യമാരാരും ഒപ്പമില്ല.

■ യുവതീപ്രവേശന പട്ടികയിലെ പിഴവുകൾ

# ശബരിമലപ്പോരിന് പുതിയ ഇന്ധനം

▸ രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: അമ്പത്തിയൊന്ന് യുവതികൾ പ്രവേശിച്ചെന്ന് കഴിഞ്ഞ ദിവസം സുപ്രീംകോടതിയിൽ സർക്കാർ സമർപ്പിച്ച പട്ടികയെ ചൊല്ലിയുണ്ടായ പൊല്ലാപ്പും ദുരൂഹതയും ശബരിമലയെ ചൊല്ലിയുള്ള രാഷ്ട്രീയപ്പോരിന് പുതിയ ഇന്ധനമായി മാറുന്നു. യുവതീപ്രവേശനം നല്ല നിലയിൽ സാദ്ധ്യമാക്കാനായെന്ന് തെളിയിക്കാനുള്ള സർക്കാർ ശ്രമത്തിന് അപ്രതീക്ഷിതമായി സംഭവിച്ച പിഴവുകളാണ് തിരിച്ചടിയായി മാറിയത്. കോടതി ചോദിക്കാതെ ഇങ്ങനെയൊരു പട്ടിക കൈമാറി എന്തിന് പുലിവാൽ പിടിച്ചുവെന്ന ചോദ്യം സർക്കാരിനെ രാഷ്ട്രീയമായി വലയ്ക്കും. അവധാനതയോടെ കൈകാര്യം ചെയ്തിരുന്നെങ്കിൽ അത് നേട്ടമാകുമായിരുന്നില്ലേയെന്നതും ചർച്ച ചെയ്യപ്പെടുന്നുണ്ട്. പട്ടികയെ ചൊല്ലിയുണ്ടായ ആശയക്കുഴപ്പം മുതലെടുത്ത് സർക്കാരിനെതിരെ യു.ഡി.എഫ്, ബി.ജെ.പി നേതൃത്വങ്ങൾ ആക്ഷേപം കടുപ്പിച്ച് രംഗത്തെത്തി. ആർ.എസ്.എസ് നേതൃത്വത്തിലുള്ള ശബരിമല കർമ്മ സമിതി ഇന്ന് അയ്യപ്പഭക്തസംഗമവും യു.ഡി.എഫ് 23ന് സെക്രട്ടേറിയറ്റ്, കളക്ടറേറ്റ് ഉപരോധസമരങ്ങളും പ്രഖ്യാപിച്ച് നിൽക്കെ അവരുടെ പ്രചാരണത്തിന് ബലമേകുന്ന വീഴ്ചയാണ് പൊലീസിന്റെ പിഴവിലൂടെ സംഭവിച്ചത്.

എന്നാൽ, വെർച്വൽക്യൂവിൽ രജിസ്റ്റർ ചെയ്തവരുടെ പേര് വിവരം നൽകിയതിൽ അപാകതയില്ലെന്ന് സർക്കാർ വൃത്തങ്ങൾ പറയുന്നു. ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവരുടെ പേരുവിവരങ്ങളും ഫോൺ വിശദാംശങ്ങളുമടക്കം തയ്യാറാക്കി നൽകിയതിലൂടെ സർക്കാരിന്റെ സത്യസന്ധതയും ആത്മാർത്ഥതയും ചോദ്യം ചെയ്യപ്പെടുന്നില്ലെന്നാണ് വാദം. എന്നാൽ, ഇത്രയൊക്കെ പ്രതിഷേധമുണ്ടായിട്ടും യുവതീപ്രവേശനം സാദ്ധ്യമായെന്നതിന്റെ രേഖാമൂലമുള്ള തെളിവുകളാണ് സർക്കാർ ഹാജരാക്കിയതെന്നാണ് ഇടതുകേന്ദ്രങ്ങളിലെ വാദം. പട്ടികയിലെ ഒരാൾ പുരുഷനായത് കമ്പ്യൂട്ടർ വഴി രജിസ്റ്റർ ചെയ്ത വേളയിൽ ഫീമെയിൽ എന്ന് രേഖപ്പെടുത്തപ്പെട്ടതിനാലാണെന്നും അത് കമ്പ്യൂട്ടർ സംവിധാനത്തിലെ പിഴവായത് കൊണ്ടുതന്നെ സർക്കാരിന് അതിൽ പങ്കില്ലെന്നും ഇടത് കേന്ദ്രങ്ങൾ കരുതുന്നു.

> ശബരിമലയിൽ യുവതികൾ കയറിയിട്ടുള്ളതിന്റെ കണക്കെടുക്കാൻ ബോർഡ് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ലിസ്റ്റ് ഗവൺമെന്റ് കൊടുത്തിട്ടുണ്ടെങ്കിൽ ശരിയായിരിക്കും. അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനാണ്.
>
> -എ.പദ്മകുമാർ, ദേവസ്വം ബോർഡ് പ്രസിഡന്റ്

> ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയത്. രജിസ്റ്റർ ചെയ്യുന്ന സമയത്ത് സ്ത്രീയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അങ്ങനെ മാത്രമേ ലിസ്റ്റാക്കാൻ സാധിക്കൂ.
>
> -കോടിയേരി ബാലകൃഷ്ണൻ

> സർക്കാർ കൊടുത്തിട്ടുള്ള ലിസ്റ്റ് സർക്കാരിന്റെ കൈയിലുള്ള റെക്കാർഡ് വച്ചാണ് തയ്യാറാക്കിയത്. അമ്പത്തൊന്നല്ല, അതിൽ കൂടുതൽ യുവതികൾ ശബരിമലയിൽ പോയിട്ടുണ്ട്.
>
> - മന്ത്രി ജയരാജൻ

> സുപ്രീംകോടതിയുടെ മുന്നിൽ പിണറായി സർക്കാർ കളവാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ കൂടുതൽ മറ്റൊരു അപമാനമില്ല.
>
> - രമേശ് ചെന്നിത്തല

## രേഷ്മയും ഷാനിലയും വീണ്ടുമെത്തി, മല കയറാനാകാതെ മടങ്ങി

ശബരിമല: ഭക്തരുടെ പ്രതിഷേധം കാരണം കഴിഞ്ഞ ബുധനാഴ്ച അയ്യപ്പദർശനം നടത്താനാകാതെ മടങ്ങിയ കണ്ണൂർ സ്വദേശികളായ രേഷ്മ നിശാന്തും ഷാനില സജേഷും ഇന്നലെ വീണ്ടും മല കയറാനെത്തിയെങ്കിലും പൊലീസ് മടക്കിയയച്ചു. പുലർച്ചെ അഞ്ചേകാലോടെ നിലയ്ക്കലിൽ എത്തിയ ഇവരെ, സംഘർഷമുണ്ടാകുമെന്ന മുന്നറിയിപ്പ് നൽകി തിരികെ അയയ്ക്കുകയായിരുന്നു.

'നവോത്ഥാന കേരളം ശബരിമലയിലേക്ക്' എന്ന ഫേസ്ബുക്ക് കൂട്ടായ്മയുടെ അഡ്മിൻ ശ്രേയാംസ് കണാരന്റെ നേതൃത്വത്തിൽ യുവതികൾ ഉൾപ്പെട്ട ആറംഗ സംഘം രണ്ടു കാറുകളിലായാണ് നിലയ്ക്കലിൽ എത്തിയത്. വാഹനപരിശോധനയ്ക്കിടെ യുവതികളെ കണ്ട പൊലീസ് ഇവരെ നിലയ്ക്കൽ പൊലീസ് കൺട്രോൾ റൂമിലേക്കു മാറ്റി. പമ്പ മുതൽ സന്നിധാനം വരെ കർമ്മസമിതി പ്രവർത്തകരും തീർത്ഥാടകരും പ്രതിഷേധം ഉയർത്തുമെന്ന് അറിയിച്ചപ്പോൾ സംരക്ഷണം ഒരുക്കണമെന്ന് ഇവർ ആവശ്യപ്പെട്ടു.

നിലയ്ക്കൽ പൊലീസ് സ്പെഷ്യൽ ഓഫീസർ ജമാലുദ്ദീൻ ഇവരുമായി ചർച്ച നടത്തുകയും പമ്പ വരെ മാത്രം സംരക്ഷണം നൽകാമെന്ന് അറിയിക്കുകയും ചെയ്തെങ്കിലും യുവതികൾ നിലപാടിൽ ഉറച്ചുനിന്നു. തുടർന്ന് ഡി.ജി.പിയെ ഫോണിൽ ബന്ധപ്പെട്ടതിനു ശേഷമാണ് യുവതികളെ തിരിച്ചയയ്ക്കാൻ തീരുമാനിച്ചത്. സംഘത്തിലെ യുവാക്കളും മല ചവിട്ടിയില്ല. പൊലീസ് വാഹനത്തിൽ ഇവരെ പിന്നീട് എരുമേലിയിൽ എത്തിച്ചു.

യുവതികൾക്ക് സുരക്ഷ നൽകാമെന്ന പൊലീസിന്റെ ഉറപ്പനുസരിച്ചാണ് വീണ്ടും എത്തിയതെന്നും, കൂടുതൽ യുവതികൾ ശബരിമല ദർശനത്തിന് തയ്യാറെടുക്കുന്നുണ്ടെന്നും സംഘത്തിന് നേതൃത്വം വഹിച്ച ശ്രേയാംസ് കണാരൻ പറഞ്ഞു.

# ബിഷപ്പ് ഫ്രാങ്കോയ്ക്ക് എതിരെ മുഖ്യമന്ത്രിക്ക് കന്യാസ്ത്രീകളുടെ കത്ത്

▸ സ്വന്തം ലേഖകൻ



*ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ*

കോട്ടയം: ലൈംഗികാരോപണ കേസിൽ പ്രതിയായ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിന് എതിരെ സമരം ചെയ്തതിന്റെ പേരിൽ

ജീവനു ഭീഷണിയുണ്ടെന്നു കാണിച്ച് മുഖ്യമന്ത്രിക്ക് കുറവിലങ്ങാട് മഠത്തിലെ കന്യാസ്ത്രീകളുടെ കത്ത്. ബിഷപ്പിന്റെ പീഡനത്തിന് ഇരയായ കന്യാസ്ത്രീക്കൊപ്പം മഠത്തിൽ താമസിക്കുന്ന നാലു കന്യാസ്ത്രീകളെ സ്ഥലം മാറ്റിയതിനു പിന്നാലെയാണ്, ഇവരും പരാതിക്കാരിയും മുഖ്യമന്ത്രിക്കു കത്തയച്ചത്.

ഇരയായ കന്യാസ്ത്രീയും മറ്റു നാലുപേരും പ്രത്യേകമായി അയച്ച കത്തിന്റെ പകർപ്പ് സംസ്ഥാന പൊലീസ് മേധാവിക്കും വനിതാ കമ്മിഷനും അയച്ചിട്ടുണ്ട്. ഇരയ്ക്കൊപ്പം നിന്ന തങ്ങളെ സ്ഥലംമാറ്റി കേസിന്റെ വിചാരണ ദുർബലപ്പെടുത്താനാണ് ശ്രമമെന്നും, വിചാരണ പൂർത്തിയാകുംവരെ കുറവിലങ്ങാട് മഠത്തിൽത്തന്നെ കഴിയാൻ സാഹചര്യം ഒരുക്കണമെന്നും കന്യാസ്ത്രീകൾ കത്തിൽ ആവശ്യപ്പെടുന്നു.

'ഞങ്ങളുടെ ജീവന് ഭീഷണിയുണ്ട്. അടുത്തിടെയുണ്ടായ കാര്യങ്ങൾ അത്ര സുരക്ഷിതമല്ല. എല്ലാ അർത്ഥത്തിലും ശക്തനായ ഫ്രാങ്കോ കേസ് അട്ടിമറിക്കാനും രക്ഷപ്പെടാനുമാണ് ശ്രമിക്കുന്നത്. ബിഷപ്പിന്റെ താളത്തിനൊത്തു തുള്ളുന്ന സുപ്പീരിയർ സിസ്റ്ററാണ് സ്ഥലംമാറ്റ ഉത്തരവിറക്കിയത്. സമ്മർദ്ദത്തിലാക്കി സമാധാനപരമായി ജീവിക്കാൻ അനുവദിക്കാതിരിക്കുകയാണ് സ്ഥലംമാറ്റത്തിന്റെ ലക്ഷ്യം. ഇപ്പോൾ കുറവിലങ്ങാട് മഠത്തിൽ അത്യാവശ്യ സൗകര്യം പോലും ലഭിക്കുന്നില്ല. ഒപ്പമുള്ള കന്യാസ്ത്രീകളെ ദൂരസ്ഥലങ്ങളിലേക്കു മാറ്റി തന്നെ ഒറ്റപ്പെടുത്തി തളർത്താനാണ് ശ്രമം.' ഇരയായ കന്യാസ്ത്രീയുടെ കത്തിൽ പറയുന്നു.

മുളയ്ക്കലിന് എതിരായ സമരത്തിന് നേതൃത്വം നൽകിയ സിസ്റ്റർ അനുപമയെ പഞ്ചാബിലേക്കും സിസ്റ്റർ ആൻസിറ്റയെ കണ്ണൂരിലേക്കും സ്ഥലം മാറ്റിയപ്പോൾ, സിസ്റ്റർ ആൽഫിക്ക് ബീഹാറിലേക്കും സിസ്റ്റർ ജോസഫൈന് ജാർഖണ്ഡിലേക്കുമായിരുന്നു സ്ഥലംമാറ്റം.

## ലോക്സഭ : ബി.ഡി.ജെ.എസ് സ്ഥാനാർത്ഥി പട്ടിക 30 ന്

കൊച്ചി: ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ബി.ഡി.ജെ.എസ് സ്ഥാനാർത്ഥികളുടെ പട്ടികയ്ക്ക് 30 -ന് ചേരുന്ന സംസ്ഥാന കൗൺസിൽ യോഗം അന്തിമരൂപം നൽകും. തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾക്കു മുന്നോടിയായി ബൂത്ത്, മണ്ഡലം, ജില്ലാ കമ്മിറ്റികൾ പുന:സംഘടിപ്പിക്കും. പ്രവർത്തക യോഗങ്ങളും ക്യാമ്പുകളും കൺവെൻഷനുകളും ഗൃഹസന്ദർശനം ഉൾപ്പെടെ വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാനും സംസ്ഥാന കൗൺസിൽ തീരുമാനിച്ചു.

സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാ പ്രസിഡന്റിന്റെ ചുമതല സംസ്ഥാന വൈസ് പ്രസിഡന്റ് കെ. പത്മകുമാറിന് (പത്തനംതിട്ട) കൈമാറി. കേരളത്തിൽ ഇത്തവണ എൻ.ഡി.എയ്ക്ക് മികച്ച നേട്ടമുണ്ടാക്കാനാകുമെന്ന് യോഗം വിലയിരുത്തി. കേന്ദ്ര സർക്കാരിന്റെ മികച്ച പ്രവർത്തനങ്ങളും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വികസന നയങ്ങളും ജനങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. ശബരിമല യുവതീ പ്രവേശനത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രതികാര ബുദ്ധിയോടെയുള്ള സമീപനവും വിശ്വാസികൾക്കു നേരെയുള്ള അതിക്രമങ്ങളും തിരഞ്ഞെടുപ്പിൽ പ്രത്യാഘാതമുണ്ടാക്കും.

തൃശ്ശൂരിലെ പള്ളി തർക്കത്തിൽ ബിഷപ്പിനെതിരെ സ്വീകരിക്കുന്ന നടപടികൾ ഈ സർക്കാർ എല്ലാ മതവിശ്വാസങ്ങൾക്കും എതിരാണെന്ന സൂചനയാണ് നൽകുന്നതെന്ന് യോഗം വിലയിരുത്തി. സംസ്ഥാന പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഭാരവാഹികളായ അരയാക്കണ്ടി സന്തോഷ്, സുഭാഷ് വാസു, കെ. പത്മകുമാർ, രാജേഷ് നെടുമങ്ങാട്, സോമശേഖരൻ നായർ, അഡ്വ. സംഗീതാ വിശ്വനാഥൻ, ഉണ്ണിക്കൃഷ്ണൻ, ബിനു അനുരാഗ് എന്നിവർ പ്രസംഗിച്ചു.

■ ലോക്സഭാ തിരഞ്ഞെടുപ്പ്

## ഒരു സീറ്റ് കൂടി മോഹിച്ച് ലീഗ്

▸ ഒ.സി.മോഹൻരാജ്

**നോട്ടം കാസർകോട്ട്**




കണ്ണൂർ: ലോക്സഭാ തിരഞ്ഞെടുപ്പിൽ നിലവിലുള്ള രണ്ട് സീറ്റിനു പുറമേ ഒന്നു കൂടി വേണമെന്ന അവകാശ വാദത്തിൽ മുസ്ലിംലീഗ് നേതൃത്വം പിടിമുറുക്കി. കഴിഞ്ഞ ദിവസം കോഴിക്കോട് നടന്ന ലീഗ് പ്രവർത്തക സമിതി യോഗം ഈ ആവശ്യത്തിൽ ഉറച്ചുനിൽക്കാൻ തീരുമാനിക്കുകയായിരുന്നു. കാസർകോട്, വടകര സീറ്റുകളിലൊന്നാവും ചോദിക്കുക. എങ്കിലും, കാസർകോടിനോടാണ് ലീഗിന് കൂടുതൽ താത്പര്യം. വിട്ടുകൊടുക്കില്ലെന്ന് കോൺഗ്രസ് നിലപാടെടുത്താൽ യു.ഡി.എഫ് സീറ്റ് വിഭജനം കീറാമുട്ടിയാകും.

യു.ഡി.എഫ് നേതൃയോഗം ഇതു സംബന്ധിച്ച് മനസു തുറന്നിട്ടില്ല. ഇന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പങ്കെടുക്കുന്ന കോൺഗ്രസ് കാസർകോട് ജില്ലാ നേതൃയോഗം ലീഗിന്റെ അവകാശവാദം ചർച്ച ചെയ്യേക്കും.

കാസർകോട്, വടകര സീറ്റുകളിൽ കോൺഗ്രസ് മാത്രമാണ് ഇതുവരെയും മത്സരിച്ചിരുന്നത്. ഇതിനു മുമ്പും പല തവണ സീറ്റ് ആവശ്യപ്പെട്ടിരുന്നെങ്കിലും അവസാനഘട്ടം ലീഗ് പിന്മാറിയിരുന്നു. ഇത്തവണ അത്തരമൊരു മനംമാറ്റത്തിന് തയ്യാറല്ലെന്നാണ് ലീഗ് നേതൃത്വം നൽകുന്ന സൂചന.

22 നിയമസഭാ മണ്ഡലങ്ങളുള്ള കോൺഗ്രസിന് 15 ലോക്സഭാ സീറ്റുകളിൽ മത്സരിക്കാമെങ്കിൽ 18 സീറ്റുള്ള തങ്ങൾക്ക് ഒരു സീറ്റിന് കൂടി അവകാശമുണ്ടെന്നാണ് ലീഗ് വിലയിരുത്തുന്നത്. 19 നിയമസഭാ സീറ്റുള്ള സി.പി.ഐക്ക് സി.പി.എം നാലു സീറ്റ് നൽകുന്നുണ്ടല്ലോ എന്നും ലീഗ് നേതൃത്വം ചൂണ്ടിക്കാട്ടുന്നു.

കാസർകോട് മണ്ഡലത്തിൽ കഴിഞ്ഞ തവണ 6921 വോട്ടിനാണ് കോൺഗ്രസിലെ ടി. സിദ്ദിഖ് സി.പി.എമ്മിലെ പി. കരുണാകരനോട് പരാജയപ്പെട്ടത്. വടകരയിൽ മൂവായിരത്തോളം വോട്ടിന്റെ മാത്രം ഭൂരിപക്ഷത്തിനാണ് കോൺഗ്രസിലെ മുല്ലപ്പള്ളി രാമചന്ദ്രൻ ജയിച്ചത്.



> ഒരു സീറ്റിനു കൂടി ലീഗിന് അർഹതയുണ്ട്. ഇക്കാര്യം കോൺഗ്രസ് നേതൃത്വത്തെ അറിയിച്ചിട്ടുമുണ്ട്. സീറ്റ് വിഭജനത്തിന്റെ പേരിൽ തർക്കങ്ങളൊന്നും നിലവിലില്ല. എല്ലാ പ്രശ്നങ്ങളും രമ്യമായി പരിഹരിച്ച് മുന്നോട്ടു പോകും.
>
> - കെ.പി.എ. മജീദ് (ജനറൽ സെക്രട്ടറി, മുസ്ലിം ലീഗ്)

## അധികാരം നേടിയത് വിശ്വാസികളുടെ പിന്തുണയോടെ: കോടിയേരി

കൊല്ലം: വിശ്വാസ സമൂഹത്തിന്റെ പിന്തുണയോടെയാണ് ഇടതുപക്ഷം കേരളത്തിൽ അധികാരത്തിൽ വന്നതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. എൻ.ആർ.ഇ.ജി വർക്കേഴ്സ് യൂണിയൻ പ്രഥമ സംസ്ഥാന സമ്മേളനം കൊല്ലം ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ ജനങ്ങളിൽ മഹാഭൂരിപക്ഷവും വിശ്വാസികളാണ്. വിശ്വാസികളിൽ മഹാഭൂരിപക്ഷവും കമ്മ്യൂണിസ്റ്റുകാരാണ്. വിശ്വാസി -അവിശ്വാസി ചേരിതിരിവുണ്ടാക്കി ഇടതുപക്ഷത്തെ ഒറ്റപ്പെടുത്താമെന്ന് കരുതരുത്. കമ്മ്യൂണിസ്റ്റുകാരെ ഒറ്റപ്പെടുത്താൻ നിരീശ്വരവാദികളെന്ന് പ്രചരിപ്പിക്കാറുണ്ട്. ഇ.എം.എസ് ഭരിച്ച കാലം മുതൽ ഇവിടെ ഒരു വിശ്വാസിയുടെയും വിശ്വാസത്തിന് പോറലേറ്റിട്ടില്ല. വിശ്വാസികളുടെയും അവിശ്വാസികളുടെയും താത്പര്യങ്ങൾ സംരക്ഷിച്ചാണ് ഇടതുപക്ഷം പ്രവർത്തിക്കുന്നത്. പശ്ചിമബംഗാളിൽ 34 കൊല്ലവും ത്രിപുരയിൽ 35 കൊല്ലവും ഭരിച്ചപ്പോൾ ജനങ്ങളുടെ വിശ്വാസത്തിന് പോറലേൽപ്പിക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. അതിനാൽ വിശ്വാസത്തിന്റെ പേരുപറഞ്ഞ് ഇടത് പക്ഷത്തെ ഒറ്റപ്പെടുത്താമെന്ന ചിന്ത കേരളത്തിൽ നടക്കില്ല. ക്ഷേത്രങ്ങളിലും പള്ളികളിലും പോകേണ്ടവർക്ക് പോകാം. പോകേണ്ടതില്ലെന്ന് കരുതുന്നവർ പോവുകയും വേണ്ട- കോടിയേരി പറഞ്ഞു.

# കഠിനാദ്ധ്വാനം വിഷ്ണുവിന് സമ്മാനിച്ചത് 99.99% മാർക്ക്



*വിഷ്ണുവിന് മാതാവ് ചാന്ദിനി മധുരം നൽകുന്നു*

കോട്ടയം : ഉറക്കമിളച്ച് വിഷ്ണു വിനോദ് നേടിയത് സി.ബി.എസ്.ഇ ജെ.ഇ.ഇ പരീക്ഷയിൽ കേരളത്തിലെ ടോപ്പ് സ്കോറർ ബഹുമതി. നൂറിൽ 99.9990801 എന്ന മാർക്ക് നേടിയാണ് വിഷ്ണു ഈ നേട്ടം കൈവരിച്ചത്.

മക്കൾക്ക് മികച്ച വിദ്യാഭ്യാസം കിട്ടണമെന്ന ലക്ഷ്യത്തോടെയാണ് ഏലം കർഷകനായിരുന്ന വിഷ്ണുവിന്റെ പിതാവ് അണക്കര ശങ്കരമംഗലം വിനോദ് കുമാർ ഇടുക്കി ജില്ലയുടെ പരിമിതികളിൽ നിന്ന് കുടുംബസമേതം കോട്ടയത്തേക്ക് താമസം മാറ്റിയത്. പ്ലസ് വണ്ണിന് വിഷ്ണുവിനെ മാന്നാനം കെ.ഇ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർത്തു. അവിടെത്തന്നെ പാലാ ബ്രില്യന്റ് അക്കാഡമിയുടെ റസിഡൻഷ്യൽ പ്രോഗ്രാമിലും ചേർന്നു. ദിവസവും 12 മണിക്കൂറാണ് പഠനത്തിനായി ചെലവിട്ടത്. ചിട്ടയായ പരിശീലനവും കഠിനാദ്ധ്വാനവും മാതാപിതാക്കളുടെ പിന്തുണയും ഒത്തുചേർന്നപ്പോൾ വിഷ്ണു സുവർണ നേട്ടം സ്വന്തമാക്കി.

മകന്റെ നേട്ടത്തിൽ അഭിമാനമുണ്ടെന്ന് പിതാവ് വിനോദ് കുമാർ പറഞ്ഞു. അമ്മ ചാന്ദ്നിയും പഠനത്തിന് സഹായിയായി. കെ.ഇ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായ സഹോദരൻ വിശ്വനാഥും ആഹ്ലാദത്തിലാണ്.

ഐ.ഐ.ടിയിൽ ചേർന്ന് കമ്പ്യൂട്ടർ സയൻസ് പഠിക്കാനാണ് ആഗ്രഹമെന്ന് വിഷ്ണു പറഞ്ഞു. കഴിഞ്ഞ വർഷം കേന്ദ്ര ശാസ്ത്ര സാഹിത്യ മന്ത്രാലയം നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിലും വിഷ്ണു വിജയിച്ചിരുന്നു.



## ഉമ്മാശ്ശേരി മാധവൻ ചാരിറ്റി പുരസ്കാരം കെ.വാസുകിക്ക്

തിരുവനന്തപുരം: കായംകുളം ഉമ്മാശ്ശേരി മാധവൻ സ്മാരക ചാരിറ്റബിൾ ട്രസ്റ്റിന്റെ കഴിഞ്ഞ വർഷത്തെ ഉമ്മാശ്ശേരി മാധവൻ ചാരിറ്റി പുരസ്കാരത്തിന് ജില്ലാ കളക്ടർ കെ. വാസുകി അർഹയായി. പ്രളയ സമയത്ത് നടത്തിയ ജീവകാരുണ്യ പ്രവർത്തങ്ങൾ കണക്കിലെടുത്താണ് അവാർഡ്. 25,000 രൂപയും ശില്പവും അടങ്ങുന്ന പുരസ്കാരം 25ന് രാവിലെ 10.30ന് പ്രസ്ക്ലബ്ബ് ടി.എൻ.ജി ഹാളിൽ ഭരണപരിഷ്കാര കമ്മിഷൻ ചെയർമാൻ വി.എസ്. അച്യുതാനന്ദൻ വിതരണം ചെയ്യുമെന്ന് ട്രസ്റ്റ് ചെയർമാൻ ബാബു ഉമ്മാശ്ശേരി വാർത്താസമ്മേളനത്തിൽ അറിയിച്ചു. മുൻ ചീഫ് സെക്രട്ടറി സി.പി. നായർ, പുനലൂർ സോമരാജൻ, ബാബു ഉമ്മാശ്ശേരി എന്നിവർ അംഗങ്ങളായ ജൂറിയാണ് അവാർഡ് നിർണയിച്ചത്.



# വിവാദങ്ങൾ ബാക്കിയായി ശരണകാലത്തിനു വിട

▶ അടൂർ പ്രദീപ്കുമാർ

ശബരിമല: നിലയ്ക്കാത്ത വിവാദങ്ങൾ ബാക്കിയാക്കി തീർത്ഥാടന കാലത്തിന് പടിയിറക്കം. സുപ്രീംകോടതിയുടെ യുവതീപ്രവേശന വിധിയെ തുടർന്ന് ഉടലെടുത്ത സംഘർഷങ്ങൾ മുതൽ സംസ്ഥാന സർക്കാർ കോടതിയിൽ സമർപ്പിച്ച പട്ടികയിലെ മറിമായം വരെ നീളുന്ന വിവാദങ്ങൾ, കേസിലെ അന്തിമ വിധിയോടെ എങ്ങനെ പരിണമിക്കുമെന്നത് പ്രവചനാതീതം.

പമ്പാതടത്തിന്റെ ഭൂപ്രകൃതി മാറ്റിയെഴുതിയ പ്രളയത്തിൽ നിന്ന് മുങ്ങിനിവരുമ്പോഴേക്കും എല്ലാ പ്രായക്കാരായ സ്ത്രീകൾക്കും ശബരിമല പ്രവേശനം അനുവദിക്കുന്ന സുപ്രീം കോടതി വിധിയെത്തി. പ്രക്ഷോഭങ്ങളും സംഘർഷങ്ങളും നിരോധനാജ്ഞയും ഹർത്താലുകളുമായി ഈ മണ്ഡല- മകരവിളക്ക് തീർത്ഥാടന കാലമത്രയും ശബരിമല വിഷയം മാദ്ധ്യമങ്ങളിൽ കത്തിനിന്നു.



*ദർശനത്തിന്റെ അവസാന ദിനമായ ഇന്നലെ ഭക്തരെ നോക്കി നിൽക്കുന്ന സുരക്ഷാ ഉദ്യോഗസ്ഥൻ. ഫോട്ടോ : സന്തോഷ് നിലയ്ക്കൽ*

എന്നാൽ, കേരളത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രത്തെ കലാപഭൂമിയാക്കാതെ കാത്തുരക്ഷിക്കാൻ കഴിഞ്ഞതിന്റെ ആശ്വാസത്തിലാണ് ജില്ലാ ഭരണകൂടവും പൊലീസും തിരുവിതാംകൂർ ദേവസ്വം ബോർഡും. തീർത്ഥാടകരുടെ വരവിലുണ്ടായ കുറവ് ദേവസ്വം ബോർഡിനു വരുത്തിയ നഷ്ടം 100 കോടിയെന്നാണ് ഏകദേശ കണക്ക്. പ്രക്ഷോഭം പതിവായതോടെ, പതിവായി മലചവിട്ടിയിരുന്ന മലയാളി ഭക്തരിൽ വലിയ പങ്കും ഇക്കുറി വിട്ടുനിന്നു. ദേശീയ ശ്രദ്ധ നേടിയ പ്രക്ഷോഭങ്ങളെ തുടർന്ന് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ വരവും കുറഞ്ഞതോടെ കഷ്ടത്തിലായത് കച്ചവട സ്ഥാപനങ്ങൾ ലേലത്തിനെടുത്തവരാണ്. അഡ്വ.ബിന്ദു അമ്മിണി, കനകദുർഗ എന്നിവരെ പൊലീസ് സന്നിധാനത്ത് എത്തിച്ചതിനെ തുടർന്ന് ഉടലെടുത്ത വിവാദം, നടയടച്ച് ശുദ്ധിക്രിയ നടത്തേണ്ട സ്ഥിതിയിലേക്കു നയിച്ചു. ഇതിന്റെ പേരിൽ തന്ത്രിയോട് ദേവസ്വം ബോർഡ് വിശദീകരണം ആരായുകയും, തന്ത്രിയെ നീക്കുമെന്ന മുന്നറിയിപ്പ് ഭരണകേന്ദ്രങ്ങളിൽ നിന്നുതന്നെ ഉയരുകയും ചെയ്തു. ചെന്നൈയിൽ നിന്നുള്ള മനിതി സംഘം ഉൾപ്പെടെ രണ്ടു ഡസനിൽ അധികം യുവതികളാണ് പ്രതിരോധങ്ങളെ മറികടന്ന് ദർശനത്തിനു ശ്രമം നടത്തിയത്. ഇതിനിടെ വേഷപ്രച്ഛന്നയായി ദർശനം നടത്തിയെന്ന കൊല്ലം സ്വദേശിനി മഞ്ജുവിന്റെ അവകാശവാദം മതിയായ തെളിവുകളില്ലെന്നു ചൂണ്ടിക്കാട്ടി പൊലീസ് തള്ളിക്കളഞ്ഞു. ശ്രീലങ്കക്കാരി ശശികല ദർശനം നടത്തിയതായുള്ള മുഖ്യമന്ത്രിയുടെ വെളിപ്പെടുത്തലിനും സ്ഥിരീകരണമുണ്ടായില്ല. 51 യുവതികൾ ശബരിമല ദർശനം നിർവഹിച്ചെന്നു വിശദീകരിച്ച് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ നൽകിയ പട്ടികയാണ് വിവാദങ്ങളിലെ അവസാന ഇനം. പ്രായപരിധിക്കു പുറത്തുള്ള സ്ത്രീകളെയും പുരുഷന്മാരെപ്പോലും യുവതികളുടെ പട്ടികയിലാക്കി സർക്കാർ നൽകിയ വ്യാജ സത്യവാങ്മൂലത്തിന്റെ നാണക്കേടു മാറിയിട്ടില്ല. ശബരിമല വിഷയമുയർത്തി ലോക്സഭാ തിരഞ്ഞെടുപ്പിനെ നേരിടാൻ സംഘപരിവാർ സംഘടനകൾ ഒരുങ്ങുമ്പോഴും ഇക്കാര്യത്തിൽ പലഘട്ടങ്ങളിലും സർക്കാരും പൊലീസും സ്വീകരിച്ച സംയമനവും തന്ത്രപരമായ നിലപാടുകളും ശബരിമലയെ കലാപഭൂമിയാക്കി മാറ്റാതിരിക്കാൻ സഹായിച്ചു. സുപ്രീംകോടതിയിലെ പുനഃപരിശോധനാഹർജി ഉൾപ്പെടെയുള്ള കേസുകളിൽ അന്തിമ വിധി എന്തായാലും അതു വീണ്ടും വിവാദങ്ങൾക്കും വിശ്വാസവും ആചാരവും സംബന്ധിച്ച ചർച്ചകൾക്കും വഴിയൊരുക്കും.

## കിഫ്ബിയിൽ പ്രവാസി നിക്ഷേപം വർദ്ധിക്കണമെന്ന്

കോഴിക്കോട്: സർക്കാർ പദ്ധതികളിൽ പ്രവാസികളുടെ നിക്ഷേപ പങ്കാളിത്തം അഭ്യർത്ഥിച്ച് മുഖ്യമന്ത്രി. ജനങ്ങളിൽ നിന്നുള്ള പണം കൊണ്ടാണ് കിഫ്ബി വഴി സംസ്ഥാനത്ത് വൻ വികസന പദ്ധതികൾ നടപ്പാക്കുന്നത്. ഇതിൽ പ്രവാസികളും നിക്ഷേപം നടത്തണമെന്ന് കേരള പ്രവാസി സംഘം അഞ്ചാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുവേ മുഖ്യമന്ത്രി പറഞ്ഞു. പ്രവാസികൾക്ക് ഏറ്റവും കൂടുതൽ പെൻഷൻ നൽകുന്നത് സംസ്ഥാന പ്രവാസി ക്ഷേമ ബോർഡാണ്. എന്നാൽ സംസ്ഥാനത്തിന്റെ ക്ഷേമപദ്ധതികളോട് കേന്ദ്ര സർക്കാർ സഹകരിക്കുന്നില്ലെന്നു മാത്രമല്ല, തിരക്കുള്ള സീസണിൽ പ്രവാസികളുടെ വിമാനയാത്രാ നിരക്ക് നാലും അഞ്ചും ഇരട്ടി വർദ്ധിപ്പിച്ച് എയർ ഇന്ത്യ അവരെ കൊള്ളയടിക്കുകയും ചെയ്യുന്നു. വിദേശത്തു മരിക്കുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കേണ്ട ഉത്തരവാദിത്വം കേന്ദ്ര സർക്കാരിനാണ്. എന്നാൽ ബന്ധുക്കളാണ് വൻ തുക നൽകി മൃതദേഹം എത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. യോഗത്തിൽ കേരള പ്രവാസി സംഘം സംസ്ഥാന പ്രസിഡന്റ് പി.ടി കുഞ്ഞിമുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. മന്ത്രി എ.കെ ശശീന്ദ്രൻ മുഖ്യാതിഥിയായി.



## അബ്ദുള്ള മുതലാളി ഫൗണ്ടേഷൻ പുരസ്കാരം പുനലൂർ സോമരാജന്

തിരുവനന്തപുരം: 2018ലെ അബ്ദുള്ള മുതലാളി മെമ്മോറിയൽ ഫൗണ്ടേഷൻ പുരസ്കാരത്തിന് പത്തനാപുരം ഗാന്ധിഭവൻ ചെയർമാൻ പുനലൂർ സോമരാജൻ അർഹനായി. 25,000 രൂപയും ഫലകവും അടങ്ങുന്ന പുരസ്കാരം 27ന് പത്തനാപുരം ഗാന്ധിഭവനിൽ വച്ച് മന്ത്രി കെ. രാജു വിതരണം ചെയ്യും. ഫൗണ്ടേഷൻ രക്ഷാധികാരി കെ. ശങ്കരനാരായണപിള്ള അദ്ധ്യക്ഷത വഹിക്കും.



## സ്വാമി പഞ്ചകൈലാസിക്ക് ഡോക്ടറേറ്റ്

തിരുവനന്തപുരം: സാമൂഹ്യ സേവന രംഗത്തെ മികവിന് പഞ്ചകൈലാസി ആശ്രമം ഡയറക്ടർ സ്വാമി പഞ്ചകൈലാസിയെ ഡോക്ടറേറ്റ് നൽകി ആദരിക്കും. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടനയായ അക്കാഡമി ഒഫ് യൂണിവേഴ്സൽ ഗ്ലോബൽ പീസാണ് ഓണററി ഡോക്ടറേറ്റ് നൽകുന്നത്. 27ന് ഗോവയിൽ നടക്കുന്ന ചടങ്ങിൽ ഡോക്ടറേറ്റ് നൽകും.

# മനുഷ്യക്കടത്ത്: ആസ്ട്രേലിയയ്ക്ക് കടന്നത് 212 പേർ

■ ബോട്ടിൽ കയറാനാവാതെ മടങ്ങിയ ഒരാൾ കസ്റ്റഡിയിൽ

▶ കെ.എസ്. സന്ദീപ്

കൊച്ചി: മുനമ്പത്തു നിന്ന് 212 ശ്രീലങ്കൻ വംശജർ ബോട്ടിലൂടെ ആസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളിലേക്ക് കടന്നതായി അന്വേഷണ സംഘത്തിന് വിവരം ലഭിച്ചു. ബോട്ടിൽ കൊള്ളാവുന്നതിലധികം ആളുകൾ കയറിയതോടെ ഏതാനും പേർ ഭയന്ന് പിൻവാങ്ങി. ഇവരെ കണ്ടെത്താനുള്ള ശ്രമത്തിലാണ് പൊലീസ്. ബോട്ടിൽ കയറാനാവാതെ മടങ്ങിയ പ്രഭു ദണ്ഡുവാണിയെ ഡൽഹിയിൽ നിന്ന് പൊലീസ് കസ്റ്റഡിയിലെടുത്തു. ഇയാളെ ആലുവ പൊലീസ് ക്ലബ്ബിൽ ചോദ്യം ചെയ്യുകയാണ്. ബോട്ടിൽ കയറാൻ പറ്റാത്തവരുടെ 71 ബാഗുകളാണ് ഉപേക്ഷിക്കേണ്ടിവന്നതെന്ന് പ്രഭു ചോദ്യം ചെയ്യലിൽ വെളിപ്പെടുത്തി. ഭാര്യയേയും മക്കളെയും ബോട്ടിൽ കയറ്റി വിട്ടു.

മനുഷ്യക്കടത്തിന് പിന്നിൽ പ്രവർത്തിച്ചവരെക്കുറിച്ച് അറിയില്ലെന്നാണ് പ്രഭുവിന്റെ മൊഴി. മുഴുവൻ പണവും നൽകാത്ത ചിലരെ ബോട്ടിൽ നിന്ന് ഇറക്കിവിട്ടിരുന്നു. അക്കൂട്ടത്തിൽ ഉൾപ്പെട്ടയാളാണോ പ്രഭുവെന്നും പൊലീസ് പരിശോധിക്കുന്നുണ്ട്. ഇയാൾ ഇടനിലക്കാരനായി പ്രവർത്തിച്ചിട്ടുണ്ടോയെന്നും അന്വേഷിക്കും.

ആസ്ട്രേലിയയിലേക്ക് കടക്കാൻ ആളൊന്നുക്ക് ഒന്നര ലക്ഷം രൂപ വാങ്ങിയതായാണ് സൂചന. ഡൽഹിയിലെ അംബേദ്ക്കർ കോളനി കേന്ദ്രീകരിച്ചായിരുന്നു റിക്രൂട്ട്മെന്റ്. ഇതിനു ശേഷമാണ് ആളുകളെ മുനമ്പത്തെത്തിച്ചത്. പ്രഭുവിനെ കസ്റ്റഡിയിലെടുത്തതും അംബേദ്ക്കർ കോളനിയിൽ നിന്നാണ്. ക്രിമിനലുകളുടെ താവളമായ ഇവിടെ പൊലീസിന് വിശദമായ പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല. തമിഴ് വംശജർ തിങ്ങിപ്പാർക്കുന്ന കോളനിയിൽ ഡൽഹി പൊലീസ് പോലും ഭയന്നാണ് പ്രവേശിക്കുന്നത്. മുനമ്പം സ്വദേശിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ദയാമാത-2 എന്ന ബോട്ടിലാണ് മനുഷ്യക്കടത്ത് നടന്നത്. 2017ലാണ് ഈ ബോട്ട് നിർമ്മിച്ചത്. 30 ദിവസം വരെ കടലിൽ സഞ്ചരിക്കാവുന്ന സജ്ജീകരണങ്ങളുണ്ട്. 1.20 കോടിക്ക് കോവളം സ്വദേശി അനിൽകുമാറിന് ബോട്ട് വിറ്റെങ്കിലും ഉടമസ്ഥാവകാശം ഇപ്പോഴും മുനമ്പം സ്വദേശിയുടെ പേരിലാണ്. തമിഴ്നാട് കുളച്ചൽ സ്വദേശി ശ്രീകാന്തൻ, തിരുവള്ളൂർ സ്വദേശി രവി എന്നിവരാണ് മനുഷ്യകടത്തിന് പിന്നിലെന്ന് കണ്ടെത്തിയിട്ടുണ്ട്.



*കേരള മീഡിയ അക്കാഡമി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കമ്യൂണിക്കേഷൻ ആരംഭിച്ച ഫോട്ടോ ജേർണലിസം കോഴ്സിന്റെ ഉദ്ഘാടനവും വിക്ടർ ജോർജ് അനുസ്മരണവും സന്തോഷ് ശിവൻ നിർവഹിക്കുന്നു. ലീൻ തോബിയാസ്, ആർ.എസ്. ബാബു, ദീപക് ധർമ്മടം, ഡി. ദിലീപ്, പി.സി. സുരേഷ് കുമാർ, എം.കെ. കുര്യാക്കോസ് തുടങ്ങിയവർ സമീപം*

## മീഡിയ അക്കാഡമിയിൽ ഫോട്ടോ ജേർണലിസം കോഴ്സ് ആരംഭിച്ചു

കൊച്ചി: ആസ്വാദനമൂല്യവും സൃഷ്ടിപരമായ മികവുമുള്ളവയായിരുന്നു വിക്ടർ ജോർജിന്റെ ചിത്രങ്ങളെന്ന് ചലച്ചിത്ര ഛായാഗ്രാഹകനും സംവിധായകനുമായ സന്തോഷ് ശിവൻ പറഞ്ഞു. ലക്ഷ്യബോധവും പ്രചോദനവുമാണ് സത്യസന്ധതയോടെ ജോലിചെയ്യാനുള്ള ഊർജമെന്ന് കേരള മീഡിയ അക്കാഡമി സംഘടിപ്പിച്ച വിക്ടർ ജോർജ് അനുസ്മരണത്തിൽ മുഖ്യപ്രഭാഷണം നടത്തവേ അദ്ദേഹം പറഞ്ഞു.

കേരള മീഡിയ അക്കാഡമി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കമ്യൂണിക്കേഷൻ ആരംഭിച്ച ഫോട്ടോ ജേർണലിസം കോഴ്സിന്റെ ഉദ്ഘാടനവും സന്തോഷ് ശിവൻ നിർവഹിച്ചു.

ആധുനിക കാമറകളും മറ്റുമുണ്ടെങ്കിലും സ്വന്തം കണ്ണു തന്നെയാണ് നല്ല കാമറ. പലപ്പോഴും കൈയിലുള്ള പഴയ ഒരു കാമറയാകും മികച്ച ചിത്രങ്ങളിലേക്ക് കണ്ണു തുറക്കുക. ഡിജിറ്റൽ യുഗത്തിൽ ഉണ്ടായ മാറ്റങ്ങൾ കാലത്തിന്റെ അനിവാര്യതയാണ്. നല്ല നിരീക്ഷണമുണ്ടെങ്കിൽ മാത്രമേ വ്യത്യസ്തമായ ഫ്രെയിമുകൾ ഉണ്ടാകൂവെന്ന് അദ്ദേഹം പറഞ്ഞു.

അക്കാഡമി ചെയർമാൻ ആർ.എസ്. ബാബു അദ്ധ്യക്ഷത വഹിച്ചു. അക്കാഡമി ജനറൽ കൗൺസിൽ അംഗവും വിക്ടറിന്റെ സഹപ്രവർത്തകനുമായിരുന്ന മലയാള മനോരമ അസിസ്റ്റന്റ് ന്യൂസ് എഡിറ്റർ എം.കെ. കുര്യാക്കോസ്, എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ഡി. ദിലീപ്, അക്കാഡമി കൗൺസിൽ അംഗം ദീപക് ധർമ്മടം, സെക്രട്ടറി ഇൻ ചാർജ് പി.സി. സുരേഷ് കുമാർ, ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കമ്യൂണിക്കേഷൻ ഡയറക്ടർ ഡോ. എം. ശങ്കർ, കോഴ്സ് കോ ഓർഡിനേറ്റർ ലീൻ തോബിയാസ് എന്നിവർ സംസാരിച്ചു.



## പ്രവാസി ലീഗൽ പുരസ്കാരം ഡി.ബി.ബിനുവിന്

കൊച്ചി: പ്രവാസി ലീഗൽ സെല്ലിന്റെ കെ. പത്മനാഭൻ മെമ്മോറിയൽ ദേശീയ പുരസ്കാരത്തിന് വിവരാവകാശ പ്രവർത്തകനായ അഡ്വ. ഡി.ബി. ബിനു അർഹനായി. ആർ.ടി.ഐ കേരള ഫെഡറേഷൻ പ്രസിഡന്റും ഹ്യൂമൻ റൈറ്റ്സ് ഡിഫൻസ് ഫോറം ജനറൽ സെക്രട്ടറിയുമാണ്. 27ന് ഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ അവാർഡ് സമ്മാനിക്കുമെന്ന് പ്രവാസി ലീഗൽ സെൽ ജനറൽ സെക്രട്ടറി ഡോ. ബിൻസ് സെബാസ്റ്റ്യൻ അറിയിച്ചു.

## മാരാമൺ കൺവെൻഷനിൽ ഇനി രാത്രി യോഗങ്ങളില്ല, സ്ത്രീകൾക്ക് പ്രവേശനം ഒരുക്കാൻ സായാഹ്ന യോഗം

മാരാമൺ : സ്ത്രീകളെ പ്രവേശിപ്പിക്കണമെന്ന ആവശ്യം മുൻനിറുത്തി മാരാമൺ കൺവെൻഷന്റെ രാത്രി യോഗങ്ങൾ സായാഹ്ന യോഗങ്ങളായി പുനഃക്രമീകരിച്ചു. ഇത്തവണ മുതൽ വൈകിട്ട് 5ന് യോഗം ആരംഭിച്ച് 6.30ന് അവസാനിക്കും. കഴിഞ്ഞ വർഷം വരെ വൈകിട്ട് 6.30ന് ആരംഭിക്കുന്ന രാത്രി യോഗം 8.30 വരെ നീണ്ടിരുന്നു. ഫെബ്രുവരി 10 മുതൽ 17 വരെയാണ് മാരാമൺ കൺവെൻഷൻ.

മാർത്തോമ്മ സഭയുടെ പരമാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഇന്ന് പള്ളികളിൽ വായിക്കാനയച്ച സർക്കുലറിലാണ് ഇക്കാര്യം അറിയിച്ചിട്ടുള്ളത്. മാരാമൺ കൺവെൻഷന്റെ രാത്രി യോഗങ്ങളിൽ സ്ത്രീകളെ പ്രവേശിപ്പിച്ചിരുന്നില്ല. സ്ത്രീകളെ രാത്രി യോഗങ്ങളിൽ പ്രവേശിപ്പിക്കണമെന്ന ആവശ്യം പല കേന്ദ്രങ്ങളിൽ നിന്ന് കഴിഞ്ഞ വർഷം ഉയർന്നിരുന്നു. എന്നാൽ സഭ അംഗീകരിച്ചിരുന്നില്ല. കേരളത്തിലെ രാഷ്ട്രീയ - സാമുദായിക മേഖലകളിലെ അസ്വസ്ഥതകളുടെ പശ്ചാത്തലത്തിൽ കൺവെൻഷൻ പ്രോഗ്രാം എപ്പിസ്കോപ്പൽ സിനഡിലെ അംഗങ്ങളുടെ ആലോചനയോട് പുനഃക്രമീകരണം ചെയ്തിരിക്കുന്നതായി മെത്രാപ്പോലീത്ത സർക്കുലറിൽ അറിയിച്ചിട്ടുണ്ട്. എല്ലാ ദിവസവും രാവിലത്തെ പൊതുയോഗം ഉച്ചയ്ക്ക് 12 മണിയോടുകൂടി അവസാനിക്കും. ഉച്ചകഴിഞ്ഞുള്ള പൊതുയോഗം 2 ന് ആരംഭിച്ച് 3.30ന് അവസാനിപ്പിക്കും.

# വിളംബരം

## അവസാന അലോട്ട്മെന്റ്

തിരുവനന്തപുരം : ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന 2018-19 വർഷത്തെ ആയുർവേദ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സിന്റെ (ഫാർമസിസ്റ്റ്/ നേഴ്സ്/ തെറാപ്പിസ്റ്റ്) ഒഴിവുള്ള സീറ്റിലേക്കുള്ള അവസാന അലോട്ട്മെന്റ് 25ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ രാവിലെ 9 മുതൽ നടക്കും. ഓരോ കോഴ്സിന്റെയും ഒഴിവുള്ള സീറ്റിന്റെ വിശദാംശങ്ങളും, ഹാജരാക്കേണ്ട വിദ്യാർത്ഥികളുടെ റാങ്ക് നമ്പരും 23ന് www.ayurveda.kerala.gov.in ൽ പ്രസിദ്ധീകരിക്കും.

## പരീക്ഷാ ഫലം

തിരുവനന്തപുരം: ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന 2017 -18 വർഷത്തെ ആയുർവേദ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സായ യോഗ & നാച്ചുറോപ്പതി ടെക്നീഷ്യൻ കോഴ്സിന്റെ ഫലം www.ayurveda.kerala.gov.in ൽ.

## നോർക്ക റൂട്ട്സ് ബംഗളുരു ഓഫീസ് മാറ്റി

തിരുവനന്തപുരം: ബംഗളൂരുവിലെ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റി. എഫ് - 09, ജെം പ്ലാസ, ഇൻഫെന്ററി റോഡ്, ശിവാജി നഗർ, ബംഗളൂരു - 560 001, ആണ് പുതിയ മേൽവിലാസമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹരികൃഷ്ണൻ നമ്പൂതിരി അറിയിച്ചു. ഫോൺ:- 080 - 25585090

## സർവകലാശാല വാർത്തകൾ

### കേരള
www.kerala university.ac.in

### പരീക്ഷാഫലം

ഒന്നും രണ്ടും വർഷ ബി.ബി.എ (ആന്വൽ സ്കീം - പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

അവസാന വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 6 വരെ അപേക്ഷിക്കാം.

### ടൈംടേബിൾ

നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ ബി.സി.എ ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷ 24ന് അതതു കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

28ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം) ബ.എ/ബി.എസ്.സി /ബി.കോം (2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ ബി.ബി.എ.എൽ.എൽ.ബി പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ. ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾ ഫെബ്രുവരി 11നും ബി.എ.എൽ.എൽ.ബി പരീക്ഷ ഫെബ്രുവരി 13നും ആരംഭിക്കും.

22ന് ആരംഭിക്കുന്ന ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി / ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

### അപേക്ഷ ക്ഷണിക്കുന്നു

വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന പ്രോഗ്രാമുകളുടെ പരീക്ഷാ പേപ്പർ മൂല്യനിർണയം നടത്തുന്നതിനായി താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിരമിച്ച കോളേജ് അദ്ധ്യാപകർക്കും ഇപ്പോൾ നിലവിൽ സമ്പർക്ക ക്ലാസ് എടുക്കുന്ന അദ്ധ്യാപകർക്കും അപേക്ഷിക്കാം. ബയോഡേറ്റ എസ്.ഡി.ഇ ഡയറക്ടർക്ക് 30ന് മുമ്പ് സമർപ്പിക്കണം.

സർവകലാശാലയുടെ സെന്റർ ഫോർ അഡൽട്ട് ആൻഡ് കിന്യൂയിംങ് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ യൂണിറ്റിന്റെ കീഴിൽ തിരുവനന്തപുരം പാങ്ങോട് മന്നാനിയ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടത്തി വരുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് ഫെബ്രുവരി 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 9048538210

### സീറ്റൊഴിവ്

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (CACEE) 31ന് ആരംഭിക്കുന്ന പി.ജി ഡിപ്ലോമ ഇൻ യോഗാ തെറാപ്പി (ഈവനിംഗ് ബാച്ച്) കോഴ്സിന് ഏതാനും സീറ്റ് ഒഴിവുണ്ട്. യോഗ്യത: സർവകലാശാല അംഗീകൃത ബിരുദം. കോഴ്സ് കാലാവധി: ഒരു വർഷം. കോഴ്സ് ഫീസ്: 19,500 രൂപ. അപേക്ഷ ഫീസ്: 100 രൂപ. താത്പര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലുള്ള CACEE ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 - 2302523

### എം.ജി
www.mgu.ac.in

### പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ 31ന് ആരംഭിക്കും. പിഴയില്ലാതെ 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം.

## പി.എസ്.സി
www.kerala psc.gov.in

### ഒറ്റത്തവണ വെരിഫിക്കേഷൻ

തിരുവനന്തപുരം ജില്ലയിൽ മുനിസിപ്പൽ കോമൺ സർവീസിൽ കാറ്റഗറി നമ്പർ 571/2014 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ട് തസ്തികയ്ക്ക് നാളെയും, 22, 24, 25 ദിവസങ്ങളിലും പി.എസ്.സി. തിരുവനന്തപുരം ജില്ലാ ഓഫീസിൽ വച്ചും, കാറ്റഗറി നമ്പർ 358/2017 (എൻ.സി.എ.-ഒ.ബി.സി.), കാറ്റഗറി നമ്പർ 423/2017 (എൻ.സി.എ.-ഹിന്ദു നാടാർ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ /കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ) തസ്തികകൾക്ക് 22, 24 തീയതികളിലും, കാറ്റഗറി നമ്പർ 280/2014 കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലെ അസിസ്റ്റന്റ് ഫാർമസിസ്റ്റ് തസ്തികയ്ക്ക് 23, 24, 25 തീയതികളിലും, കാറ്റഗറി നമ്പർ 224/2018 മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെന്റൽ ഹൈജീനിസ്റ്റ് (ഒന്നാം എൻ.സി.എ. - എൽ.സി./എ.ഐ.) തസ്തികയ്ക്ക് 29നും, കാറ്റഗറി നമ്പർ 226/2018 മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലിഫ്റ്റ് മെക്കാനിക് (ഒന്നാം എൻ.സി.എ.-ഈഴവ/ബില്ലവ/ തിയ്യ) തസ്തികയ്ക്ക് ഫെബ്രുവരി 1, 2 തീയതികളിലുമായി പി.എസ്.സി. ആസ്ഥാന ഓഫീസിൽ വച്ച് ഒറ്റത്തവണ വെരിഫിക്കേഷൻ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഒ.ടി.ആർ. പ്രൊഫൈൽ സന്ദർശിക്കുക.

### ഒ.എം.ആർ. പരീക്ഷ

കാറ്റഗറി നമ്പർ 375/2017 വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ്), (596/2017 പട്ടികജാതി/ പട്ടികവർഗക്കാരിൽ നിന്നും മാത്രവുമുള്ള പ്രത്യേക നിയമനം) തസ്തികയ്ക്കായി 29ന് രാവിലെ 7.30 മുതൽ 9.15 വരെ ഒ.എം.ആർ. പരീക്ഷ നടത്തുന്നു. അഡ്മിഷൻ ടിക്കറ്റുകൾ ഒ.ടി.ആർ. പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

### ഇന്റർവ്യൂ

കാറ്റഗറി നമ്പർ 368/2015 മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികയ്ക്ക് 23, 24 തീയതികളിലും, കാറ്റഗറി നമ്പർ 464/2016, 465/2016 വ്യവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ-അരിത്ത്മാറ്റിക്- കം-ഡ്രോയിങ് (പട്ടികവർഗക്കാരിൽ നിന്നും, പട്ടികജാതി/പട്ടികവർഗക്കാരിൽ നിന്നുമുള്ള പ്രത്യേക നിയമനം) തസ്തികയ്ക്ക് 23, 24, 25 തീയതികളിലും, കാറ്റഗറി നമ്പർ 441/2017 കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ ജൂനിയർ ടൈംകീപ്പർ (എൻ.സി.എ.-മുസ്ലീം) തസ്തികയ്ക്ക് 25നും പി.എസ്.സി. ആസ്ഥാന ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്തുന്നു.

### ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും

കാറ്റഗറി നമ്പർ 285/2017 പോലീസ് വകുപ്പിൽ (ആംഡ് പൊലീസ് ബറ്റാലിയൻ) ആംഡ് പൊലീസ് സബ് ഇൻസ്പെക്ടർ (ട്രെയിനി) (പട്ടികജാതി/ പട്ടികവർഗക്കാരിൽ നിന്നുള്ള പ്രത്യേക നിയമനം ) തസ്തികയുടെ തിരഞ്ഞെടുപ്പിനായുള്ള ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും 23ന് തിരുവനന്തപുരം എസ്.എ.പി. പരേഡ് ഗ്രൗണ്ടിൽ വെച്ച് രാവിലെ 6 മണി മുതൽ നടത്തുന്നു.

കാറ്റഗറി നമ്പർ 340/2016 എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയുടെ തിരഞ്ഞെടുപ്പിനായുള്ള ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും കൊല്ലം ജില്ലയിൽ ജനുവരി 16 മുതൽ 22 വരെ ലാൽബഹദൂർ ശാസ്ത്രി ഗ്രൗണ്ടിൽ വെച്ചും, മലപ്പുറം ജില്ലയിൽ ജനുവരി 15 മുതൽ 21 വരെ എം.എസ്.പി. പരേഡ് ഗ്രൗണ്ടിൽ വെച്ചും രാവിലെ 5.30 മണി മുതൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഒ.ടി.ആർ. പ്രൊഫൈൽ സന്ദർശിക്കുക.

### പ്രായോഗിക പരീക്ഷ

ഇടുക്കി ജില്ലയിൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ വകുപ്പിൽ കാറ്റഗറി നമ്പർ 375/2015 സിനിമ ഓപ്പറേറ്റർ തസ്തികയ്ക്കായി നാളെയും, 22, 23 തീയതികളിലും രാവിലെ 8 മുതൽ തിരുവനന്തപുരം ശ്രീ തിയേറ്ററിൽ വച്ച് പി.എസ്.സി. പ്രായോഗിക പരീക്ഷ നടത്തുന്നു.

## മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം

പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളുടെ കീഴിൽ വിവിധ സ്ഥലങ്ങളിൽ പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന കേരളത്തിലെ 25 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം അഞ്ച്, ആറ് ക്ലാസുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചു. പ്രവേശന പരീക്ഷ ഫെബ്രുവരി 23ന് രാവിലെ 10 മുതൽ 12 വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും. രക്ഷകർത്താക്കളുടെ കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയോ അതിൽ കുറവുള്ളതോ ആയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. പ്രാക്തന ഗോത്ര വർഗക്കാർക്ക് പ്രവേശന പരീക്ഷ ബാധകമല്ല. വയനാട് ജില്ലയിലെ പൂക്കോട്, ഇടുക്കി ജില്ലയിലെ പൈനാവ് എന്നിവിടങ്ങളിലെ ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആറാം ക്ലാസിലേക്കും മറ്റു മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഞ്ചാം ക്ലാസിലേക്കുമാണ് പ്രവേശനം. വിശദവിവരങ്ങളും അപേക്ഷാ ഫാറങ്ങളുടെ മാതൃകയും ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ഐ.ടി.ഡി. പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിലും ലഭിക്കും. അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ, പട്ടികവർഗ വികസന ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ എന്നിവിടങ്ങളിൽ സമർപ്പിക്കാം. അവസാന തീയതി ഫെബ്രുവരി 10.

### സാഹിത്യരത്നം പരീക്ഷ

അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ കേരള ഹിന്ദി പ്രചാരസഭ കേന്ദ്രമാക്കി നടത്തുന്ന ഹിന്ദി സാഹിത്യരത്നം പരീക്ഷ ജനുവരി 27 മുതൽ 31 വരെ പ്രചാരസഭയിൽ നടക്കും.

### സൗജന്യ പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് കെ മാറ്റ് പ്രവേശന പരീക്ഷയ്ക്ക് സൗജന്യമായി 23ന് തിരുവനന്തപുരത്തെ കിറ്റ്സ് ഹെഡ് ക്വാർട്ടേഴ്സിൽ പരിശീലനം നൽകും. പട്ടികജാതി /പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകും. ഫോൺ : 9446068080.

### അപേക്ഷ ക്ഷണിച്ചു

ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ ഫെബ്രുവരി 1 മുതൽ 17 വരെ ഹരിയാനയിൽ സംഘടിപ്പിക്കുന്ന സൂരജ്കുണ്ഡ് മേളയിൽ പങ്കെടുക്കാൻ എൻ.എച്ച്.എഫ്.ഡി.സി. വായ്പ എടുത്ത സംസ്ഥാനത്തെ ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലേക്ക് ഈ മാസം 25നകം അപേക്ഷ നൽകണം. അപേക്ഷാ ഫോം www.hpwc.kerala.gov.in ൽ.



## അന്താരാഷ്ട്ര നാടകോത്സവത്തിന് ഇന്ന് അരങ്ങുണരും

തൃശൂർ: സംഗീത നാടക അക്കാഡമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിന് ഇന്ന് തൃശൂരിൽ അരങ്ങുണരും. വൈകിട്ട് അഞ്ചിന് അക്കാഡമി അങ്കണത്തിലെ മുരളി തിയേറ്ററിൽ മന്ത്രി എ.കെ. ബാലൻ നാടകോത്സവം ഉദ്ഘാടനം ചെയ്യും. അക്കാഡമി ചെയർപേഴ്സൺ കെ.പി.എ.സി ലളിത അദ്ധ്യക്ഷയാകും. മന്ത്രി വി.എസ്. സുനിൽ കുമാർ മുഖ്യപ്രഭാഷണം നടത്തും. മന്ത്രി സി. രവീന്ദ്രനാഥ് ഫെസ്റ്റിവൽ പുസ്തകം പ്രകാശനം ചെയ്യും. ഉദ്ഘാടന ചടങ്ങിന് ശേഷം മേളയിലെ ആദ്യ നാടകം 'ബിറ്റർ നെക്ടർ' കെ.ടി. മുഹമ്മദ് റീജിയണൽ തിയേറ്ററിൽ അരങ്ങേറും. സംഗീത നാടക അക്കാഡമി, സാഹിത്യ അക്കാഡമി, പാലസ് ഗ്രൗണ്ട് എന്നിവിടങ്ങളിലെ ആറു വേദികളിലാണ് മേള.

www.keralakaumudi.com www.facebook.com/keralakaumudidaily

## ഐ.ടി.ബി.പി ജവാൻ ജമ്മുവിൽ നിര്യാതനായി



മണികണ്ഠൻ

കന്യാകുമാരി : ഇൻഡോ ടിബറ്റൻ ബോർഡർ പൊലീസ് ( ഐ.ടി.ബി.പി ) ഉദ്യോഗസ്ഥനായ മാർത്താണ്ഡം, തിരുവട്ടാർ, വണ്ടിത്തടത്ത് വീട്, നന്ദനത്തിൽ സോമൻ - രാധ ദമ്പതികളുടെ മകൻ എസ്. മണികണ്ഠൻ (30) ജമ്മുകാശ്മീരിലെ ലേയിൽ നിര്യാതനായി. ഭാര്യ : രേവതി. മകൾ : ആദിരൂപ. 10 വർഷം മുമ്പ് ഐ.ടി.ബി.പിയിൽ ചേർന്ന മണികണ്ഠൻ മധുര ശിവഗംഗാപുരത്തു നിന്ന് രണ്ട് മാസം മുമ്പാണ് ലേയിലെത്തിയത്. ഫോൺ: 8129578457.

## കശുമാവ് കൃഷി വികസനം 10 കോടി അനുവദിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് 4500 ഹെക്ടർ കശുമാവ് കൃഷി വ്യാപനത്തിനായി 10കോടി രൂപ അനുവദിച്ചതായി മന്ത്രി വി.എസ് സുനിൽകുമാർ അറിയിച്ചു. രാഷ്ട്രീയ കൃഷി വികാസ് പദ്ധതിയുടെ ഭാഗമായാണ് തുക അനുവദിച്ചിട്ടുള്ളത്. പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുക. കാസർഗോഡ് ജില്ലയിൽ 18001 ഹെക്ടർ സ്ഥലത്ത് സാധാരണ കൃഷിയും 500ഹെക്ടർ സ്ഥലത്ത് അതിസാന്ദ്രതാ കൃഷിയും മറ്റ് രണ്ട് ജില്ലകളിൽ 110 ഹെക്ടർ വീതം സാധാരണ കൃഷിയുമാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുക.

# തലസ്ഥാനത്ത് 12 കോടിയുടെ ഹാഷിഷ് ഓയിലുമായി രണ്ടു പേർ അറസ്റ്റിൽ



അറസ്റ്റിലായ പ്രതികൾ

തിരുവനന്തപുരം: അന്താരാഷ്ട്ര വിപണിയിൽ 12 കോടിയിലധികം രൂപ വിലവരുന്ന 11 കിലോ ഹാഷിഷ് ഓയിലുമായി രണ്ടുപേർ അറസ്റ്റിൽ. ആന്ധ്രാപ്രദേശിൽ താമസമാക്കിയ ഇടുക്കി സ്വദേശി സാബു സേവ്യർ, മധുര രാമനാഥപുരം സ്വദേശി സാദിഖ് എന്നിവരാണ് ഇന്നലെ രാവിലെ എക്സൈസ് സംഘത്തിന്റെ വലയിലായത്. കൃപ തീയേറ്ററിനടുത്തു നിന്ന് അറസ്റ്റിലായ ഇവരിൽ നിന്ന് മൂന്ന ലക്ഷം രൂപയും പിടിച്ചെടുത്തു.

ആന്ധ്രയിൽ നിന്ന് ചെന്നൈ വഴി ട്രെയിനിൽ തിരുവനന്തപുരത്ത് എത്തിച്ച ഹാഷിഷ് ഓയിൽ മാലിയിലേക്ക കടത്താനുള്ള ശ്രമത്തിനിടെയാണ് പ്രതികൾ കുടുങ്ങിയത്.

പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ് രണ്ടു ബാഗുകളിലായാണ് ലഹരിമരുന്ന് സൂക്ഷിച്ചിരുന്നത്. എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗിനു കിട്ടിയ രഹസ്യവിവരത്തെ തുടർന്ന് തിരുവനന്തപുരം എക്സൈസ് സി.ഐ അനികുമാറിന്റെ നേതൃത്വത്തിലായിരുന്നു ഓപ്പറേഷൻ.

ലഹരിമരുന്നു കടത്തിന് ജയിൽ ശിക്ഷ കഴിഞ്ഞു പുറത്തിറങ്ങിയ മാലി സ്വദേശിയുടെ നിർദ്ദേശപ്രകാരമാണ് ഇവർ ഹാഷിഷ് ഓയിൽ ഇവിടെ എത്തിച്ചതെന്ന് എക്സൈസ് അധികൃതർ പറഞ്ഞു. ആന്ധ്രാപ്രദേശിലാണ് ഹാഹിഷ് ഓയിലിന്റെ നിർമ്മാണം. അവിടെനിന്ന് ഏജന്റ് വശം ചെന്നൈയിൽ എത്തിച്ച് ഇവർക്കു കൈമാറുകയായിരുന്നു.

തിരുവനന്തപുരത്തെ മറ്റൊരു ഏജന്റിന് ചരക്കു കൈമാറാനുള്ള ശ്രമത്തിനിടെയായിരുന്നു അറസ്റ്റ്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

### ഹാഷിഷ് ഓയിൽ



കഞ്ചാവ് ചെടി ഉണങ്ങുന്നതിന് മുൻപ് വാറ്റിയെടുക്കുന്നതാണ് ഹാഷിഷ് ഓയിൽ.

പെൺ കഞ്ചാവു ചെടിയുടെ പൂക്കളിലെയും നാമ്പുകളിലെയും കറയാണ് ഹാഷിഷ് ഓയിൽ നിർമ്മാണത്തിന് കൂടുതൽ ഉപയോഗിക്കുന്നത്

"ഹാഷിഷ് ഓയിലിന്റെ രൂപം മാറ്റിയാണ് ഇവിടെ നിന്ന് മാലിയിലേക്കു കടത്തുന്നത്. വിമാനത്തിലോ കടൽ മാർഗമോ ആണ് കടത്തൽ.ഡാൽഡയെന്ന് തെറ്റിദ്ധരിപ്പിക്കുന്ന വിധം പായ്ക്കറ്റിലാക്കിയും കടത്താറുണ്ട്

- എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ അനിൽകുമാർ

## എ.ടി.എം കവർച്ച: ഇടനിലക്കാരനും അഭിഭാഷകരും കോടതിയിൽ ഏറ്റുമുട്ടി

തിരുവനന്തപുരം: എ.ടി.എം കവർച്ച കേസിൽ പിടിയിലായ റുമേനിയക്കാർക്ക് ജാമ്യമെടുക്കുന്നതുമായി ബന്ധപ്പെട്ട വാക്കുതർക്കത്തെ തുടർന്ന് ഇടനിലക്കാരനും അഭിഭാഷകരും വഞ്ചിയൂർ എ.സി.ജെ.എം കോടതി വളപ്പിൽ ഏറ്റുമുട്ടി. മർദ്ദനമേറ്റ ഇടനിലക്കാരൻ മണക്കാട് സ്വദേശി അഭിജിത്തിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇന്നലെ ഉച്ചയ്ക്ക് പ്രതികളായ ഐലി ഗബ്രിയേൽ മറിനോ, ഐണറ്റ് അലക്സാണ്ടറോ മറീനോ എന്നിവരുടെ ജാമ്യ ഹർജി പരിഗണിക്കുന്നതിന് മുമ്പായിരുന്നു സംഭവം. വെള്ളയമ്പലത്തെ എസ്.ബി.ഐ എ.ടി.എമ്മിൽ കാമറ ഘടിപ്പിച്ച ശേഷം ഇടപാടുകാരുടെ വിവരങ്ങൾ ശേഖരിച്ച് ഏഴ് ലക്ഷം രൂപ തട്ടിയെടുത്ത കേസിലെ പ്രതികളാണിവർ.

കോടതി കേന്ദ്രീകരിച്ച് പലർക്കും ജാമ്യമെടുക്കുന്നയാളാണ് അഭിജിത്ത്. ഇന്നലെ കേസിന് ഹാജരാകാനായി കോടതിലെത്തിയ ഇയാൾ പ്രതികളെ സമീപിച്ച് 15 ലക്ഷം രൂപ നൽകിയാൽ ജാമ്യമെടുത്തുനൽകാമെന്ന് അറിയിക്കുകയായിരുന്നു. വക്കീലിന്റെ പിടിപ്പുകേടാണ് ജാമ്യം ലഭിക്കാത്തതിന് തടസമെന്നും പറഞ്ഞു. ഇതു കേട്ടുനിന്ന പ്രതികളുടെ വക്കീലും അഭിജിത്തുമായി വാക്കുതർക്കമുണ്ടായി. തുടർന്ന് ഇയാൾ അഭിഭാഷകനെനെ മർദ്ദിച്ചു.

സംഭവമറിഞ്ഞ മറ്റ് അഭിഭാഷകരാണ് അഭിജിത്തിനെ മർദ്ദിച്ചത്. തുടർന്ന് കോടതിയിലുണ്ടായിരുന്ന പൊലീസുകാർ ഇയാളെ ജഡ്ജിയുടെ ചേംബറിലെത്തിച്ചാണ് രക്ഷിച്ചത്. പിന്നീട് ശംഖുംമുഖം എ.എസ്.പിയുടെ നേതൃത്വത്തിൽ പൊലീസെത്തി അഭിജിത്തിനെ കസ്റ്റഡിയിൽഎടുക്കുകയായിരുന്നു. അക്രമം സംബന്ധിച്ച് കേസെടുത്തതായി വഞ്ചിയൂർ എസ്.ഐ അറിയിച്ചു.

## മതിലിൽ ബൈക്കിടിച്ച് വിദ്യാർത്ഥികൾക്ക് ദാരുണാന്ത്യം



വിമൽ അജിത്

നെടുമ്പാശേരി: നിയന്ത്രണംവിട്ട ബൈക്ക് മതിലിലിടിച്ച് രണ്ട് ഐ.ടി.സി വിദ്യാർത്ഥികൾ തത്ക്ഷണം മരിച്ചു. അങ്കമാലി അയ്യമ്പുഴ നോമ്പിക്കോട്ട് വീട്ടിൽ ഷിബുവിന്റെ മകൻ വിമൽ (21), കോലഞ്ചേരി പട്ടിമറ്റം ചെങ്ങര നടയൻതുരുത്തി വീട്ടിൽ അരുൺരാജുവിന്റെ മകൻ അജിത്ത് (22) എന്നിവരാണ് മരിച്ചത്. അങ്കമാലി കിടങ്ങൂർ സെന്റ് ജോർജ് ഐ.ടി.സി വിദ്യാർത്ഥികളാണ്.

ഇന്നലെ രാവിലെ എട്ടിന് അത്താണി - ചെങ്ങമനാട് റോഡിൽ അപകടം പതിവായ പുത്തൻതോട് ഗ്യാസ് ഏജൻസിക്ക് സമീപത്തെ വളവിലായിരുന്നു സംഭവം. സഹപാഠിയായ പൊയ്ക്കാട്ടുശേരി സ്വദേശി ശ്രീജിത്തിന്റെ വിവാഹത്തിൽ പങ്കെടുക്കാൻ വെള്ളിയാഴ്ച രാത്രി 16 പേർ ബൈക്കുകളിലെത്തിയിരുന്നു. എട്ടുപേർ ചെങ്ങമനാട്ട് ലോഡ്ജിൽ മുറിയെടുത്തു. മറ്റുള്ളവർ രാത്രി മടങ്ങിപ്പോയി. ലോഡ്ജിൽ താമസിച്ചിരുന്ന നാലുപേർ രാവിലെ ഐ.ടി.സിയിലേക്ക് പോയിരുന്നു. ഇവർ പോയി അര മണിക്കൂർ കഴിഞ്ഞാണ് വിമലും അജിത്തും ഐ.ടി.സിയിലേക്ക് പുറപ്പെട്ടത്. വിമലാണ് ബൈക്കോടിച്ചിരുന്നത്.

പുത്തൻതോട് വളവിൽ എതിരെ വന്ന ടോറസിൽ ഇടിക്കാതിരിക്കാൻ ശ്രമിച്ചപ്പോഴാണ് അപകടമുണ്ടായതെന്ന് പൊലീസ് പറഞ്ഞു. ഇടിയിൽ റോഡരികിലെ മതിലും ഇരുമ്പ് ഗേറ്റും തകർത്ത ബൈക്ക് ചുമരുകളിൽ ഇടിച്ച ശേഷം സമീപത്തെ തേക്കാനത്ത് ബെന്നിയുടെ വീട്ടുമുറ്റത്ത് തെറിച്ചുവീണു. ശബ്ദം കേട്ട് ബെന്നിയുടെ വീട്ടുകാരാണ് ആദ്യം എത്തിയത്. വിമലിന്റെ മൃതദേഹം മഞ്ഞപ്ര ചന്ദ്രപ്പുര സെന്റ് ജോർഫ് യാക്കോബായ പള്ളിയിലും അജിത്തിന്റേത് കാക്കനാട് അത്താണി പൊതുശ്മശാനത്തിലും സംസ്കരിച്ചു. ഉഷയാണ് വിമലിന്റെ അമ്മ. സഹോദരൻ: അമൽ. അജിത്തിന്റെ അമ്മ: ജയ. സഹോദരങ്ങൾ: അഭിജിത്ത്, അനിൽ.

## കടയ്ക്കാവൂരിൽ ബൈക്ക് പോസ്റ്റിലിടിച്ച് മത്സ്യത്തൊഴിലാളിയായ യുവാവ് മരിച്ചു



ജോസഫ്

കടയ്ക്കാവൂർ: നെടുങ്ങണ്ട കോവിൽത്തോട്ടം ക്ഷേത്രത്തിന് സമീപം ബൈക്ക് പോസ്റ്റിലിടിച്ച് യുവാവ് മരിച്ചു. ഒപ്പമുണ്ടായിരുന്ന ആൾക്ക് ഗുരുതരമായി പരിക്കേറ്റു. അഞ്ചുതെങ്ങ് മണ്ണാകുളത്ത് പി.എം ഹൗസിൽ ആൽബർട്ടിന്റെ മകനും മത്സ്യത്തൊഴിലാളിയുമായ ജോസഫ്(19) ആണ് മരിച്ചത്. നെടുങ്ങണ്ട റീനാമൻസിലിൽ സെയ്ദ് മുഹമ്മദിന്റെ മകൻ സുധീറാണ്(32) മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ളത്. വെള്ളിയാഴ്ച രാത്രി പത്ത് മണിയോടെയാണ് ഇവർ സഞ്ചരിച്ച ബൈക്ക് പോസ്റ്റിലിടിച്ചത്. ഉടൻ തന്നെ ഇരുവരെയും മെഡിക്കൽ കോളേജിലെത്തിച്ചെങ്കിലും ജോസഫിന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. റോസ് മേരി ജോസഫിന്റെ മാതാവും പ്രിൻസി, നാൻസി എന്നിവർ സഹോദരങ്ങളുമാണ്. പോസ്റ്റ്മോർട്ടത്തിന് ശേഷം അഞ്ചുതെങ്ങ് സെന്റ്പീറ്റേഴ്സ്പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു.



# കേരളകൗമുദി ക്ലാസിഫൈഡ്സ്

better choice faster response



# Matrimonial Bride Wanted

ഈഴവ യുവാവ് - 33, M.Sc., ചെറിയപാപം, രോഹിണി, Online Marketing and Online Lecturer. ഉയർന്ന വാർഷിക വരുമാനം. സ്വന്തമായി ഇരുനില വീട്. മറ്റ് കുടുംബ സ്വത്തുക്കളും. താത്പര്യമുള്ളവർ മാത്രം വിളിക്കുക.
8547367223

---

Ezhava boy - 29, 173, Atham, B.Tech (NIT), MBA (IIM), Dy. Manager, MNC, TVM. Seeks alliance from well - employed/ professionally qualified girls.
9846014422/9946023133

---

ഈഴവ യുവാവ് - M.Tech., സോഫ്ട്വെയർ എൻജിനീയർ, തിരുവനന്തപുരം, 168 cm, 06.08.1986, 12.20 p.m., ആയില്യം.
Ph. 9895758774

---

പത്തര പാപമുള്ള ഈഴവ യുവാവ് - BA, അശ്വതി, 39 വയസ്സ്, നല്ല സാമ്പത്തിക ഭദ്രതയുണ്ട്. ബിസിനസ്സ്, തിരുവനന്തപുരം ജില്ല. ജാതകം നോക്കാത്തവരെയും പുനർവിവാഹവും ഗുരുഅരുൾ പ്രകാരം കല്യാണം കഴിക്കാൻ താൽപര്യമുള്ള യുവതികളുടെ രക്ഷാകർത്താക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.
9961616046

---

ഈഴവ യുവാവ് - 30, 165 cm, തൃക്കേട്ട, 3 പാപം, 1988 ഏപ്രിൽ 7 രാവിലെ 9.45, ഇടത്തരം കുടുംബം. SSLC, Aluminium Fabrication Shop ഉടമ. ബ്യൂറോ അല്ല.
9539299374, 9846550528.

---

Ezhava boy - 29, 170 cm, Chathayam, B.Tech, Software Engineer (MNC), Trivandrum, High Class. Preferred professionally qualified employed girls.
E 2983549, 9446555504.

---

ഈഴവയുവാവ് - +2, വിശാഖം, 21.11.1987, TVM. ബ്യൂറോ അല്ല.
9497878892

---

### ഈഴവ യുവാവ്

പൂയം, 8.7.1986, 8 p.m., 174 cm, B.Com, Senior Safety Officer, Abudhabi. Kollam, Anchal. ബ്യൂറോ അല്ല. ലീവിന് നാട്ടിലുണ്ട്.
Ph: 7025586033, 9048900315
E 2512232, EZH 321330.

| | | | |
|---|---|---|---|
| | സ | | ര |
| ഗു | ഗ്രഹനില | | ച.ബു. |
| ല.മ. | | | ശു |
| കു | മ | ശി | |

---

ഈഴവ യുവാവ് - 27, 175, B.Tech, MBA, സർക്കാർ സ്ഥാപനത്തിൽ ഓഫീസർ.
9947243405, 8138995634.

---

ഈഴവ യുവാവ് - 39, രേവതി, സ്വയം തൊഴിൽ, ഒരു കൈയ്ക്ക് ചെറിയ സ്വാധീനക്കുറവുണ്ട്. ബാദ്ധ്യതയില്ലാത്ത പുനർവിവാഹവും പരിഗണിക്കും.
9847365891

---

ഈഴവ യുവാവ് - 29, ഭരണി, 173 cm, Diploma, കുവൈറ്റിൽ ജോലി, ഇടത്തരം കുടുംബം. TVM.
9388939994

---

ഈഴവ യുവാവ് - 31, 13.03.1987, മകം, 178 cm, പാപം 1¾, B.Sc Hotel Management, ഷെഫ്.
9946281994, 9539407978
E 4354569

---

ഈഴവ യുവാവ് - ഉത്തൃട്ടാതി, 31 വയസ്സ്, 180 cm, B.Tech, MNC, Technopark. ബ്യൂറോ അല്ല.
E 4094232, 9496445825, 9446225825.

---

ഈഴവ യുവാവ് - ഉത്രം, 32, 3¾ പാപം, 168 cm, ദുബായിൽ ഹെവി ഡ്രൈവർ. ബ്യൂറോ അല്ല.
9633533119, 9947239946.

---

ഈഴവ യുവാവ് - തിരുവോണം, 01.11.1984, 6.30 a.m, BA, ITC, Electrical Contractor, Height - 170 cm. ബ്യൂറോ അല്ല. Kollam.
8907433107.

---

ഈഴവ യുവാവ് - 20.10.1982, 4.35 a.m, 166 cm, അനിഴം, വെളുപ്പുനിറം, അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലി. ബ്യൂറോ അല്ല.
9020702020, 9544869638.

---

ഈഴവ യുവാവ് - 31, 170 cm, പുണർതം, BA, പ്രൈവറ്റ് ജോലി. കൊല്ലം. ചെറിയ പാപദോഷം. ശുദ്ധവും ചേരും. ബ്യൂറോ അല്ല.
9744304630

---

### BRIDE WANTED

Ezhava boy - Kollam Dist., 27, 180 cm, Pooradam, Papajathakam, B.Tech, Civil, Govt. Contractor. Not Bureau. ID E 26652,
ganesht2U@gmail.com
9567061791, 0475 - 2273717.

മ ബു

| | | | | |
|---|---|---|---|---|
| | ര | ബു ശു | | കു |
| | | ഗ്രഹനില | ഗു ശി | ശി മാ |
| ര സ | മ സ | | | ച |
| ല കു | ച മാ | ല | | ഗു |

ശു

---

ഈഴവ യുവാവ് - 32, ഉത്രം, കന്നി രാശി, 163 cm, ബി.ടെക്, സിവിൽ കോഴ്സ് പൂർത്തിയാക്കി, സ്വന്തമായി കൊല്ലം സിറ്റിയിൽ ബിസിനസ്സ്. ഉയർന്ന സാമ്പത്തികം. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
Phone : 9745071263

---

### പുനർവിവാഹം

ഈഴവ യുവാവ് - 50, കൊല്ലം, പൂരാടം, ബിസിനസ്സ്, ഭാര്യ മരണപ്പെട്ടു. ബാദ്ധ്യതയില്ല.
9947054506

---

### ഈഴവ യുവാവ്

1985 ജൂലൈ 4, 2.30 p.m, തിരുവോണം, കുവൈറ്റ് ഓയിൽ കമ്പനിയിൽ ജോലി. 52 ദിവസം കുവൈറ്റിലും 28 ദിവസം നാട്ടിലും. ബ്യൂറോ അല്ല.
9388390372,
9747990372.

---

### ഈഴവ യുവാവ്, 33, MBA

കൊല്ലം, റിട്ട. ഉദ്യോഗസ്ഥരുടെ മകൻ, 173, തിരുവാതിര, ടെക്നിക്കൽ അസിസ്റ്റന്റ് (പഞ്ചായത്ത്).
9447342980

---

### EZHAVA ASST. PROF. MD GOVT. MED. COLLEGE

അനിഴം, 38, 171 cm, ശുദ്ധം. Employed/ PG Doctors.
0471 - 2551527,
9496547269.

---

### പുനർവിവാഹം

ഈഴവ യുവാവ് - വയസ്സ് 47, നക്ഷത്രം : ചോതി, ജോലി : ബിസിനസ്സ്. ബാദ്ധ്യത ഇല്ല. കുട്ടിയുള്ളതും പരിഗണിക്കും.
Phone : 9048901872

---

ഈഴവ യുവാവ് - 30, തിരുവാതിര, 186, M.Phil, അദ്ധ്യാപകൻ, ശുദ്ധം.
8281505326,
8113990782.

---

### BRIDE WANTED

Ezhava boy - upper middle class, B.Com, 29, 178 cm, Ayillyam, 4.25 Papam, Alleppey Dist. Running well settled family textiles. Seek alliance from educated girls from upper middle class family.
ID: E4557365,
Ph: 9946339499

---

ഈഴവ യുവാവ് - 30.06.1982, 3.50 p.m, ചോതി (ശുദ്ധം), 161 cm, M.Com, അക്കൗണ്ട്സ് ഓഫീസർ, ടെക്നോപാർക്ക്, തിരുവനന്തപുരം.
9526407477

---

ഈഴവ യുവാവ് - 14.12.1986, 7 a.m, കാർത്തിക, 164 cm, ബഹ്റിനിൽ ജോലി. ഡിമാൻഡില്ല.
8086637363

---

ഈഴവ യുവാവ് - 32, 172, 02.04.1986, 11.15 p.m, ഉത്രാടം, B.Tech, Software Engineer, Dubai.
9746136677,
9895663250.

---

**ഈഴവ യുവാവ് - 27, 173, M.Tech, Assistant Professor, Engineering College. ആലോചനകൾ ക്ഷണിക്കുന്നു. തിരുവനന്തപുരം.**
7025404179

---

ഈഴവ യുവാവ് - 32, 167 cm, ഭരണി, 29.07.1986, 9.5 p.m, 1½ പാപം, +2, ടൈലിന്റെ ജോലി. തിരുവനന്തപുരം. ബ്യൂറോ അല്ല.
8943594322

---

ഈഴവ യുവാവ് - 30, 157, വിശാഖം, ദുബായ്, അവധിയിൽ നാട്ടിലുണ്ട്, ഇടത്തരം കുടുംബം. ആറ്റിങ്ങൽ. ബ്യൂറോ അല്ല.
പിതാവ്: 9746451374,
9746063831.

---

ഈഴവ യുവാവ് - തിരുവാതിര, 43, പാപജാതകം, M.Com, സ്വന്തമായി വീട്, പ്രൈവറ്റ് ജോലി. പുനർവിവാഹവും നോക്കുന്നു. ബ്യൂറോ അല്ല.
9747052693

---

ഈഴവ യുവാവ് - 36, 158, ആയില്യം, ശുദ്ധം, ഡ്രൈവർ, ആലപ്പുഴ. ബ്യൂറോ അല്ല.
8547377470

---

### പാപജാതകം

ഈഴവ യുവാവ് - 28, 172, പുണർതം, B.Tech, Mechanical Engineer, അബുദാബി. തിരുവനന്തപുരം ജില്ല.
9495152643,
0472 - 2871148.

---

### BRIDE WANTED

Ezhava boy - Kollam, 32, Rohini, 3½ Papam, 170 cm, fair, Reputed Hospital in Dubai, B.Sc, MIRT & MBA (Senior Technologist), family visa, upper middle class, coming soon.
9539892109, 7034148197.

---

### വധുവിനെ ആവശ്യമുണ്ട്

ജാതകദോഷം, സ്ത്രീധനം, ആർഭാടം, പരമാവധി ഒഴിവാക്കാൻ താൽപര്യമുള്ള ഈഴവ യുവാവ് - 33 (20.05.1985, 5.30 a.m, പൂയം), +2, Com, Course ബിസിനസ്സ്. സാമ്പത്തികമുണ്ട്.
9142363237

---

### പുനർവിവാഹം

ഈഴവ യുവാവ് - 42, 162, ഉത്തൃട്ടാതി, B.Tech, കംപ്യൂട്ടർ സയൻസ്, ഗൾഫ് (IT മാനേജർ). ബാദ്ധ്യതയില്ല.
9495570739

---

### ഏഴിൽ ചൊവ്വ

ഈഴവയുവാവ് - 30, തൃക്കേട്ട, 180, ഇടത്തരം, ഡ്രൈവർ. ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
9490589705,
9747386730.

---

### പ്ലസ് ടു അദ്ധ്യാപകൻ

ഈഴവ യുവാവ് - ആലപ്പുഴ, 34, പൂരാടം, ശുദ്ധജാതകം, എയ്ഡഡ് സ്കൂൾ അദ്ധ്യാപകൻ. ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
9747636462,
0479 - 2356442.

---

### പുനർവിവാഹം

ഈഴവ യുവാവ് - കാർത്തിക, ജനനം : 04.05.1973. ബാദ്ധ്യതയില്ലാത്ത ആലോചനകൾ ക്ഷണിക്കുന്നു. ലളിതവിവാഹം. ബ്യൂറോ അല്ല.
9847398619,
0479 - 2331794.

---

തീയ്യ 32 - 167 ചതയം, BSC കേന്ദ്ര ഗവ. ജോലി, കണ്ണൂർ ജില്ല, കേൾവി കുറവുണ്ട്, സംസാരിക്കും, ബ്യൂറോ അല്ല.
7510287760,
6238348316

---

ഈഴവ യുവാവ്, 48, 172cm, അത്തം, ITI, ദുബായ്, സൂപ്പർവൈസർ, കുട്ടികളില്ലാത്ത രണ്ടാം വിവാഹവും പരിഗണിക്കും.
9496205264
0484-2514963

---

### BRIDE WANTED

Ezhava boy - 31, 172, Thiruvonam, B.Tech, MBA, Production Manager, upper middle class. Seeks alliance.
9074564737

---

ഈഴവ യുവാവ് - 30, 180, അവിട്ടം, MBA, Manager, കൊല്ലം, കടയ്ക്കൽ.
E-4103755, 9946851880.

---

ഈഴവ യുവാവ് - ഭരണി, 34, Pvt. ജോലി, ഡിമാൻഡില്ല. ബ്യൂറോ അല്ല.
8943483764

---

ഹിന്ദു ഈഴവ - 1993 Aug. 13, 10.10 p.m, മകയിരം, നേരിയ ചൊവ്വ. വിദേശം. വധുവിനെ ആവശ്യമുണ്ട്.
9847200118

---

**ഈഴവ യുവാവ് - 29, 176, MDS Doctor. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.**
8129999732

---

Ezhava boy - 27, 176, M.Tech, University Assistant, Govt.
9746991469

---

ഈഴവ യുവാവ് - റിട്ട. ഉദ്യോഗസ്ഥരുടെ മകൻ, 36 വയസ്സ്, 175 cm, സുമുഖൻ, അത്തം, B.E, കംപ്യൂട്ടർ സയൻസ്, സോഫ്ട്വെയർ എൻജിനീയർ, ടെക്നോപാർക്ക്, അപ്പർ മിഡിൽ ക്ലാസ്സ്. അനുയോജ്യമായ ആലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിക്കുന്നു.
Phone : 9446519647,
ID E 1723979

---

ഈഴവ യുവാവ് - 28, B.Tech, Canara Bank ഉദ്യോഗസ്ഥൻ, മീഡിയം ഫാമിലി. സാമ്പത്തികം കാര്യമാക്കുന്നില്ല.
7994214589

---

ഈഴവ യുവാവ്, 31, ഉത്രാടം, ശുദ്ധ ജാതകം, ഹെവി ഡ്രൈവർ. കൊല്ലം, 9747984176.

---

ഈഴവ യുവാവ്, 35, 166, പൂരം, പ്ലസ് ടു, സ്വന്തമായി ബിസിനസ്, തിരുവല്ല, സാമ്പത്തികം പ്രശ്നമല്ല. ഇടത്തരം കുടുംബങ്ങളിലെ അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു, ബ്യൂറോയല്ല.
9847165796

---

### പുനർവിവാഹം

ഈഴവ യുവാവ്, 31, രോഹിണി, കർഷക കുടുംബം, സാമ്പത്തികം പ്രശ്നമല്ല
9400644111

---

ഈഴവ യുവാവ്, 36, 168 CM, ഉതൃട്ടാതി, Govt Employee (KMML Chavara), 2.45.
ബ്യൂറോ അല്ല.
9895058713,
0476 - 2831842.

---

ഈഴവ യുവാവ് - 28, തിരുവോണം, ചെറിയ പാപം, 188, ഡിഗ്രി, തിരുവനന്തപുരം ജില്ല, ബിസിനസ്സ്, നല്ല സാമ്പത്തികം. ബ്യൂറോ അല്ല.
9495901539,
8547372880.

---

ഈഴവ യുവാവ് - പൂരം, 175 cm, 23.12.1986, 3.05 p.m, B.Sc, MBA, ടെക്നോപാർക്കിൽ ജോലി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
9846365005

---

ഈഴവ യുവാവ് - 1990, 180 cm, പൂയം, B.Tech, വിദേശം, തിരുവനന്തപുരം ജില്ല. ബ്യൂറോ അല്ല.
9847900174,
8139001740.

---

ഈഴവയുവാവ് - 28, Diploma, അമേരിക്കയിൽ settled. സാമ്പത്തികം കുറഞ്ഞ പഠിക്കുന്നവരുമാകാം.
8943026234

---

ഈഴവ യുവാവ് - 28, രേവതി (7-ൽ പാപം), 1989 Oct. 15, 2.10 a.m, Muscat-ൽ ഡ്രൈവർ, ഇടത്തരം കുടുംബം. ഡിമാൻഡില്ല. ബ്യൂറോ അല്ല.
9645321810

---

**Ezhava boy - 30, 176, MBBS, MD Doctor. Seek alliance.**
7994681374

---

ഈഴവയുവാവ്, തിരുവോണം, 1987 ജൂൺ 15, 6.40 am, 165 cm, MCA, Lecturer, Business, പത്തനംതിട്ട.
9447700579
8078885729

---

ഈഴവയുവാവ്, 30, അവിട്ടം, ദുബായ്, അക്കൗണ്ടന്റ്, ജോലിക്കാർക്ക് മുൻഗണന, ബ്യൂറോയല്ല.
9947080718

---

ഈഴവ യുവാവ്, 29, ചിത്തിര, 167, സിവിൽ ഡിപ്ലോമ, ദുബായ്, ഇടത്തരം കുടുംബം, പത്തനംതിട്ട, ബ്യൂറോ അല്ല.
9947935429

---

ഈഴവ യുവാവ്, 29/178, ചോതി, B.Tech, ദുബായ്, ലീവിലുണ്ട്, പത്തനംതിട്ട, ബ്യൂറോ അല്ല.
9446438582

---

### BRIDE WANTED

ഈഴവ യുവാവ്, ചതയം, 1 1/2 പാപം, 03.05.1986, 11.10 AM, സോഫ്റ്റ്‌വെയർ എഞ്ചിനീയർ, തിരുവനന്തപുരം ടെക്നോപാർക്കിൽ ജോലി.
KMID : E3807437
0474 2765787
9495431688

---

**Ezhava boy - 32, Thiruvathira, 173 cm, MBBS, MD, DNB, DM, working in Private Hospital.**
9400553991

---

ഈഴവയുവാവ് - തിരുവനന്തപുരം ജില്ല, അത്തം, 29, ശുദ്ധജാതകം (3½ പാപം), 178 cm, B.Pharm, Oman-ൽ പെട്രോളിയം കമ്പനിയിൽ കെമിസ്റ്റ്, ഇടത്തരം കുടുംബം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
7559065632

---

ഈഴവ യുവാവ് - B.Com, 30, 175 cm, വിശാഖം, ശുദ്ധം, കമ്പനി ജോലി, ഇടത്തരം. ബ്യൂറോ അല്ല.
9495383303

---

ഈഴവാത്തി യുവാവ് - 33, ചിത്തിര, 160, ബ്യൂട്ടീഷ്യൻ, ഡിമാൻഡില്ല. ഈഴവ - സമാനജാതി പരിഗണിക്കും.
8606561320, 9072513206.

---

ഈഴവ യുവാവ്, 33, അവിട്ടം, ബിസിനസ്, ഏക മകൻ, ഡിമാന്റില്ല, കോട്ടയം
8281516861

---

ഈഴവ യുവാവ്, 35, പൂരാടം, കോട്ടയം ജില്ല, സാധാരണ കുടുംബം, ബ്യൂറോ അല്ല.
9048015102

---

സ്വന്തമായി തൊഴിൽ ചെയ്യുന്ന ഈഴവ യുവാവ്, ഉത്രാടം, 31/180, ബിഎ, ഇടത്തരം കുടുംബം.
8281519745.

---

ഈഴവയുവാവ്, 29/173, അശ്വതി ശുദ്ധജാതകം, Technopark
6238235457, 6282777163.

---

അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഈഴവ യുവാവ് (മകം, 45) (21/10/1973. 10.55 PM) ഒരു മാസത്തെ ദാമ്പത്യം നിയമപരമായി പിരിഞ്ഞത്. കൊല്ലം ജില്ലക്കാർക്ക് മുൻഗണന. Ph: 7356936925, 9947278284.

---

ഈഴവയുവാവ്, 172, അനിഴം, 18.2.1990, 9.43 am, സിവിൽ എഞ്ചിനീയർ, ഏകമകൻ, ഇടത്തരം കുടുംബം, അമ്മയില്ല, സാമ്പത്തികം പ്രശ്നമല്ല, തിരുവല്ല, ബ്യൂറോയല്ല.
9349425729
9744892907

---

ഈഴവ യുവാവ് - 33. 190 cm, കാർത്തിക (30.10.1985), 10.04 p.m., ശുദ്ധജാതകം, ചെറിയ പാപം, ഏകമകൻ, ഇലക്ട്രീഷ്യൻ, ബ്യൂറോ അല്ല.
Ph. 9526362982

---

ഈഴവ യുവാവ് - പൂരം, 26, 172, DOB 14.04.1992, 6.18 p.m., BCA, Pvt. ജോലി. ബ്യൂറോ അല്ല.
8590479846

---

ഈഴവയുവാവ് - 31, കാർത്തിക, ഡിഗ്രി, ആനിമേഷൻ (PVT JOB), ബ്യൂറോ അല്ല.
8086835960, 9645023002

---

### ശുദ്ധജാതകം

ഈഴവ യുവാവ് - 37, മകയിരം, SSLC, ഡ്രൈവർ (Pvt), സാധാരണ കുടുംബം. ഡിമാൻഡില്ല, ബ്യൂറോയല്ല.
9633782160

---

ഈഴവയുവാവ് - 35, തൃക്കേട്ട, 1982 ജൂൺ 6, 6.05 p.m., ബുൾഡോസർ ഓപ്പറേറ്റർ U.A.E, ഉടൻ ലീവിൽ വരും. ബ്യൂറോ അല്ല. 9946214600

---

ഈഴവ യുവാവ്, ആയില്യം, 29/168, M.Com, Dubai Accounts, Kollam.
9605966050, 9846812966

---

ഈഴവയുവാവ്, 7/8/1993, 177 CM, 9.15AM, ഉത്രട്ടാതി, ചെറിയപാപം, B Tech, business, ഉയർന്ന സാമ്പത്തികം, കൊല്ലം.
9447053593, 9400148009.
ബ്യൂറോ അല്ല.

---

ഈഴവ യുവാവ്, 27, ചിത്തിര, 10.06.1992, 172 CM, ആർമി Clerk, ഡിഗ്രി, ബ്യൂറോ അല്ല.
9447503635.

---

ഈഴവയുവാവ്, 165/32, പൂയം, വെൽഡർ, വിദ്യാഭ്യാസം +2, ഇടത്തരം കുടുംബം. Ph: 9447995445, 9633227064.

---

ഈഴവയുവാവ്, പൂരം, 3.4.1985, 3PM, 180, B.Com, ഖത്തർ, ശുദ്ധം. 7902758649.

---

ഈഴവ യുവാവ്, കൊല്ലം, 25/167, തിരുവാതിര, Army യിൽ ജോലി.
7902642775, 7902425107.

---

### ഈഴവയുവാവ് BA

ബൈജു 39, 180cm നക്ഷത്രം അശ്വതി സർക്കാർ ജോലി
9497625813

---

### BRIDE WANTED

Ezhava boy - 21.01.1986, Rohini, 2.25 p.m, B.Tech, Abudhabi Transporting Company (MD), upper middle class. Proposals from well-educated girls.
BLUE STAR SCHOOL BUSES, TRANSPORTATION, ABUDHABI.
00971557214272, 9961262827, ID E 3623300.

# കൃഷി സംരക്ഷിക്കാൻ കീടത്തെ കെണിയിലാക്കൂ

## പഴക്കെണി

പാളയംകോടൻ പഴം തൊലി കളയാതെ മൂന്ന് നാല് കഷണങ്ങളാക്കി മുറിക്കുക. പഴം മുറിച്ച ഭാഗങ്ങളിൽ അല്പം രാസകീടനാശി പുരട്ടുക ഈ പഴക്കഷണങ്ങൾ ചിരട്ടകളിലാക്കി ഉറി പോലെ തൂക്കിയിടുക. 20 തടത്തിന് ഒരു കെണി അല്ലെങ്കിൽ 25 ഗ്രോബാഗിന് ഒരു കെണികൾ വേണ്ടിവരും വിഷലിപ്തമായ പഴച്ചാറു കുടിച്ച കീടങ്ങൾ ചത്തൊടുങ്ങും.

പഴക്കെണി ഉപയോഗിച്ച് കായീച്ചകളെ നിയന്ത്രിക്കാമെങ്കിലും, ഇതിന് മറ്റ് ചില ദൂഷ്യവശങ്ങളുമുണ്ട്. വിഷാംശമുള്ള പഴം പക്ഷികൾ ഭക്ഷിക്കാനിടയായാൽ അവ ചത്തൊടുങ്ങളും അതിനാൽ, പക്ഷികൾക്ക് പഴം ലഭിക്കാത്ത വിധത്തിൽ, നൈലോൺ വല കൊണ്ട് മൂടാൻ മറക്കരുത്.



## തുളസിക്കെണി

10 തടത്തിന് ഒരു കെണി അല്ലെങ്കിൽ 25 ഗ്രോബാഗിന് ഒരു കെണി എന്നതാണ് കണക്ക്. ഒരു പിടി തുളസിയില നന്നായി അരച്ചത്, 10 ഗ്രാം, ശർക്കര വെള്ളം എന്നിവ ഉപയോഗിച്ചാണിത് തയാറാക്കുന്നത്. ഒരു പിടി തുളസിയില നന്നായി അരച്ച് ചിരട്ടയിലെടുത്ത് 10 ഗ്രാം ശർക്കര പൊടിച്ച് യോജിപ്പിക്കുക. ശേഷം ഏതെങ്കിലുമൊരു രാസകീടനാശിനി അല്പം ചേർക്കുക . അല്പം വെള്ളം ചേർക്കുക. പന്തലിനടിയിൽ ഉറികൾ തയ്യാറാക്കി ചിരട്ട അതിൽ വയ്ക്കുക. കെണിയിലേക്ക് ആകർഷിക്കപ്പെടുന്ന കീടങ്ങൾ ചാറുകുടിച്ച് ചത്തൊടുങ്ങും.

## തേങ്ങാവെള്ള കെണി

രണ്ട് ദിവസം ശേഖരിച്ച് പുളിപ്പിച്ച തേങ്ങാവെള്ളം, യീസ്റ്റ് മൂന്ന് തരി, കാർബോസൾഫാൻ ഒരു നുള്ള്, പച്ച ഓലകഷണം എന്നിവയാണ് തേങ്ങവെള്ളക്കെണിക്കുള്ള ചേരുവകൾ. പുളിപ്പിച്ച തേങ്ങാവെള്ളം മൂന്ന് തരി യീസ്റ്റും ചേർത്ത് ഒരു ചിരട്ടയിൽ അര ഭാഗം ചേർക്കുക. ഇതില് ഏതെങ്കിലും ഒരു നുള്ള് രാസകീടനാശിനി ചേർത്ത് ഇളക്കുക. തേങ്ങാവെള്ളത്തിനു മുകളിൽ ഒരു പച്ച ഓലക്കാൽ കഷണം ഇടുക. കെണി പന്തലിൽ തൂക്കിയിടാം. ഈച്ചകൾ ഓലക്കാലിൽ ഇരുന്ന് വിഷം കലർന്ന തേങ്ങാവെള്ളം കുടച്ച് ചാകും, 10 തടത്തിന് ഒരു കെണി അല്ലെങ്കിൽ 25 ഗ്രോബാഗിന് 1 കെണികൾ വേണ്ടിവരും.



## കഞ്ഞിവെള്ള കെണി

കഞ്ഞിവെള്ളം, ശർക്കര 10 ഗ്രാം, ഈസ്റ്റ് നാല് തരി, ഏതെങ്കിലും ഒരു നുള്ള് രാസകീടനാശിനി , ഈസ്റ്റ് 34 തരി എന്നിവയാണ് കഞ്ഞിവെള്ളക്കെണിക്ക് വേണ്ടത്. ഒരു ചിരട്ടയിൽ അരഭാഗം കഞ്ഞിവെള്ളം നിറയ്ക്കുക. ഇതിൽ 10 ഗ്രാം ശർക്കര പൊടിച്ച് ചേർക്കുക. 34 തരി യീസ്റ്റും ഒരു നുള്ള് കാർബോസൾഫാൻ തരിയും കൂടി ചേർത്തിളക്കുക. കെണി പന്തലിൽ തൂക്കിയിടുക. വിഷലിപ്തമായ കഞ്ഞിവെള്ളം കുടിക്കുന്നതോടെ ഈച്ചകൾ ചാകും 10 തടത്തിന് ഒരു കെണി അല്ലെങ്കിൽ 25 ഗ്രോബാഗിന് 1 കെണികൾ വേണം.

## മീൻകെണി

ഒരു ചിരട്ട പോളിത്തീൻ കൂടിനുള്ളിൽ ഇറക്കിവയ്ക്കുക. ഇതിൽ അഞ്ച് ഗ്രാം ഉണങ്ങിയ മീൻപൊടി ഇടുക. കുറച്ച് വെള്ളം തളിച്ച് മീൻപൊടി ചെറുതായി നനയ്ക്കുക. ഏതെങ്കിലും രാസ കീടനാശിനി അല്പം മീൻ പൊടിയിൽ ചേർത്ത് ഇളക്കുക. പോളിത്തീൻ കൂടിന്റെ മുകൾ ഭാഗം കൂട്ടിക്കെട്ടുക ചിരട്ടയ്ക്ക് മുകളിലുള്ള പോളിത്തീൻ കൂടിന്റെ ഭാഗങ്ങളിൽ അവിടവിടയായി ഈച്ചകൾക്ക് കടന്നുകൂടാൻ തക്ക വലിപ്പമുള്ള ദ്വാരങ്ങളിടുക. കെണി പന്തലിൽ തൂക്കിയിടുക. കെണികൾ ഒരാഴ്ച ഇടവിട്ട് പുതുക്കി വയ്ക്കുക. 10 തടത്തിന് ഒരു കെണി അല്ലെങ്കിൽ 25 ഗ്രോബാഗിന് 1 കെണികൾ വേണം.

## ഉറുമ്പുകെണി

മുളക്, വഴുതന, കത്തിരി, വെണ്ട, പയർ തുടങ്ങിയ ചെടികളുടെ വേര്, തണ്ട്, പൂവ്, കായ് എന്നിവയെ തുരക്കുന്ന ഉറുമ്പുകളെ നിയന്ത്രിക്കാൻ ഉറുമ്പുകെണി വയ്ക്കാം. ചെടികളുടെ ചുവട്ടിൽ നിന്നും മാറ്റി ഒഴിഞ്ഞ സ്ഥലങ്ങളിൽ വേണം കെണി ഒരുക്കാൻ. ഒരടി നീളവും ഒന്നര ഇഞ്ച് വ്യാസവുമുള്ള പി.വി.സി കുഴൽ അല്ലെങ്കിൽ മുളങ്കുഴൽ ചെറുചരിവിൽ കിടത്തിയിടുക. കുഴലിന്റെ മുകളിലത്തെ വാവട്ടത്തിനു തൊട്ടുതാഴെ മുറുകി ഇരിക്കും വിധം പച്ചയിറച്ചിക്കഷണമോ പച്ചമീനോ തള്ളിവയ്ക്കുക. ഉറുമ്പുകൾ ഇറച്ചിയിൽ ആകർഷിക്കപ്പെട്ട് കുഴലിനു ചുറ്റും കൂടും. ഇപ്പോൾ ഒരു ചൂട്ട് കൊണ്ട് (ഉണങ്ങിയ ഓല ഒതുക്കി കെട്ടിയത്) കത്തിച്ച് കുഴലിനടിത്ത് പിടിക്കുക ചൂട്കൊണ്ട് ഉറുമ്പുകൾ ചത്തു വീഴുന്നു. ചത്ത ഉറുമ്പിനെ എടുത്തുമാറ്റാൻ ഉറുമ്പുകൾ വരികയും കുഴലിനു ചുറ്റും കൂടുകയും ചെയ്യുന്നു. തീ പ്രയോഗം നടത്തി ഉറുമ്പുകളെ കൊല്ലാം.

തയാറാക്കിയത് :
ഹരികുമാർ മാവേലിക്കര,
അസി. കൃഷി ഓഫീസർ,
കരിമ്പ് വിത്തുത്പാദനകേന്ദ്രം, പന്തളം

# ചീര : ശ്രദ്ധയുള്ള പരിപാലനം ഉല്ലാസത്തോടെ വിളവെടുപ്പ്



കടുത്ത മഴക്കാലം ഒഴികെ ചീര കൃഷി ചെയ്യാം. നല്ല വെയിൽ ലഭിക്കുന്നതും നീർവാഴ്ചയുള്ളതുമായ സ്ഥലം തിരഞ്ഞെടുക്കുക. ഒരു മീറ്റർ വീതിയിലും 20- 30 സെ. മീ ഉയരത്തിലും തറകൾ ഉണ്ടാക്കി 15- 20 സെ.മി അകലത്തിൽ വരികളിൽ പൊടിമണലുമായി കലർത്തി വേണം വിത്ത് വിതറാൻ . മൂന്നാഴ്ച പ്രായമുള്ള ( രണ്ട് മൂന്ന് ഇലകൾ വന്നിട്ടുണ്ടാവും. ) തൈകൾ പറിച്ചുനടാം. മേൽപ്പറഞ്ഞ രീതിയിൽ കൃഷി ചെയ്യുന്നത് വള പ്രയോഗത്തിനും നനയ്ക്കാനും ഉത്തമം.

ചീര നടുമ്പോൾ എല്ല് പൊടി കോഴിവളം, ചാണകപ്പൊടി എന്നിവ തടം ഒരുക്കുമ്പോൾ തന്നെ അടിവളമായി ചേർക്കാവുന്നതാണ്. ചീര വിത്ത് പാകി പറിച്ച് നടക്കണം. ചീരയ്ക്ക് എല്ലാ ദിവസവും നനയ്ക്കണം. 15 ദിവസം കഴിയുമ്പോൾ വാരത്തിൽ ആറ് ഇഞ്ച് അകലത്തിൽ പറിച്ച് നടാം. പറിച്ചുനട്ട് കഴിഞ്ഞാൽ മൂന്ന് ദിവസം രണ്ട് നേരവും നനയ്ക്കണം. തൈനട്ട കഴിഞ്ഞാൽ മൂന്ന ദിവസമാകുമ്പോഴേക്കും അവ നിവർന്ന് നിൽക്കാൻ തുടങ്ങും. ഉടൻ കമ്പോസ്റ്റ് വളം കൊടുക്കാം. ഒരാഴ്ച കഴിഞ്ഞ് ഗോമൂത്രം ഒരു ലിറ്ററിന് 10 ലിറ്റർ വെള്ളം കലർത്തി നനയ്ക്കണം. 10 ദിവസം കഴിയുമ്പോൾ കോഴിവളം ഗോമൂത്രത്തിൽ കുതിർത്ത് വിതറി നനയ്ക്കുന്നത് വളരെ ഗുണകരമാണ്. ചീരയ്ക്ക് പ്രധാനമായി കണ്ടുവരുന്ന രോഗമാണ് ഇലപ്പുള്ളി രോഗം. പച്ച ച്ചീരയും ചുവന്ന ചീരയും ഇടക്കലർത്തിനടുന്നത് ഇതിന് ഒരു പ്രതിവിധിയാണ് .പച്ച ചാണക തെളി, ഫിഷ് അമിനാ ആസിഡ് അഥവാ മീൻ വളം എന്നിവ ഇലയിൽ തളിയ്ക്കുന്നതും ഉത്തമമാണ്. കൃഷി ചെയ്ത് 30 ദിവസം കഴിഞ്ഞാൽ ചീര വിളവെടുക്കാം.

## വിത്ത് ഉറുമ്പ് എടുക്കാതിരിക്കാൻ

വിത്തിന്റെ കൂടെ റവയും മണലും ഇടകലർത്തി പാകണം. ഉറുമ്പിന്റെ ആക്രമണത്തിൽ നിന്ന് വിത്തിനെ സംരക്ഷിക്കാനാണിത്. റവ ഉറുമ്പ് എടുത്ത് കൊണ്ട് പൊയ്ക്കോളും. മഞ്ഞൾ പൊടി വിതറുന്നതും കീടത്തിന്റെ ആക്രമണത്തെ തടയും.

വിത്ത് ഉറുമ്പ് എടുക്കാതിരിക്കാൻ മണ്ണിൽ ഉറുമ്പ് പൊടി വിതറുന്നത് നല്ല രീതിയല്ല. ഇത് മണ്ണിനെ വർഷങ്ങളോളം വിഷമയമാക്കിത്തീർക്കും. ചീരയുടെ വിത്തിടുമ്പോൾ കുറച്ച് കടുകും കൂടി ചേർത്ത് വിതറുക . ഇത് പുഴശല്യം വളരെയധികം കുറയ്ക്കും

## വളപ്രയോഗം

ചീരക്കു പച്ച ചാണകം വെള്ളം ചേർത്ത് കലക്കി നേർപ്പിച്ച ഒഴിക്കുക. ചീര വിളവെടുക്കാറാവുമ്പോൾ ചാണകം നിർത്തണം. ഇല്ലെങ്കിൽ രുചി വ്യത്യാസം ഉണ്ടാവും

ചീരത്തൈ നടുമ്പോൾ ചാണകപ്പൊടിയുക ത്ത് നടുക. തൈകൾ വേരു പിടിച്ച രണ്ടാഴ്ച കഴിഞ്ഞു ഗോമൂത്രം നേർപ്പിച്ചു തളിച്ചു കൊടുക്കാം.

ചുവന്ന ചീരയിൽ രോഗം അധികമായി കാണുമ്പോൾ പച്ച ചീര രോഗപ്രതിരോധശേഷിയുള്ള ഇനമാണെന്നത് ഓർക്കണം. അതുകൊണ്ട് ചുവന്ന ചീര തനിവിളയായി കൃഷി ചെയ്യാതെ പച്ചച്ചീരയുമായി ഇടകലർത്തി കൃഷിചെയ്താൽ രോഗം സ്വാഭാവികമായും കുറയും.

■ ഇലകളിൽ വെള്ളം വീണ് സ്പോറുകൾ മറ്റ് ചെടികളിലേയ്ക്ക് പടരാതിരിക്കാൻ ചെടിയുടെ ചുവട്ടിൽ മാത്രം വെള്ളമൊഴിച്ച് നനയ്ക്കണം.

■ ഒരു കിലോ പച്ച ചാണകം 10 ലി. വെള്ളത്തിൽ കലക്കി തെളിഞ്ഞശേഷം അരിച്ചെടുത്ത് അതിൽ 20 ഗ്രാം മാൻകൊസെബ് ചേർത്ത് ഇളക്കി തളിക്കുക. മരുന്ന് തളിച്ച് 10 ദിവസം കഴിഞ്ഞേ ഇവ ഭക്ഷിക്കാവൂ.

■ 40 ഗ്രാം സോഡാപ്പൊടി മഞ്ഞൾപ്പൊടി മിശ്രിതം (8 ഗ്രാം സോഡാപ്പൊടി 32 ഗ്രാം മഞ്ഞൾപ്പൊടിയുമായി കലർത്തിയത്); 40 ഗ്രാം പാൽക്കായം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായിനിയിൽ ചേർത്ത് തിളപ്പിക്കണം.

മേൽപ്പറഞ്ഞ രണ്ട് മിശ്രിതങ്ങളും മാറി മാറി തളിക്കുന്നത് കൂടുതൽ ഫലപ്രദമാണ്. ഇലയുടെ രണ്ടുവശത്തും ലായിനി പതിയ്ക്കും വിധം തളിക്കുക.

■ സ്യൂഡൊമോണാസ് എന്ന ജൈവ കുമിൾ നാശിനി ഉപയോഗിച്ച് വിത്ത് പരിചരിക്കാം.

■ ചീര നടുന്നതിനായി ട്രൈക്കോഡെർമ്മ എന്ന മിത്രകുമിൾ ഉപയോഗിച്ച് സമ്പുഷ്ടമാക്കിയ ചാണകം: വേപ്പിൻ പിണ്ണാക്ക് മിശ്രിതം മണ്ണിൽ ചേർക്കുക.

കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice faster response
Matrimonial Groom Wanted

ഈഴവ യുവതി - 29, മകയിരം, 15.03.1989, 2.42 a.m. 2. 2¼ പാപം, 150 cm, +2, ആയുർവേദ തെറാപ്പിസ്റ്റ്. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
9947088673

ഈഴവ യുവതി - 22, MCA പഠിക്കുന്നു. സാമ്പത്തികമുണ്ട്, white. സാമ്പത്തികം, ജോലി കാര്യമാക്കുന്നില്ല.
8606553396

ഈഴവ യുവതി - 25, BAMS, ഗവ. ആയുർവേദ ഡോക്ടർ. സാമ്പത്തികം പ്രശ്നമില്ല, പ്രൈവറ്റ് ജോലി യുള്ളവരുമാകാം.
9207833042

ഈഴവ യുവതി - 25, B.Sc, സൗദി മിനിസ്ട്രിയിൽ നഴ്സ്. വിദേശവും സ്വദേശവും പരിഗണിക്കും.
9562546076

ഈഴവ യുവതി - 25, B.Tech, പൂരാടം, 10.05.1993, 2½ പാപം, തിരുവനന്തപുരം. ബ്യൂറോ അല്ല.
7034354100, 9446848162.

ഈഴവയുവതി-23, തൃക്കേട്ട, തിരുവനന്തപുരം, B.Tech, എൻജിനീയർ, ബാംഗ്ലൂർ. (ബ്യൂറോ അല്ല).
9495046375

ഈഴവയുവതി
25, അശ്വതി, ചെറിയ പാപം, 163 cm, B.Tech, Civil, S/W Engg. Infosys, TVPM, Govt. Job/MNC. ബ്യൂറോ അല്ല.
ID - E 4403547.
9446826803, 9497162726

GROOM WANTED
ഈഴവയുവതി - 17.5.1991, 159, പുണർതം, M.C.A, വൈക്കം, Bangalore MNC-യിൽ Software Engineer. വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല. 9645349084

Ezhava girl - TVM, 26, fair, Punartham, BHMS, doing MD. Financially sound. Invites proposals from employed, Professionals.
ID 4007020,
Phone : 9497361432.

പുലയ - ഈഴവ യുവതി - 30, 162, B.Tech, MBA, ഉത്രാടം. ജാതി പ്രശ്നമല്ല.
9446060109

ഈഴവ യുവതി -14.01.1994, 5.05 a.m., അവിട്ടം, ശുദ്ധ ജാതകം, B.Sc., LLB, Advocate. സർക്കാർ ഉദ്യോഗസ്ഥരിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
Ph. 9446986456, 9446978038

Ezhava girl - 30, 166, B.Tech, Assistant Manager, Nationalized Bank, Anizham. Seeks alliance.
8078884085

Ezhava girl - age 25, 165 cm ht., Aswathy, fair, Senior Software Engineer, UST Global, TVM. Not Bureau.
9605582736

ഈഴവ യുവതി - അശ്വതി, 15.04.1991, 9.42 p.m, 5½ പാപം, B.Sc., MBA, E3974224, കൊല്ലം. ആലോചനകൾ ക്ഷണിക്കുന്നു.
9746689145

ഈഴവയുവതി-28, ഉതൃട്ടാതി, BAMS, MD, Asst. Professor, Mangalore.
9495473096

ഈഴവയുവതി, 24, B.Tech, ചിത്തിര, കൊല്ലം. ബ്യൂറോ അല്ല.
7025377600

GROOM WANTED
Ezhava girl - 34, Revathy, Doctor NRI (GP) in UK. Proposals from well - qualified Professionals willing to relocate.
9539600534
7907913045

ഈഴവയുവതി-28, ആലപ്പുഴ, 04.10.90, 2.35 p.m, ht 158 cm, B.Tech, ഉതൃട്ടാതി, Infosys, TVM. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
9497340348

Kochi based Ezhava girl - B.Tech (CUSAT), working at Bangalore, Uthrattathi, 25, 165, upper middle class family invites proposals from parents of professionally qualified and employed Ezhava boys, below 32 yrs.
Mob. 9446437469

Ezhava girl - 26, 167, M.Com., middle class, Bharath Matri. ID : E 3743456, No Bureau.
9207987615

ഈഴവ യുവതി - 26, 160 cm, തിരുവോണം, ദേശസാൽകൃത ബാങ്കിൽ ഓഫീസർ. ബാങ്ക്, സർക്കാർ ജീവനക്കാർ മാത്രം വിളിക്കുക.
KM ID E 3827812
9847323145

ഈഴവ യുവതി, 27 വയസ്, ഡിഗ്രി, സാധാരണ കുടുംബം. വിവാഹവേദി, കൊല്ലം. Ph: 9188056757

ഈഴവ യുവതി, പുനർവിവാഹം, 34, ചതയം, ഒരുകുട്ടിയുണ്ട്. ബാദ്ധ്യതയില്ല. 9074771792.

ഈഴവ യുവതി, 25, 163, രേവതി, MBBS, Call MBBS/ Govt Proffessionals. Kollam. 9895417169.

ഈഴവ യുവതി-24
B.Ed ടീച്ചർ, ഇടത്തരം കുടുംബം, വിദ്യാഭ്യാസം, സാമ്പത്തികം പ്രശ്നമല്ല.
9961346157

Doctor girl MBBS
Well known business family Kollam seeks suitable alliance for beautiful daughter. 23/157 from Ezhava. MBBS/ PG doing/Well placed proffessionals.
9447773665.

ഈഴവ യുവതി - 20, B.Com പഠിക്കുന്നു, തിരുവോണം. പാപവും ചേരും.
9645382369

ഈഴവ യുവതി - 24, B.A., B.Ed., അദ്ധ്യാപിക, വിശാഖം. വിദേശവും ബിസിനസും ആകാം.
9544869120

ഈഴവ യുവതി - 25, 160, white, B.Tech., SBI Clerk.
9605143696, 8137934104

Ezhava girl - 28, Ayilyam, 168, B.Tech, TVM, Papam in 3.
Ph. 8078582213

ഈഴവ യുവതി - 26, 161, fair, രോഹിണി, M.A. (English), B.Ed., SET, +2 Teacher, തിരുവനന്തപുരം.
7902865545

ഈഴവ യുവതി - 25, 157 cm (10.1.1994, രാത്രി 12.50), തൃക്കേട്ട, പാപം (7) B.Tech, MBA. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
Ph. 9895733271,
9633846246, TVM.

ഈഴവ യുവതി - 35, ടീച്ചർ, പുനർവിവാഹം, ബാദ്ധ്യതകളില്ല, വിദ്യാഭ്യാസം, സാമ്പത്തികം പ്രശ്നമല്ല.
7510232553

ഈഴവാത്തി യുവതി - 24, ഉത്രം, 2.75 പാപം, 17.2.1995, 6.02 p.m., സാമ്പത്തികശേഷിയുള്ള കുടുംബം, M.Sc. Chemistry. ഈഴവയും പരിഗണിക്കും. ബ്യൂറോ അല്ല.
9645356228,
9495408935

GROOM WANTED
Ezhava girl, Kollam, 164 CM, M.Sc Physics, preparing NET, 11.10.1994, 3.30 pm, pooradam, prefer govt/ Aided employee, Kollam / TVM. Mob: 9746377111, 9020404777.

ഈഴവ യുവതി - 26, ചോതി, BA, 157, ഇരുനിറം, സാധാരണ കുടുംബം.
9447716137, 9447906087.

ഈഴവ യുവതി - 23, 160, fair, B.Tech, SBI Officer. ആലോചനകൾ ക്ഷണിക്കുന്നു. 9895539538

ഈഴവ യുവതി - 24, MBA, Dubai Accountant, രേവതി, family Dubai. നാട്ടിൽ ഉള്ള വരുമാകാം. ജോലി കാര്യമാക്കുന്നില്ല. 9847445050

ഈഴവയുവതി, ഡോക്ടർ, രേവതി, 30/ 155cm, അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. ഡോക്ടർമാർക്ക് മുൻഗണന. കോട്ടയം,
9447235580, 9447735580

ഈഴവ യുവതി, 23, പൂരാടം, B.Com, Tally, സാധാരണകുടുംബം, കോട്ടയം
8129170985.

DOCTOR GROOM WANTED
EZHAVA GIRL, MBBS, ARMY DOCTOR, 26, 2-5-1992, 12.52 PM, ASWATHY, 168 CM. SEEKS SUITABLE ALLIANCE FROM ARMY, DOCTORS.
KMID E 4410977, 9447249061

ഈഴവയുവതി, 24, MBA, കാർത്തിക, തിരുവനന്തപുരത്ത് ജോലി, ആർമിഓഫീസേഴ്സിന് മുൻഗണന, അച്ഛൻ ആർമി Rtd. H. Captain, ബ്യൂറോ അല്ല.
9946512085
0468 2288517

ഈഴവയുവതി, 28, അനിഴം, M A, 150 cm, Fair, ചെറിയ വൈകല്യം, തിരുവല്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
9847611357

GOVT. +2 TEACHER
Ezhava girl - 30.01.1982, Uthrattathi, 167 cm, HSST (JR) English, upper middle class. Inviting proposals from well-educated, employed and UAE employed. Blue Star School Buses Transportation, Abudhabi.
00971557214272, 9961262827
ID E 3280062

ഈഴവയുവതി - 27, M.Tech, H. 168, അനിഴം, ദോഷമില്ലാത്ത ജാതകം.
Mobile : 9633464056,
9567514354.

ഈഴവ യുവതി - 24, TTC, ഗവൺമെന്റ് ടീച്ചർ. ജോലി, വിദ്യാഭ്യാസം കാര്യമാക്കുന്നില്ല.
8943026234

ഈഴവ യുവതി - 23, മകം, ശുദ്ധം, TTC Teacher. ഡിമാൻഡില്ല. 7356634306

ഈഴവയുവതി - 24, അശ്വതി, ശുദ്ധം, നഴ്സറി ടീച്ചർ.
8139007920

ഈഴവ യുവതി, 7ൽ ചൊവ്വ, 5-7-1994, 4.43PM, രോഹിണി, 153cm, M.Com, അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
9961434356, 9544363391

സെക്കന്റ് മാരിയേജ് മീറ്റ്
22ന് ചൊവ്വാഴ്ച (11ന് മുസ്ലിം, 1ന് ഹിന്ദു, 3ന് ക്രിസ്ത്യൻ) . വധൂവരന്മാരോ രക്ഷകർത്താക്കളോ തമ്മിൽ ഓഫീസിൽ പരിചയപ്പെടാനവസരം. ഫോട്ടോയും തിരിച്ചറിയൽ കാർഡും കൊണ്ടുവരണം. www.classic marriagebureau.net, നിതിൻ ഫേബ്രിക്സിന് എതിർവശം, അരമനപ്പടി, മൂവാറ്റുപുഴ
0485-2255276

പുനർവിവാഹം
ഈഴവ യുവതി - 35, മൂലം, സർക്കാർ ജോലി, 6 വയസ്സുള്ള പെൺകുട്ടിയുണ്ട്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. സർക്കാർ ജോലിക്കാർക്ക് മുൻഗണന. ബ്യൂറോ അല്ല.
Phone : 8086158240

ഈഴവയുവതി 25
Degree വെളുത്ത നിറം പുനർവിവാഹം ഇടത്തരം കുടുംബം ജോലിയേതുമാകാം ഡിമാന്റുകളില്ല
9744737762

ഈഴവ ടീച്ചർ ശുദ്ധം 23
Bed സാമ്പത്തികമുണ്ട വരന്റെ തൊഴിൽ ജില്ല പ്രശ്നമല്ല ഡിമാന്റുകളില്ല
7902342230,
7593989798

ഈഴവ സുന്ദരി ടീച്ചർ 27
Bed ഇടത്തരം കുടുംബം വരന്റെ തൊഴിൽ ജില്ല പ്രശ്നമല്ല ഡിമാന്റുകളില്ല
7593989793,
9048027070

ഈഴവയുവതി 32
ഡിഗ്രി വരന്റെ തൊഴിൽ ജില്ല സാമ്പത്തികം പ്രശ്നമല്ല പുനർവിവാഹവുമാകാം ഡിമാന്റുകളില്ല
9746327517, 9633975528

ഈഴവ യുവതി 27
ഡിഗ്രി സാധാരണ കുടുംബം വരന്റെ തൊഴിലേതുമാകാം ജില്ല പ്രശ്നമല്ല ഡിമാന്റുകളില്ല
9895149425,
9746244247

ഈഴവയുവതി - 22, അത്തം, 2.1.97, 11.50 a.m., M.Com doing. ചന്ദ്രാലും ലഗ്നാലും പാപത്വം ഉള്ളവർ വിളിക്കുക. ബ്യൂറോ അല്ല.
9447024543

Ezhava girl - 26, Visakham, 167 cm, doing Ph.D in Engineering. Seeks alliance from Doctors/Engineers.
ID : E 3935703,
8547441067.

GROOM WANTED
Ezhava girl - 23, 27.06.1995, 8.50 a.m., Makayiram (doing Ph.D - IIT Madras). Financially very sound, Kollam. (not bureau). 9446980193, 9446372295.

## റൂസ രണ്ടാംഘട്ടം: സംസ്ഥാനം 44.70 കോടി അനുവദിച്ചു

തിരുവനന്തപുരം: റൂസ (രാഷ്ട്രീയ ഉച്ചതാർ സർവ ശിക്ഷാ അഭിയാൻ) രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഗവ. കോളേജുകൾ, സ്വയംഭരണ കോളേജുകൾ, എയ്ഡഡ് കോളേജുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും ഗവേഷണം മെച്ചപ്പെടുത്താനമായി 44.70കോടി അനുവദിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി.

9 ഗവ. കോളേജുകൾ, 91 എയ്ഡഡ് കോളേജുകൾ, 5 സ്വയംഭരണ കോളേജുകൾ എന്നിവയ്ക്കായി സംസ്ഥാന വിഹിതമായി 44,70,00,000 രൂപയുടെ ധനസഹായവും കേന്ദ്ര വിഹിതമായി 67,05,00,000 രൂപയുടെ ധനസഹായവും ലഭിക്കും.

റൂസ രണ്ടാംഘട്ടത്തിന്റെ ആദ്യഗഡുവായി ഒരു കോടി രൂപ വീതമാണ് ഓരോ കോളേജിനും ഇപ്പോൾ അനുവദിച്ചത്. രണ്ടും മൂന്നും ഗഡുക്കളായി ഒരു കോടി രൂപ കൂടി അനുവദിക്കും.

പദ്ധതി രൂപരേഖ അവതരണം പൂർത്തിയായാലുടൻ ഫണ്ട് കൈമാറുന്നതാണെന്ന് മന്ത്രി കെ.ടി. ജലീൽ അറിയിച്ചു.

ശബരിമലയിലേക്ക് വനിതകളെത്തുമെന്ന അഭ്യൂഹം

## വള്ളക്കടവിലും സത്രത്തിലും വാഹനങ്ങൾ പരിശോധിച്ച 17 പേർ അറസ്റ്റിൽ

വണ്ടിപ്പെരിയാർ : പുല്ലുമേട് വഴി ശബരിമലയിലേക്ക് വനിതകളെത്തുമെന്ന അഭ്യൂഹത്തെ തുടർന്ന് ഇടുക്കി വണ്ടിപ്പെരിയാറിനടുത്ത് വള്ളക്കടവ്, സത്രം എന്നിവിടങ്ങളിൽ ശബരിമല കർമ്മസമിതി - ബി.ജെ.പി പ്രവർത്തകരുടെ നേതൃത്വത്തിൽ വാഹനങ്ങൾ പരിശോധിച്ചു. സംഭവത്തിൽ 17 പേരെ പൊലീസ് അറസ്റ്റു ചെയ്തു.

ഇന്നലെ രാവിലെ മുതൽ സംഘമായി വണ്ടിപ്പെരിയാറിലും പരിസരത്തും നിലയുറപ്പിച്ചായിരുന്നു പരിശോധന. ഉച്ചയ്ക്ക് രണ്ടരയോടെ ചെന്നൈയിലെ ഐ.ടി കമ്പനി ജീവനക്കാരുമായി ഗവിയിലേക്ക് പോകാനെത്തിയ ബസ് വള്ളക്കടവ് ചെക്പോസ്റ്റിൽ ഇവർ തടഞ്ഞ് പരിശോധിച്ചു. ബസിലുണ്ടായിരുന്ന 16 അംഗ സംഘത്തിൽ ആറ് പേർ സ്ത്രീകളായിരുന്നു. ഇവർ ശബരിമലയിലേക്ക് പോകുകയാണെന്ന് സംശയിച്ച് ബസ് തടഞ്ഞിട്ടു. ഈസമയം വള്ളക്കടവിലുണ്ടായിരുന്ന പൊലീസ് പ്രശ്നത്തിൽ ഇടപെട്ടില്ല.

തർക്കത്തിനൊടുവിൽ വള്ളക്കടവ് ഫോറസ്റ്റ് റേഞ്ച് ഓഫീസറെത്തി ഗവിയിലേക്ക് പോകാൻ ഓൺലൈനിൽ പണമടച്ച സംഘമാണ് ബസിലുള്ളതെന്ന് അറിയിച്ചതോടെയാണ് കടത്തിവിട്ടത്. വൈകുന്നേരമായിട്ടും ഇവിടെയുണ്ടായിരുന്നവർ പിരിഞ്ഞുപോയില്ല. ഇതേത്തുടർന്നാണ് വണ്ടിപ്പെരിയാർ എസ്.ഐയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘം 17 പേരെ അറസ്റ്റ് ചെയ്തത്.

## സംസ്ഥാനത്തെ വളം, കീടനാശിനി ഡിപ്പോകൾ പരിശോധിക്കാൻ കൃഷിമന്ത്രി നിർദ്ദേശിച്ചു

തിരുവനന്തപുരം: നെല്ലിന് കീടനാശിനി തളിച്ച് രണ്ട് തൊഴിലാളികൾ തിരുവല്ലയിൽ മരിച്ചതിനെത്തുടർന്ന് സംസ്ഥാനത്തെ എല്ലാ വളം, കീടനാശിനി ഡിപ്പോകളും പരിശോധിക്കാനും അനധികൃത വില്പന തടയാനും കൃഷി മന്ത്രി വി.എസ്.സുനിൽ കുമാർ നിർദ്ദേശം നൽകി. തിരുവല്ലയിലെ സംഭവത്തെ തുടർന്ന് കൃഷി ഓഫീസറുടെ കുറിപ്പില്ലാതെ അനധികൃത വിൽപന നടത്തിയ ഇലഞ്ഞിമൂട്ടിൽ ഡിപ്പോ ഉദ്യോഗസ്ഥർ പൂട്ടി. കഴിഞ്ഞ ഡിസംബർ 10ന് വളം കീടനാശിനി ഉപയോഗത്തെ സംബന്ധിച്ച് കൃഷിമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കീടനാശിനികളുടെ വില്പന, ഉപയോഗം എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ സംസ്ഥാനത്തുടനീളം നൽകിയിരുന്നു. ചുവപ്പ്, മഞ്ഞ ലേബലിലുള്ള കീടനാശിനികൾ കൃഷി ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരമുള്ള കുറിപ്പിന്റെ അടിസ്ഥാനത്തിൽ മാത്രം വില്പന നടത്താനായിരുന്നു നിർദ്ദേശം. കർഷകർക്ക് നേരിട്ട് വിൽപന നടത്തരുതെന്നും പറഞ്ഞിരുന്നു. ഓരോ വിളകൾക്കും പ്രത്യേകം കീടനാശിനികളും കളനാശിനികളുമാണ് നിഷ്കർഷിച്ചിട്ടുള്ളത്.

## ബി.ജെ.പിയെ ജയിപ്പിക്കണം : കളക്ടറുടെ വാട്സാപ്പ് ചാറ്റ് വിവാദമായി

ഭോപ്പാൽ: മദ്ധ്യപ്രദേശിൽ അടുത്തിടെ നടന്ന തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് അനുകൂലമായി പ്രവർത്തിക്കണമെന്ന് നിർദ്ദേശിച്ച കളക്ടറുടെ വാട്സാപ്പ് ചാറ്റ് വിവാദമായി. ബി.ജെ.പി സ്ഥാനാർത്ഥിയുടെ വിജയം ഉറപ്പാക്കണമെന്ന് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ കൂടിയായ ഡെപ്യൂട്ടി കളക്ടർ പൂജ തിവാരിയോട്, കളക്ടർ അനുഭ ശ്രീവാസ്തവ വാട്സാപ്പിലൂടെ നിർദ്ദേശിക്കുകയായിരുന്നു. ഭാവിയിൽ തനിക്കെന്തെങ്കിലും പ്രശ്നമുണ്ടാകുമോ എന്ന് ഡെപ്യൂട്ടി കളക്ടർ തിരിച്ച് ചോദിക്കുന്നുണ്ട്. അതിനെക്കുറിച്ച് പേടിക്കേണ്ടെന്ന് കളക്ടർ മറുപടി നൽകുന്നു. ബി.ജെ.പി വിജയിച്ചാൽ പൂജ തിവാരിയെ സബ്ഡിവിഷണൽ മജിസ്ട്രേട്ട് ആക്കി നിയമിക്കാമെന്നും കളക്ടർ വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ സന്ദേശം കെട്ടിച്ചമച്ചതാണെന്ന് കളക്ടറും സബ് കളക്ടറും പ്രതികരിച്ചു.



## അഗ്നിപർവ്വതം പൊട്ടിത്തെറിച്ചേക്കും: യെദിയൂരപ്പ

ബംഗളൂരു: നിയമസഭാകക്ഷിയോഗത്തിൽനിന്ന് ചില കോൺഗ്രസ് എം.എൽ.എമാർ വിട്ടുനിന്നതും കോൺഗ്രസും സഖ്യകക്ഷികളും തമ്മിലുള്ള കടുത്ത അഭിപ്രായവ്യത്യാസവും വരുംദിവസങ്ങളിൽ 'അഗ്നിപർവ്വതം പൊട്ടിത്തെറിച്ചേക്കാമെന്നതിന്റെ' സൂചനയാണെന്ന് കർണാടക ബി.ജെ.പി അദ്ധ്യക്ഷൻ ബി.എസ്. യെദിയൂരപ്പ. വെള്ളിയാഴ്ച നടന്ന കോൺഗ്രസ് നിയമസഭാ കക്ഷി യോഗത്തിൽ നിന്ന് രമേഷ് ജർകിഹോലി, ബി.നാഗേന്ദ്ര, ഉമേഷ് ജാദവ്, മഹേഷ് കുമടഹള്ളി എന്നീ എം.എൽ.എമാർ വിട്ടുനിന്നതിനു പിന്നാലെയാണ് യെദിയൂരപ്പയുടെ പരാമർശം. 'കോൺഗ്രസ് എം.എൽ.എമാരുടെ അതൃപ്തിയും അമർഷവുമാണ് അവരുടെ അസാന്നിദ്ധ്യത്തിലൂടെ വ്യക്തമായത്. സിദ്ധരാമയ്യയുടെ സ്വരം നിരാശയും ഭയവും കലർന്നതാണ്. എം.എൽ.എമാരുമായുള്ള ബന്ധം ശക്തവും സൗഹാർദപരവുമാണെങ്കിൽ കൂറുമാറ്റ നിരോധനനിയമപ്രകാരം നടപടിയെടുക്കുമെന്ന് മുന്നറിയിപ്പ് നൽകിയതെന്തിനാണ്?'- യെദിയൂരപ്പ ചോദിച്ചു.

# 'വജ്ര' പീരങ്കിയിൽ നരേന്ദ്രമോദിയുടെ യാത്ര

അഹമ്മദാബാദ്: ഇന്ത്യയിൽ സ്വകാര്യ മേഖലയിൽ പീരങ്കികളും ടാങ്കുകളും നിർമ്മിക്കുന്ന ആദ്യ സംരംഭമായ എൽ ആൻഡ് ടി ആർമേഡ് സിസ്റ്റംസ് കോംപ്ലക്സ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ രാഷ്ട്രത്തിന് സമർപ്പിച്ചു. മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ കമ്പനി നിർമ്മിച്ച 'കെ 9 വജ്ര' പീരങ്കിയിൽ മോദി യാത്രചെയ്തു.

ഗുജറാത്ത് സർക്കാരിന്റെ 'വൈബ്രന്റ് ഗുജറാത്ത് ഉച്ചകോടി 2019'ന്റെ ഭാഗമായാണ് ലാർസൻ ആൻഡ് ടുബ്രോ (എൽ ആൻഡ് ടി) കമ്പനിയുടെ ആയുധ നിർമ്മാണ ശാല പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്. ഗുജറാത്തിലെ ഹസീരയിലെ പ്ലാന്റിൽ നടന്ന ചടങ്ങിൽ പ്രതിരോധമന്ത്രി നിർമ്മല സീതാരാമൻ ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുത്തു.

പ്രതിരോധ രംഗത്ത് 'മേക്ക് ഇൻ ഇന്ത്യ' ശക്തിപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ഇതിൽ സ്വകാര്യ മേഖലയുടെ സംഭാവന വിലപ്പെട്ടതാണെന്നും പ്രധാനമന്ത്രി പറഞ്ഞു. മേക്ക് ഇൻ ഇന്ത്യയുടെ ഭാഗമായി 100 ടാങ്കുകൾ കമ്പനി നിർമ്മിക്കും.

ഉച്ചകോടിയുടെ ഭാഗമായി നിരവധി പദ്ധതികളുടെ ഉദ്ഘാടനവും നിർവഹിച്ചു. ശാസ്ത്ര-സാങ്കേതിക വികസനം ലക്ഷ്യമിടുന്ന 'വൈബ്രന്റ് ഗുജറാത്ത് ഉച്ചകോടി' നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ ആവിഷ്കരിച്ച പദ്ധതിയാണ്.



### ആർമേഡ് സിസ്റ്റംസ് കോംപ്ലക്സ്

- ഗുജറാത്തിലെ സൂററ്റിന് സമീപം ഹസീരയിൽ
- പീരങ്കി നിർമ്മിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ സംരംഭം
- നിർമ്മിക്കുന്നത് കെ 9 വജ്ര - ടി 155 എം.എം പീരങ്കി
- 4500 കോടിയുടെ കരാർ നൽകിയത് 2017ൽ
- 42 മാസങ്ങൾക്കുള്ളിൽ 100 പീരങ്കികൾ നിർമ്മിക്കും
- ദക്ഷിണ കൊറിയൻ കമ്പനി ഹാൻവ കോർപറേഷൻ സാങ്കേതിക വിദ്യ കൈമാറി
- ഭാവിയിൽ പ്രധാന യുദ്ധ ടാങ്കുകൾ നിർമ്മിക്കും

*ഹസീരയിലെ ആർമേഡ് സിസ്റ്റംസ് കോംപ്ലക്സിൽ നിർമ്മിച്ച വജ്ര പീരങ്കിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി*

## ജാർഖണ്ഡിൽ കോൺഗ്രസ് വിശാല പ്രതിപക്ഷം

ന്യൂഡൽഹി: ജാർഖണ്ഡിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള വിശാല പ്രതിപക്ഷ സഖ്യം രൂപീകരിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിലും അതിനു ശേഷം ഈ വർഷം നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിലും ഇതേ സഖ്യമായിരിക്കും ബി.ജെ.പിക്കെതിരെ പോരാടുക.

കോൺഗ്രസ്, ജാർഖണ്ഡ് മുക്തി മോർച്ച, രാഷ്ട്രീയ ജനതാദൾ, ജാർഖണ്ഡ് വികാസ് മോർച്ച, സി.പി.ഐ എന്നീ കക്ഷികളാണ് ഒരുമുന്നണിയായി മത്സരിക്കുക. ജാർഖണ്ഡ് മുക്തി മോർച്ചയുടെ വർക്കിംഗ് പ്രസിഡന്റ് ഹേമന്ത് സോററാണ് മുഖ്യമന്ത്രി സ്ഥാനാർത്ഥി. സംസ്ഥാനത്തെ 14 ലോക്സഭാ മണ്ഡലങ്ങളിൽ സഖ്യത്തിലെ വിവിധ കക്ഷികൾ മത്സരിക്കുന്ന മണ്ഡലങ്ങൾ ഇങ്ങനെയാണ്-കോൺഗ്രസ്-6, ജെ.എം.എം- 4, ജെ.വി.എം- 2, സി.പി.ഐ, ആർ.ജെ.ഡി-1.

### സർക്കാരിന്റെ അനുമതി നേടിയില്ല

# കനയ്യക്കെതിരായ കുറ്റപത്രം കോടതി സ്വീകരിച്ചില്ല

ന്യൂഡൽഹി: സി.പി.ഐ നേതാവും ജെ.എൻ.യു മുൻ വിദ്യാർത്ഥി യൂണിയൻ നേതാവുമായ കനയ്യകുമാറിനും മറ്റുമെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി ഡൽഹി പൊലീസ് സമർപ്പിച്ച കുറ്റപത്രം ഡൽഹി മെട്രോപൊളിറ്റൻ മജിസ്ട്രേട്ട് കോടതി സ്വീകരിച്ചില്ല. രാജ്യദ്രോഹക്കുറ്റം ചുമത്തുമ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് നിയമപ്രകാരമുള്ള അനുമതി നേടാതിരുന്നതാണ് കാരണം. ഫെബ്രുവരി ആറിനു മുൻപ് അനുമതി ലഭ്യമാക്കാൻ മെട്രോപൊളിറ്റൻ മജിസ്ട്രേട്ട് ദീപക് ഷെറാവത്ത് ഉത്തരവിട്ടു. ജനവരി 14നാണ് കനയ്യകുമാർ, മുൻ വിദ്യാർത്ഥി നേതാക്കളായ ഉമർ ഖാലിദ്, അനിർബൻ ഭട്ടചാര്യ, ജമ്മു കാശ്മീരിൽ നിന്നുള്ള വിദ്യാർത്ഥികളായ ആക്വിബ് ഹുസൈൻ, മുജീബ് ഹുസൈൻ, മുനീബ്, ഉമർ ഗുൽ, റയ്യീയ റാസോൾ, ബഷീർ ഭട്ട്, ബഷാറത്ത് എന്നിവർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തിയ കുറ്റപത്രം സമർപ്പിച്ചത്. 2016ൽ പാർലമെന്റ് ആക്രമണ കേസിലെ പ്രതി അഫ്സൽ ഗുരുവിനെ തൂക്കിലേറ്റിയതിൽ പ്രതിഷേധിക്കാൻ സംഘടിപ്പിച്ച ചടങ്ങിൽ രാജ്യദ്രോഹ മുദ്രാവാക്യം വിളിച്ചു എന്നാണ് കേസ്.

രാജ്യദ്രോഹത്തിനുള്ള 124 എ വകുപ്പ് ചുമത്തിയ കുറ്റപത്രം സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട സർക്കാരുകളിൽ നിന്ന് അനുമതി തേടണമെന്നതാണ് വ്യവസ്ഥ.

കുറ്റപത്രത്തിൽ സർക്കാർ അനുമതി പത്രം ഇല്ലാത്തത് കോടതി ഡൽഹി പൊലീസ് അഭിഭാഷകന്റെ ശ്രദ്ധയിൽപ്പെടുത്തി. പൊലീസിന്റെ നിയമ വിഭാഗം ഇതൊന്നും ശ്രദ്ധിക്കുന്നില്ലേ എന്നും കോടതി ചോദിച്ചു. 2016 ഫെബ്രുവരി 9ന് നടന്ന പരിപാടിക്കിടെ കനയ്യകുമാറും കൂട്ടരും രാജ്യദ്രോഹ മുദ്രാവാക്യം വിളിച്ചെന്ന് സ്ഥാപിക്കാൻ 1200 പേജുള്ള കുറ്റപത്രമാണ് സമർപ്പിച്ചത്. കനയ്യകുമാറിനെ ബീഹാറിൽ നിന്ന് മത്സരിപ്പിക്കാൻ സി.പി.ഐ തീരുമാനിച്ച സാഹചര്യത്തിൽ തിരഞ്ഞെടുപ്പിന് തൊട്ടുമുൻപ് കുറ്റപത്രം സമർപ്പിച്ചത് രാഷ്ട്രീയ ലാക്കോടെയാണെന്ന ആരോപണവും ഉയർന്നു. സി.പി.ഐ നേതാവ് ഡി. രാജയുടെ മകൾ അപരാജിത രാജ, മുൻ വിദ്യാർത്ഥി നേതാവ് ഷെഹ്‌ലാ റഷീദ് എന്നിവരടക്കം 36 പേരും കുറ്റപത്രത്തിലുണ്ട്. ഇവർക്കെതിരെ രാജ്യദ്രോഹക്കുറ്റമില്ല.

## ഡൽഹി സർക്കാർ നിലപാടും നിർണായകം

ന്യൂഡൽഹി: കനയ്യകുമാറിനെതിരെ മൂന്നുവർഷം കഴിഞ്ഞ് രാജ്യദ്രോഹക്കുറ്റം ചുമത്തി കുറ്റപത്രം സമർപ്പിച്ചതിന്റെ രാഷ്ട്രീയം ചർച്ച ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഡൽഹിയിലെ ആം ആദ്മി സർക്കാർ അനുമതി നൽകാനിടയില്ല. എന്നാൽ സ്വന്തമായി ആഭ്യന്തര വകുപ്പ് ഇല്ലാത്ത ഡൽഹി സർക്കാർ നിഷേധിച്ചാലും ലെഫ്റ്റനന്റ് ഗവർണർ വഴി ഡൽഹി പൊലീസിന് അനുമതി തേടാനാകും. 2016ൽ കേസ് രജിസ്റ്റർ ചെയ്ത സമയത്തും ഡൽഹി സർക്കാരിന്റെ അനുമതി നേടാൻ ശ്രമിച്ചെങ്കിലും നടന്നില്ല. രാജ്യദ്രോഹക്കുറ്റം അപൂർവ്വമായതിനാൽ നടപടികളിൽ സംശയം ചൂണ്ടിക്കാട്ടിയാണ് ഇപ്പോൾ നിയമവകുപ്പിന് ഫയൽ കൈമാറിയത്.

## മോദി ഭരണം: കടം 82 ലക്ഷം കോടി

ന്യൂഡൽഹി: മോദി സർക്കാരിന്റെ നാലര വർഷംകൊണ്ട് കേന്ദ്രസർക്കാരിന്റെ കടബാദ്ധ്യത 49 ശതമാനം കൂടി 82 ലക്ഷം കോടി രൂപയായി. സർക്കാരിന്റെ തത്സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ടിന്റെ എട്ടാമത്തെ എഡിഷനിലാണ് ഇക്കാര്യം വെളിപ്പെടുത്തിയിട്ടുള്ളത്. 2018 സെപ്തംബർ വരെ കേന്ദ്ര സർക്കാരിന് 82,03,253 കോടി രൂപയാണ് ബാദ്ധ്യതയുള്ളത്. 2014 ജൂണിൽ 54,90,763 കോടി രൂപയായിരുന്നു ബാദ്ധ്യത.

## എം.പി രാജിവച്ചു

പാട്ന: ബി. ജെ. പിയുടെ മുതിർന്ന നേതാവും ബിഹാർ എം.പിയുമായ ഉദയ് സിംഗ് പാർട്ടിയിൽ നിന്ന് രാജിവച്ചു. പൂർണിയ ജില്ലയിൽ നിന്നുള്ള പാർലമെന്റംഗമാണ്. അന്ന് വാജ്പേയിയുടെ നേതൃത്വത്തിൽ വിശ്വസിച്ചായിരുന്നു പാർട്ടി പ്രവേശനമെന്നും അന്നത്തെ ശക്തി ഇപ്പോൾ പാർട്ടിക്കില്ലെന്നും ഉദയ് സിംഗ് പറഞ്ഞു.



*പശ്ചിമബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ മഹാറാലിയിൽ അണിനിരന്ന പ്രതിപക്ഷ നേതാക്കൾ*

# മോദി സർക്കാരിന്റെ എക്സ്പയറി ഡേറ്റ് കഴിഞ്ഞു : മമതാ ബാനർജി

കൊൽക്കത്ത : മോദി സർക്കാരിന്റെ എക്സ്പയറി ഡേറ്റ് കഴിഞ്ഞതായി പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാബാനർജി കൊൽക്കത്തയിലെ മഹാറാലിയിൽ പറഞ്ഞു. അടുത്ത തിരഞ്ഞെടുപ്പിൽ മോദി അധികാരത്തിൽ വരില്ല. ഇന്ത്യയിൽ ഒരു പുതിയ പ്രഭാതം വരും. പ്രതിപക്ഷം ഒന്നിച്ചു നിൽക്കും. പ്രധാനമന്ത്രിയെ തിരഞ്ഞെടുപ്പിന് ശേഷം തീരുമാനിക്കും. രാജ്യത്ത് ഇപ്പോൾ സൂപ്പർ അടിയന്തരാവസ്ഥയാണ്. ബി.ജെ.പി ഹഠാവോ, ദേശ് ബച്ചാവോ, ഡൽഹി മേം സർക്കാർ ബദൽ ദോ ( ഡൽഹിയിൽ സർക്കാരിനെ മാറ്റുക ) എന്നു പറഞ്ഞാണ് മമത പ്രസംഗം അവസാനിപ്പിച്ചത്.

**■ഖാർഗെ**

രാജ്യത്ത് ജനാധിപത്യം പുനഃസ്ഥാപിക്കാനാണ് അടുത്ത തിരഞ്ഞെടുപ്പ്. പ്രതിപക്ഷം ഒന്നിക്കുന്നതു വരെ മോദിയും അമിത്ഷായും ജനാധിപത്യ, മതേതര മൂല്യങ്ങൾ തകർക്കുന്നത് കാണേണ്ടിവരും. അഴിമതി ആരോപണങ്ങൾ ഉയരുമ്പോഴും കോഴ വാങ്ങില്ലെന്നും വാങ്ങാൻ അനുവദിക്കില്ലെന്നുമാണ് പ്രധാനമന്ത്രി പറയുന്നത്. എന്നാൽ, എല്ലാം അംബാനിക്കും അദാനിക്കും നൽകുകയാണ്. വർഷം രണ്ട് കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നായിരുന്നു മോദിയുടെ വാഗ്ദാനം. അതനുസരിച്ച് 9.5 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കണമായിരുന്നു. എന്നാൽ, 1.6 കോടി പേരെ തൊഴിൽ രഹിതരാക്കിയതാണ് മോദിയുടെ നേട്ടം. സോണിയയുടെ സന്ദേശവും ഖാർഗെ വായിച്ചു.

**■അഖിലേഷ് യാദവ്**



ബി.ജെ.പി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും സി.ബി.ഐയുമായും സഖ്യമുണ്ടാക്കുമ്പോൾ പ്രതിപക്ഷത്തിന് ജനങ്ങളുമായാണ് സഖ്യം. വിശാല സഖ്യത്തിൽ പ്രധാനമന്ത്രിയാകാൻ ഒരുപാട് പേർ ഉണ്ടാകുമെന്നാണ് ബി.ജെ.പി പറഞ്ഞത്. അതു തീരുമാനിക്കുന്നത് ഇന്ത്യയിലെ ജനങ്ങളാണ്.

**■കേജ്‌രിവാൾ**



ഇന്ന് രാജ്യത്തിന് ചരിത്ര ദിനമാണ്. യഥാർത്ഥ രാജ്യസ്നേഹികൾ അമിത് ഷായെയും നരേന്ദ്രമോദിയെയും രാജ്യത്ത് നിന്ന് ഓടിക്കണം. ഷാ – മോദി സഖ്യം രാജ്യത്തെ തകർത്തു

**■എം.കെ. സ്റ്റാലിൻ**

ലോക്സഭാ തിരഞ്ഞെടുപ്പ് രണ്ടാം സ്വാതന്ത്ര്യസമരമാണ്. മോദി വീണ്ടും ഭരണത്തിലെത്തിയാൽ രാജ്യം 50 വർഷം പിന്നോട്ടുപോകും. രാജ്യത്ത് പ്രതിപക്ഷമേ ഇല്ലെന്ന് പറഞ്ഞ മോദി ഇന്ന് പ്രതിപക്ഷത്തെക്കുറിച്ച് മാത്രമാണ് സംസാരിക്കുന്നത്. പ്രതിപക്ഷം തന്നെ പുറത്താക്കുമെന്ന് അദ്ദേഹം ഭയക്കുന്നു.

**■ജിഗ്നേഷ് മേവാനിയും ഹാർദിക്കും**

റാലിയിൽ താരമായി ഹാർദിക് പട്ടേലും ജിഗ്നേഷ് മേവാനിയും. ഇരുവരുടെയും പ്രസംഗങ്ങൾക്ക് ഗംഭീര കൈയടിയാണ് ലഭിച്ചത്. നേതാജി സുഭാഷ് ചന്ദ്രബോസ് കള്ളൻമാർക്കെതിരെ പോരാടാനാണ് ആഹ്വാനം ചെയ്തത്.



പ്രതിപക്ഷ സഖ്യം പോരാടുന്നത് രാജ്യത്തെ കൊള്ളയടിക്കുന്ന കള്ളൻമാർക്കെതിരെയാണ്. ഇത് ബി.ജെ.പിയുടെ തകർച്ചയുടെ തുടക്കമാണ് - ഹാർദിക് പട്ടേൽ പറഞ്ഞു.

ആർ.എസ്.എസിന്റെയും ബി.ജെ.പിയുടെയും പതനം മഹാസഖ്യം ഉറപ്പാക്കും.



പാവപ്പെട്ടവരെയും ന്യൂനപക്ഷങ്ങളെയും ദളിതരെയും ബി.ജെ.പി ഭരണം അടിച്ചമർത്തിയിരിക്കുകയാണ്. എല്ലാവരും ഭയത്തിലാണ്. അവരെ താഴെയിറക്കേണ്ടത് അത്യാവശ്യമാണ്. മഹാസഖ്യം ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം കേന്ദ്രത്തിൽ അധികാരത്തിലെത്തും - മേവാനി പറഞ്ഞു.

## മമതയുടെ ലക്ഷ്യം ഡൽഹി



കൊൽക്കത്ത: ബംഗാളികളെക്കുറിച്ച് ഒരു പഴയ തമാശയുണ്ട്. ഏതൊരു ബംഗാളിയുടെയും ഏറ്റവും വലിയ ആഗ്രഹം കൊൽക്കത്ത ക്ലബിന്റെ പ്രസിഡന്റ് പദവിയിൽ എത്തുക എന്നതിൽ ഒതുങ്ങുമെന്നതാണത്.

ഇത് പൊളിച്ചത് പ്രണബ് മുഖർജിയാണ്. അദ്ദേഹം രാഷ്ട്രപതിയായി. ഇപ്പോൾ ബംഗാളികൾ നോട്ടമിടുന്നത് പ്രധാനമന്ത്രിസ്ഥാനമാണ്. ഏതൊരു ബംഗാളിയോടും ഇപ്പോൾ ചോദിക്കൂ, ആരായിരിക്കും അടുത്ത പ്രധാനമന്ത്രിയെന്ന്. മമത ബാനർജിക്ക് എന്താണ് യോഗ്യതക്കുറവ് എന്നായിരിക്കും അവർ തിരിച്ചു ചോദിക്കുക.

മമത ബാനർജിക്ക് മുമ്പ് കോൺഗ്രസുമായി ഇടയാൻ ധൈര്യം കാട്ടിയ ഒരാളേയുള്ളൂ. അത് പ്രണബ് മുഖർജി തന്നെയാണ്. പക്ഷേ രാഷ്ട്രീയ സമാജ് വാദി കോൺഗ്രസ് രൂപീകരിച്ച അദ്ദേഹം അതെല്ലാം മടക്കികെട്ടി കോൺഗ്രസിലേക്ക് വേഗം മടങ്ങുകയായിരുന്നു.

1998 ലാണ് മമത ബാനർജി കോൺഗ്രസ് വിട്ടത്. അന്നാരും അത് അത്ര കാര്യമായി എടുത്തിരുന്നില്ല. മുടിച്ചിയായ പുത്രി മടങ്ങിവരും എന്ന് മുതിർന്ന കോൺഗ്രസുകാർ കരുതി. എന്നാൽ എല്ലാ രാഷ്ട്രീയ കണിയാന്മാരുടെയും കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് തൃണമൂൽ കോൺഗ്രസിനെ അത്യുഗ്രൻ ശക്തിയാക്കി അവർ വളർത്തിയെടുത്തു.

2014ൽ മമത ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എയുടെ ഭാഗമാകുമെന്ന് പ്രചാരണമുണ്ടാകുമായിരുന്നു. പക്ഷേ മമത മാറിനിന്നു. 2014 ലെ മോദി സുനാമിയിൽ എല്ലാവരും കടപുഴകി വീണപ്പോഴും നിലം ഉറപ്പിച്ച മമത നിന്നു. ബി.ജെ.പിക്ക് പശ്ചിമബംഗാളിൽ വെറും 2 സീറ്റാണ് കിട്ടിയത്.

പ്രതിപക്ഷ കക്ഷികൾ ഒന്നിച്ച് പോരാടിയാൽ മോദിയെ വീഴ്ത്താം എന്ന ഫോർമുലയുമായി ഡൽഹിയിൽ 2018 അവസാനം മുതൽ ചരടുവലികൾ നടത്തിയത് മമതയുടെ ദൂതന്മാരാണ്. അന്നാരും അത് ഗൗരവമായി എടുത്തില്ല.

എന്നാൽ ഇപ്പോൾ പ്രതിപക്ഷ കക്ഷികൾ ഒന്നിച്ച് നിൽക്കണം എന്ന ചിന്ത അതിശക്തമായിരിക്കുന്നു. ബി.ജെ.പി അല്ല, മോദിയാണ് അവരുടെ എതിരാളി. ഈ അവസരം രാഷ്ട്രീയമായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് മമത കൂറ്റൻ റാലി കൊൽക്കൊത്തയിൽ സംഘടിപ്പിച്ചത്.

രാഹുൽ പ്രധാനമന്ത്രി സ്ഥാനാർത്ഥി എന്ന് ഡി.എം.കെ പ്രഖ്യാപിച്ചു. ചന്ദ്രബാബു നായിഡുവിന് ആഗ്രഹമുണ്ടെങ്കിലും നല്ല നിശ്ചയമില്ല. കെ. ചന്ദ്രശേഖര റാവും എല്ലാവരെയും ഊഹിക്കാൻ വിട്ട് കൗശല പൂർവം നീങ്ങുന്നു. ബി.എസ്.പിയും എസ്.പിയും കൈകോർത്ത് നീങ്ങുന്നു. ഇവിടെയാണ് മമതയുടെ പ്രസക്തി വർദ്ധിക്കുന്നത്. ഏറ്റവും കൂടുതൽ സീറ്റ് നേടുന്ന പ്രതിപക്ഷത്തെ പോരാളിയാവാൻ കഴിഞ്ഞാൽ മമതയ്ക്ക് തുറുപ്പ് ചീട്ട് കളത്തിൽ അടിക്കാം. അത് സംഭവിക്കുമോ? രാഷ്ട്രീയത്തിൽ ഒന്നും പറയാനാകില്ല. പക്ഷേ ഐക്യ ഇന്ത്യാ റാലി സമീപകാല ഭാവി മുൻകൂട്ടി കണ്ടുള്ള ഒരു നിക്ഷേപമാണെന്നതിൽ സംശയമില്ല. ദേശീയ നേതാവായി മമതയെ ഉയർത്തിക്കാട്ടുകയാണ് റാലിയുടെ ലക്ഷ്യം. മോദിയോട് യാതൊരു മമതയും പുലർത്താതെ മമത നീങ്ങുന്നത് ഡൽഹിയിലെ കസേര ഉറപ്പിക്കാനാണ്.

## പ്രാദേശികം

# വിശേഷങ്ങൾ പങ്കുവച്ച് 'വിജയ് സൂപ്പറും പൗർണമിയും'




*വിജയ് സൂപ്പറും പൗർണമിയും സിനിമാ വിശേഷങ്ങൾ പങ്കുവയ്ക്കാൻ പ്രസ് ക്ലബിലെത്തിയ നായകൻ ആസിഫലി, നായിക ഐശ്വര്യ ലക്ഷ്മി. സംവിധായകൻ ജിസ് ജോയി, നിർമ്മാതാവ് സൂര്യ സുനിൽ എന്നിവർ. പ്രസ് ക്ലബ് പ്രസിഡന്റ് ജി. പ്രമോദ് സമീപം*

തിരുവനന്തപുരം : 'വിജയ് സൂപ്പറും പൗർണ്ണമിയും' സിനിമയുടെ വിശേഷങ്ങൾ മാദ്ധ്യമങ്ങളുമായി പങ്കുവച്ച് നായകൻ ആസിഫ് അലി, നായിക ഐശ്വര്യ ലക്ഷ്മി, സംവിധായകൻ ജിസ് ജോയി, നിർമ്മാതാവ് സൂര്യ സുനിൽ എന്നിവർ ഇന്നലെ പ്രസ്ക്ലബിലെത്തി. കുട്ടികൾക്കും കുടുംബങ്ങൾക്കും ഒന്നിച്ചിരുന്ന് കാണാൻ പറ്റുന്ന സഭ്യമായ സിനിമയാണിതെന്ന് സംവിധായകൻ ജിസ് ജോയി പറഞ്ഞു. കുറഞ്ഞ പ്രതീക്ഷയിൽ വന്ന സിനിമയ്ക്ക് പ്രേക്ഷകരെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞു. മൗത്ത് പബ്ലിസിറ്റിയാണ് ചിത്രത്തിന് കിട്ടുന്ന ഏറ്റവും വലിയ പബ്ലിസിറ്റി. 95 ശതമാനത്തോളം അനുയോജ്യമായ തിയേറ്ററുകൾ ലഭിച്ചെന്നും നല്ല ആശയങ്ങളുള്ള സിനിമയിൽ വിശ്വാസമുണ്ടെന്നും അതാണ് വിജയമെന്നും ജിസ് ജോയ് കൂട്ടിചേർത്തു.

സൺഡേ ഹോളിഡേക്ക് ശേഷം ആസിഫും ജിസ്ജോയിയും ഒന്നിക്കുന്ന സിനിമകൂടിയാണിത്.

കുടുംബങ്ങൾ ഏറ്റെടുത്തെന്നും സിനിമയെ അർഹിക്കുന്ന വിജയത്തിലെത്തിക്കണമെന്നും ആസിഫ് അലി പറഞ്ഞു. റിസ്ക് ഫാക്ടറില്ലാത്ത സിനിമ എന്ന രീതിയിലാണ് 'വിജയ് സൂപ്പറും പൗർണ്ണമിയും' തിരഞ്ഞെടുത്തത്. അഭിനയജീവിതത്തിൽ സേഫ് സോണിലായെന്ന് കരുതുന്നില്ലെന്നും സിനിമാരംഗത്തെ ബുദ്ധിമുട്ടുകളെ തരണം ചെയ്യാൻ തയ്യാറാണെന്നും ആസിഫ് പറഞ്ഞു. തന്റെ നാലാമത്തെ സിനിമയും വിജയിച്ചതിന്റെ സന്തോഷത്തിലായിരുന്നു നടി ഐശ്വര്യ ലക്ഷ്മി. വിജയ് സൂപ്പറും പൗർണമിയും കളർഫുൾ സിനിമയാണെന്നും ചിത്രത്തിന്റെ വിജയത്തിന് പിന്നിൽ സംവിധായകനാണെന്നും സെലക്ടീവ് ആകില്ലെന്നും സിനിമകളിൽ പരീക്ഷണം നടത്തുമെന്നും ഐശ്വര്യ പറഞ്ഞു.

പത്ത് വർഷമായി സിനിമാ വിതരണ മേഖലയിലുള്ള സുനിൽ സൂര്യ ആദ്യമായി നിർമ്മിച്ചതാണ് 'വിജയ് സൂപ്പറും പൗർണമിയും'.

പ്രദർശനത്തിനെത്തി ഒരാഴ്ച കഴിയുമ്പോഴേക്കും മികച്ച പ്രതികരണമാണ് സിനിമയ്ക്ക് ലഭിക്കുന്നത്. റിലീസ് ചെയ്ത കേന്ദ്രങ്ങളിലെ മികച്ച സ്വീകാര്യത ചിത്രത്തിന് ലഭിക്കുന്നുണ്ട്.


വിജയ് എന്ന നായകവേഷത്തിലെത്തുന്ന ആസിഫ് അലിയും പൗർണ്ണമിയായെത്തുന്ന ഐശ്വര്യ ലക്ഷ്മിയും മികച്ച പ്രകടനമാണ് കാഴ്ചവച്ചത്.

# ജോലിക്കിടെ ടവറിന് മുകളിൽ യുവാവ് അബോധാവസ്ഥയിൽ

## ■ രക്ഷകരായി ഫയർഫോഴ്സ്

കല്ലറ: ജോലിക്കിടെ അമ്പത് മീറ്റർ ഉയരമുള്ള ടവറിന് മുകളിൽ അബോധാവസ്ഥയിലായ ആര്യനാട് തോളൂർ സ്വദേശി അഖിലിനെ (24) ഫയർഫോഴ്സ് രക്ഷിച്ചു. ഇന്നലെ ഭരതന്നൂർ കൊച്ചാന കല്ലുവിളയിലെ ടെലിഫോൺ ടവറിൽ ജോലി ചെയ്തുകൊണ്ടിരിക്കെയാണ് അപകടം.

പണി രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ അസ്വസ്ഥത അനുഭവപ്പെട്ടു. വിവരം താഴെ ഉണ്ടായിരുന്ന സഹപ്രവർത്തകനെ ഫോണിലൂടെ അറിയിക്കുകയായിരുന്നു അഖിൽ. ടവറിൽ കയറിയ സഹപ്രവർത്തകൻ, സേഫ്റ്റി ബെൽറ്റിൽ തൂങ്ങിയ നിലയിലായിരുന്ന അഖിലിനെ റോപ് കൊണ്ട് ടവറിൽ സുരക്ഷിതമായി കെട്ടിയ ശേഷം ഫയർഫോഴ്സിനെയും പാങ്ങോട് പൊലീസിനെയും വിവരമറിയിച്ചു. വിതുര ഫയർ സ്റ്റേഷനിലെ അസി. സ്റ്റേഷൻ ഓഫീസർ രാജേന്ദ്രൻനായരുടെ നേതൃത്വത്തിൽ ലീഡിംഗ് ഫയർമാൻ ഷാജി അഖിലിനെ കയർവഴി സുരക്ഷിതമായി താഴെയിറക്കുകയായിരുന്നു. വെയിലിന്റെ കാഠിന്യം കൊണ്ടാണ് ബോധക്ഷയം ഉണ്ടായതെന്നാണ് ഫയർ ഫോഴ്സിന്റെ നിഗമനം. ആശുപത്രിയിൽ പ്രവേശിപ്പിച്ച അഖിലിന് കാര്യമായ കുഴപ്പമില്ല.



*അഖിലിനെ ഫയർഫോഴ്സ് താഴെയിറക്കുന്നു*

# സ്വാമി ബോധാനന്ദ സരസ്വതി ഇന്ന് ജില്ലയിലെത്തും

തിരുവനന്തപുരം: സംബോധ് ഫൗണ്ടേഷൻ സാരഥി സ്വാമി ബോധാനന്ദ സരസ്വതി ഇന്ന് തലസ്ഥാനത്തെത്തുമെന്ന് ബോധാനന്ദ സേവ സൊസൈറ്റി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. നാളെ നടക്കുന്ന പാദപൂജയിലും ആശ്രമം പ്രസിഡന്റായിരുന്ന പൂജ്യസ്വാമിനി മാ ആനന്ദ ചിന്മയിയുടെ അനുസ്മരണ സമ്മേളനത്തിലും പങ്കെടുക്കും.

22 മുതൽ ഫെബ്രുവരി 7 വരെ ബോധാനന്ദ കേന്ദ്രത്തിൽ നടക്കുന്ന മാണ്ഡൂക്യ ഉപനിഷത്ത് സഹവാസശിബിരത്തിനും ഫെബ്രുവരി 8, 9, 10 തീയതികളിൽ നടക്കുന്ന അഖില കേരള യുവജന ശിബിരത്തിനും ബോധാനന്ദ സരസ്വതി നേതൃത്വം നൽകും.

22ന് ആരംഭിക്കുന്ന ബോധാനന്ദ സരസ്വതിയുടെ മാണ്ഡൂക്യ ഉപനിഷത്ത് സഹവാസ ശിബിരം ഇംഗ്ലീഷ് പ്രഭാഷണത്തെ ആസ്പദമാക്കി ബോധാനന്ദ സേവ സൊസൈറ്റിയുടെ കേരളത്തിലെ ആചാര്യൻ സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതി വൈകിട്ട് 6 മുതൽ 7.30 വരെ മലയാളത്തിൽ പ്രഭാഷണം നടത്തും.

22ന് വൈകിട്ട് 6ന് സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതിയുടെ ഉപനിഷത്ത് യജ്ഞം ഒ.രാജഗോപാൽ എം.എൽ.എ ഉദ്ഘാടനം ചെയ്യും. സൊസൈറ്റി വയനാട് കേന്ദ്രം ആചാര്യൻ സ്വാമി ഹരിഹരാനന്ദ സരസ്വതി, സൊസൈറ്റി വർക്കിംഗ് പ്രസിഡന്റ് എം.പി. കുഞ്ഞിലക്ഷ്മി, ക്യാമ്പ് കോ ഓർഡിനേറ്റർ ടി.കെ. രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു.


കേരളകൗമുദി
20 ജനുവരി 2019 ഞായർ
തിരുവനന്തപുരം



ആസ്ട്രേലിയൻ ഓപ്പൺ കാണാനെത്തിയ കൊഹ്‌ലിയും അനുഷ്കയും ഫെഡററർക്കൊപ്പം



www.keralakaumudi.com www.facebook.com/keralakaumudi





## ഇന്ത്യ എ: രഹാനെയും ഭവ്നെയും നയിക്കും

ന്യൂഡൽഹി: ഇംഗ്ലണ്ട് ലയൺസിനെതിരെ തിരുവനന്തപുരത്ത് നടക്കുന്ന ഏകദിന പരമ്പരയ്ക്കുള്ള ഇന്ത്യ എ ടീമിനെ പ്രഖ്യാപിച്ചു. ആദ്യ മൂന്ന് മത്സരങ്ങളിൽ അജിങ്ക്യ രഹാനെയും അവസാനത്തെ രണ്ട് മത്സരങ്ങളിൽ അങ്കിത് ഭവ്നെയും ടീമിനെ നയിക്കും. രഞ്ജി ട്രോഫി സെമിയിലെത്തിയ ടീമുകളിലെ താരങ്ങളെ ടീമിലേക്ക് പരിഗണിച്ചില്ല. കൃഷ്ണഗിരിയിൽ നടക്കുന്ന ചതുർദിന മത്സരങ്ങൾക്ക് മുമ്പായുള്ള വാം അപ് മത്സരങ്ങൾക്കുള്ള ബോർഡ് പ്രസിഡന്റ് ഇലവൻ ടീമിനെയും പ്രഖ്യാപിച്ചിട്ടുണ്ട്.

ആദ്യ മൂന്ന് ഏകദിനങ്ങൾക്കുള്ള ടീം: രഹാനെ (ക്യാപ്ടൻ), അൻമോൽ പ്രീത്, റിതുൽ ഗെയ്ക്ക്വാദ്, ശ്രേയസ് അയ്യർ, ഹനുമ വിഹാരി, അങ്കിത് ഭവ്നെ, ഇശാൻ കിഷൻ, ക്രുനാൽ, അക്ഷർ, മാർക്കണ്ഡേ, ജയന്ത്, സിദ്ധാർത്ഥ് കൗൾ, ഷർദ്ദുൾ താക്കർ, ദീപക് ചാഹർ, നവ്ദീപ് സെയ്നി.

അവസാന ഏകദിനങ്ങൾക്കുള്ള ടീം: ഭവ്നെ (ക്യാപ്ടൻ), അൻമോൽ പ്രീത്, റിതുൽ ഗെയ്ക്ക്വാദ്, ഭുയി, സിദ്ധാർത്ഥ് ലാഡ്, ഹിമ്മത്ത് സിംഗ്, പന്ത്, ദീപക് ഹൂഡ, അക്സർ, ജയന്ത്, ദീപക് ചാഹർ, രാഹുൽ ചഹാർ, നവ്ദീപ് സെയ്നി, ആവേഷ്, ഷർദ്ദുൾ.

# ഇന്ത്യ എ ടീം ഇന്നെത്തും

### രണ്ടാം സന്നാഹ മത്സരം ഇന്ന്

തിരുവനന്തപുരം: ഇംഗ്ലണ്ട് ലയൺസിനെതിരെ 23 ന് തുടങ്ങുന്ന ഏകദിന മത്സരങ്ങൾക്കായി ഇന്ത്യ എ ടീം ഇന്ന് തിരുവനന്തപുരത്തെത്തും. അതേസമയം ഇംഗ്ലണ്ട് ലയൺസും ബോർഡ് പ്രസിഡൻസ് ഇലവനും തമ്മിലുള്ള രണ്ടാം സന്നാഹ മത്സരം ഇന്ന് തിരുവനന്തപുരം കെ.സി.എ സെന്റ് സേവ്യേഴ്സ് കോളേജ് ഗ്രൗണ്ടിൽ നടക്കും. വെള്ളിയാഴ്ച നടന്ന ഒന്നാം സന്നാഹ മത്സരത്തിൽ ഇംഗ്ലണ്ട് ലയൺസിനെതിരെ ബോർഡ് പ്രസിഡൻസ് ഇലവൻ നാലു വിക്കറ്റ് വിജയം നേടി.

ഇന്ത്യ എ ടീം 21 ന് സെന്റ് സേവ്യേഴ്സിലും 22 ന് സ്പോർട്സ് ഹബിലും പരിശീലനം നടത്തും. 22 ന് ഇംഗ്ലണ്ട് ലയൺസും സ്പോർട്സ് ഹബിൽ പരിശീലനം നടത്തും. കാര്യവട്ടം സ്പോർട്സ് ഹബിൽ 23, 25, 27, 29, 31 തീയതികളിലാണ് അഞ്ച് ഏകദിനങ്ങളും നടക്കുക. ചതുർദിന മത്സരം ഫെബ്രുവരി ഏഴ് മുതൽ 10 വരെ വയനാട്ടിലെ കൃഷ്ണഗിരി സ്റ്റേഡിയത്തിൽ നടക്കും.

ഏകദിന മത്സരങ്ങൾ പൊതുജനങ്ങൾക്ക് സൗജന്യമായി കാണാനാകുമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ അറിയിച്ചു. മത്സരം കാണാനെത്തുന്നവർക്ക് ഒന്നാം നമ്പർ ഗേറ്റിലൂടെ സ്റ്റേഡിയത്തിനകത്ത് പ്രവേശിക്കാം. എ, ജെ എന്നീ സെക്ടറുകൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാം. മത്സരങ്ങൾ രാവിലെ ഒമ്പത് മണിക്ക് ആരംഭിക്കും. തത്സമയ സംപ്രേഷണം ഉണ്ടായിരിക്കുന്നതല്ല.

## കംഗാരു വേട്ട കഴിഞ്ഞു

# ഇനി കിവിക്കൂട്ടിലേക്ക്

മെൽബൺ: പലപ്പോഴും ഇന്ത്യൻ ടീമിന് ബാലികേറാ മലയായിരുന്ന ആസ്ട്രേലിയൻ മണ്ണിൽ വിജയക്കൊടി നാട്ടിയ കൊഹ്‌ലിപ്പട ഇനി കിവിക്കൂട്ടിൽ പടയോട്ടത്തിനൊരുങ്ങുന്നു. മൂന്ന് ഫോർമാറ്റിലും ആധിപത്യം നേടി തലയെടുപ്പോടെയാണ് ആസ്ട്രേലിയയിൽ നിന്ന് ഇന്ത്യ മടങ്ങുന്നത്. ചരിത്രത്തിലാദ്യമായി ആസ്ട്രേലിയൻ മണ്ണിൽ ടെസ്റ്റ്, ഏകദിന പരമ്പരകൾ സ്വന്തമാക്കിയ ടീം ഇന്ത്യ ട്വന്റി - 20 പരമ്പര സമനിലയിലാക്കുകയും ചെയ്തു. ഇത്രയും മികച്ച നേട്ടം ഇതുവരെ ആസ്ട്രേലിയൻ പര്യടനം നടത്തിയ ഒരിന്ത്യൻ ടീമിനും അവകാശപ്പെടാനില്ല.


ടെസ്റ്റ് പരമ്പരയിൽ പുജാരയും കൊഹ്‌ലിയും പന്തും ബുംറയും ജഡേജയും കുൽദീപുമെല്ലാം നിറഞ്ഞാടിയപ്പോൾ ഏകദിനത്തിൽ വിമർശകരുടെ വായടപ്പിച്ച പ്രകടനവുമായി കളം നിറഞ്ഞ എം.എസ്.ധോണിയാണ് ഹൈലൈറ്റായത്. പ്രായമായെന്നും പഴയ മികവ് കൈമോശം വന്നെന്നും ആക്ഷേപിച്ചവർക്ക് ബാറ്റ് കൊണ്ട് മറുപടി നൽകിയ ധോണി, പരമ്പരയിലെ മൂന്ന് മത്സരങ്ങളിലും അർദ്ധ സെഞ്ച്വറി നേടി മാൻ ഒഫ് ദ സീരിസ് പുരസ്കാരവും സ്വന്തമാക്കി. അടുത്ത ലോകകപ്പ് ടീമിൽ സ്ഥാനം ഉറപ്പിക്കുന്ന പ്രകടനമാണ് ധോണി പുറത്തെടുത്തത്. ഫിനിഷർ മാത്രമല്ല ഏത് പൊസിഷനും തനിക്കിണങ്ങുമെന്ന സന്ദേശമാണ് ധോണി നൽകുന്നത്.

നിർണായകമായ അവസാന മത്സരത്തിൽ മാത്രം കളത്തിലിറങ്ങി വിജയ ശില്പികളായ ചഹലും കേദാറും വിസ്മയ പ്രകടനമാണ് നടത്തിയത്. ബൗളിംഗിൽ ഭുവനേശ്വറും ഷമിയും മികവ് നിലനിറുത്തിയപ്പോൾ ബാറ്റിംഗിൽ കൊഹ്‌ലിയും രോഹിതും ഫോം തുടർന്നു. മദ്ധ്യ നിരയിലെ ആശയക്കുഴപ്പത്തിന് ഏറെക്കുറെ ഉത്തരം കണ്ടെത്താനും ഈ പര്യടനത്തിലൂടെയായി. ധോണിക്ക് സ്ഥാനക്കയറ്റം നൽകി കേദാറിനെയും കാർത്തിക്കിനേയും ബാറ്റിംഗ് ഓർഡറിൽ താഴേക്കിറങ്ങുന്ന തന്ത്രം വിജയം കണ്ടു. ബൗളിംഗ് ഡിപ്പാർട്ട്മെന്റ് മികച്ച പ്രകടനമാണ് നടത്തിയത്. യുവതാരങ്ങളായ ഖലീലും സിറാജും മാത്രമാണ് നിരാശപ്പെടുത്തിയത്.

ഒരു ചാനൽ പരിപാടിക്കിടെ സ്ത്രീ വിരുദ്ധ പരാമർശം നടത്തിയ ഹാർദ്ദിക് പാണ്ഡ്യയേയും കെ.എൽ. രാഹുലിനെയും ഏകദിന പരമ്പരയ്ക്ക് തൊട്ടുമുമ്പ് നാട്ടിലേക്ക് തിരിച്ചയച്ചെങ്കിലും ഇത്തരം വിവാദങ്ങളൊന്നും ടീമിനെ ബാധിച്ചില്ല. ടെസ്റ്റ് ടീമിൽ ഉണ്ടായിരുന്നെങ്കിലും സന്നാഹ മത്സരത്തിനിടെ പരിക്കേറ്റ് ഒരു മത്സരം പോലും കളിക്കാനാകാതെ മികച്ച ഫോമിലുള്ള യുവതാരം പ്രിത്വിഷാ മടങ്ങിയത് ആരാധകർക്ക് വേദനയായി. സ്പെഷ്യലിസ്റ്റ് ടെസ്റ്റ് ഓപ്പണർമാരായ രാഹുലും വിജയ്‌യും തുടർച്ചയായി പരാജയപ്പെട്ടെങ്കിലും യുവതാരങ്ങളായ മായങ്ക് അഗർവാളും ഹനുമാ വിഹാരിയുമെല്ലാം അവസരത്തിനൊത്തുയർന്നത് ആശ്വാസമായി.

ലോകകപ്പിന് മുന്നോടിയായി മത്സരം പരിചയം നേടാനുള്ള മികച്ച അവസരമാണ് ഇന്ത്യയ്ക്ക് ഈ ന്യൂസിലൻഡ് പര്യടനം. ശ്രീലങ്കയെ തരിപ്പണമാക്കിയതിന്റെ ആത്മവിശ്വാസത്തിലാണ് ന്യൂസിലൻഡ് ഇന്ത്യയെ നേരിടാനൊരുങ്ങുന്നത്. 2013/14ൽ ന്യൂസിലൻഡിൽ ലോകകപ്പിന് മുമ്പ് ഇന്ത്യ പര്യടനം നടത്തിയെങ്കിലും തിരിച്ചടി നേരിട്ടിരുന്നു. 4-0ത്തിനാണ് ഇന്ത്യയെ ന്യൂസിലൻഡ് ഏകദിനത്തിൽ തോൽപ്പിച്ചത്.

ഇവിടെ 5 ഏകദിനങ്ങളും മൂന്ന് ട്വന്റി-20 കളുമാണ് ഇത്തവണ ഇന്ത്യ കളിക്കുക. 23ന് നേപ്പിയറിലാണ് ആദ്യ ഏകദിനം നടക്കുന്നത്. പാണ്ഡ്യയ്ക്കും രാഹുലിനും പകരം ടീമിലുൾപ്പെടുത്തിയ ശുഭ്മാൻ ഗില്ലിനെയും വിജയ് ശങ്കറിനെയും പോലുള്ളവർക്ക് ഇത് കഴിവ് തെളിയിക്കാനുള്ള മികച്ച അസരമാണ്.



### ഇന്ത്യ Vs ന്യൂസിലൻഡ് മത്സര ഷെഡ്യൂൾ

23ന് ആദ്യ ഏകദിനം
26 ന് രണ്ടാം ഏകദിനം
28ന് മൂന്നാം ഏകദിനം
31ന് നാലാം ഏകദിനം
ഫെബ്രുവരി 3ന് അഞ്ചാം ഏകദിനം
ഫെബ്രുവരി 6ന് ഒന്നാം ട്വന്റി-20
ഫെബ്രുവരി 8ന് രണ്ടാം ട്വന്റി-20
ഫെബ്രുവരി 10ന് മൂന്നാം ട്വന്റി-20



# സൗരാഷ്ട്ര സൂപ്പറാ!

ബറോഡ: രഞ്ജി ട്രോഫി ക്രിക്കറ്റ് ക്വാർട്ടർ പോരാട്ടത്തിൽ റെക്കാഡ് പ്രകടനവുമായി സൗരാഷ്ട്ര സെമി ഫൈനലിലെത്തി. ഉത്തർ പ്രദേശിനെ 6 വിക്കറ്റിന് കീഴടക്കിയാണ് സൗരാഷ്ട്രയുടെ സെമി പ്രവേശനം. രണ്ടാം ഇന്നിംഗ്സിൽ ഉത്തർപ്രദേശ് ഉയർത്തിയ 372 റൺസിന്റെ വമ്പൻ വിജയലക്ഷ്യം 4 വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി സൗരാഷ്ട്ര മറികടക്കുകയായിരുന്നു.

രഞ്ജി ചരിത്രത്തിൽ നാലാം ഇന്നിംഗ്സിൽ പിന്തുടർന്ന് ജയിക്കുന്ന ഏറ്റവും ഉയർന്ന സ്കോറാണിത്. 2008-2009 സീസണിൽ സർവീസസ് ഉയർത്തിയ 371 റൺസിന്റെ വിജയ ലക്ഷ്യം പിന്തുടർന്ന് ജയിച്ച അസമിന്റെ റെക്കാഡാണ് സൗരാഷ്ട്ര പഴങ്കഥയാക്കിയത്.

രണ്ടാം ഇന്നിംഗ്സിൽ സൗരാഷ്ട്രയ്ക്കായി ഹാർവിക് ദേശായി സെഞ്ച്വറി (116) നേടി. സ്നെൽ പട്ടേൽ 72 റൺസെടുത്തു. ചേതേശ്വർ പുജാര 67 റൺസുമായും ഷെൽഡൺ ജാക്സൺ 73 റൺസുമായും പുറത്താകാതെ നിന്നു.

കർണാടകയാണ് സെമിൽ സൗരാഷ്ട്രയുടെ എതിരാളികൾ. സ്കോർ സൗരാഷ്ട്ര 208, 372/4, ഉത്തർപ്രദേശ് 385, 194.

### കേരളത്തിന് എതിരാളി വിദർഭ

മറ്റൊരു ക്വാർട്ടറിൽ ഉത്തരാഖണ്ഡിനെ ഇന്നിംഗ്സിനും 115 റൺസിനും കീഴടക്കി നിലവിലെ ചാമ്പ്യന്മാരായ വിദർഭയും സെമിയിലെത്തി. കേരളമാണ് വിദർഭയുടെ സെമിയിലെ എതിരാളികൾ.



ഗോകുലം - മിനർവ മത്സരത്തിൽ നിന്ന്

# സമനില ഇഞ്ചുറി

ഗുരുഗ്രാം: ഐ ലീഗിൽ വിജയ വഴിയിൽ തിരിച്ചെത്താമെന്ന ഗോകുലം കേരള എഫ്.സിയുടെ മോഹങ്ങൾക്ക് ഇഞ്ച്വറി ടൈമിൽ മിനർവ പഞ്ചാബ് തടയിട്ടു. ഇന്നലെ മിനർവയുടെ തട്ടകത്തിൽ നടന്ന മത്സരത്തിൽ ഒരു ഗോളിന് മുന്നിൽ നിൽക്കുകയായിരുന്ന ഗോകുലത്തെ രണ്ടാം പകുതിയുടെ അധിക സമയത്ത് നേടിയ ഗോളിലൂടെ മിനർവ പഞ്ചാബ് 1-1 ന് സമനിലയിൽ പിടിക്കുകയായിരുന്നു. തുടർച്ചയായ നാല് പരാജയങ്ങൾക്ക് ശേഷമാണ് ഗോകുലത്തിന് ഒരു സമനിലയെങ്കിലും ലഭിക്കുന്നത്.

84-ാം മിനിറ്റിൽ മാർക്കസ് ജോസഫിന്റെ ഗോളിലൂടെ മുന്നിലെത്തിയ ഗോകുലത്തെ ഇഞ്ചുറി ടൈമിൽ ജോർജ് കാസെയ്ഡോ റോഡ്രിഗസ് നേടിയ ഗോളിലാണ് മിനർവ സമനിലയിൽ തളച്ചത്.

കഴിഞ്ഞ മത്സരത്തിൽ കളിച്ച ടീമിൽ നാലു മാറ്റങ്ങളുമായാണ് ഗോകുലം ഇറങ്ങിയത്. കെ. ദീപക്, വ്യാം മുയ്റാംഗ്, ഇമ്രാൻ ഖാൻ, ചാൾസ് ഫോളി എന്നിവർ ഇന്നലെ ആദ്യ ഇലവനിൽ ഇടംപിടിച്ചു.

കളിയുടെ രണ്ടാം മിനിറ്റിൽ തന്നെ ഗോകുലം മിനർവയുടെ വല കുലുക്കിയെങ്കിലും ഗോൾ കീപ്പറെ ഫൗൾ ചെയ്തെന്ന കാരണത്താൽ റഫറി ഗോൾ അനുവദിച്ചില്ല.

## ഫെഡററെ തടഞ്ഞു

കാൻബറ: ആറ് തവണ ആസ്ട്രേലിയൻ ഓപ്പൺ നേടിയിട്ടുള്ള നിലവിലെ ചാമ്പ്യൻ റോജർ ഫെഡററെ സെക്യൂരിറ്റി ഉദ്യോഗസ്ഥൻ തടഞ്ഞത് വിവാദമായി. ആസ്ട്രേലിയൻ ഓപ്പണിൽ തന്റെ മത്സരത്തിന് ശേഷം ഡ്രസിംഗ് റൂമിലേക്ക് മടങ്ങുകയായിരുന്ന ഫെഡററെ അക്രഡിറ്റേഷൻ പാസ് ധരിക്കാതിരുന്നതിനാൽ സുരക്ഷാ ഉദ്യോഗസ്ഥൻ തടയുകയായിരുന്നു.

യാതൊരു എതിർപ്പും പ്രകടിപ്പിക്കാതെ അവിടെ നിലയുറപ്പിച്ച ഫെഡറർ തന്റെ ടീം അംഗങ്ങൾ വരുന്നതുവരെ കാത്തുനിന്നു. ഫെഡററുടെ പരിശീലകൻ ഇവാൻ ലുബിസിച്ച്താരത്തിന്റെയും മറ്റൊരു ടീം അംഗത്തിന്റെയും പാസുകൾ കാണിച്ച ശേഷമാണ് സുരക്ഷാ ഉദ്യോഗസ്ഥൻ ഫെഡററെ അകത്ത് പ്രവേശിക്കാൻ അനുവദിച്ചത്.

സംഭവത്തിന്റെ വീഡിയോ പുറത്തുവന്നതിനു പിന്നാലെ ഫെഡററുടെ ആരാധകർ പ്രതിഷേധവുമായി രംഗത്തെത്തി. എന്നാൽ സുരക്ഷാ ഉദ്യോഗസ്ഥനെ പിന്തുണച്ചും ചിലർ രംഗത്തെത്തിയതോടെ സംഭവം വൈറലാവുകയായിരുന്നു.



ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ ലെസ്റ്ററിനെതിരെ അവസാന നിമിഷം വൂൾവ്സിന്റെ വിജയഗോൾ നേടിയ ഡിയോഗോ ജോട്ടയെ അഭിനന്ദിക്കുന്ന കോച്ചും സഹതാരങ്ങളും. 4-3നാണ് വൂൾവ്സിന്റെ ജയം.

## സംസ്ഥാന ബധിര ക്രിക്കറ്റ്: തിരുവനന്തപുരം ജേതാക്കൾ

തിരുവല്ല: സംസ്ഥാന ബധിര ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ പാലക്കാടിനെ 33 റൺസിന് കീഴടക്കി തിരുവനന്തപുരം ജേതാക്കളായി. സ്കോർ: 15 ഓവറിൽ തിരുവനന്തപുരം 121/7. പാലക്കാട് 88/7. രാവിലെ നടന്ന സെമിയിൽ പാലക്കാട് ആലപ്പുഴയെ 14 റൺസിനും തിരുവനന്തപുരം കണ്ണൂരിനെ 11 റൺസിനും പരാജയപ്പെടുത്തി. ആലപ്പുഴയെ പത്ത് വിക്കറ്റിന് പരാജയപ്പെടുത്തി കണ്ണൂർ മൂന്നാം സ്ഥാനവും നേടി. പാലക്കാടിന്റെ സതീഷ് ഭീമിനെ മാൻ ഒഫ് ദി സീരീസായി തെരഞ്ഞെടുത്തു. വിജയികൾക്ക് രാജ്യസഭാ മുൻ ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യൻ ട്രോഫികളും കാഷ് അവാർഡും സമ്മാനിച്ചു.



സംസ്ഥാന ബധിര ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻമാരായ തിരുവനന്തപുരം ടീം



സെന്റ് ജോസഫ്സ് സ്പോർട്സ് അക്കാഡമിയുടെ ലോഗോ മന്ത്രി ഇ.പി. ജയരാജൻ ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസിന് നൽകി പ്രകാശനം ചെയ്യുന്നു

## ഓരോ ജില്ലയിലും സ്പോർട്സ് സ്കൂളുകൾ ആരംഭിക്കും : മന്ത്രി ജയരാജൻ

### സെന്റ് ജോസഫ്സ് സ്പോർട്സ് അക്കാഡമി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: വിദ്യാർത്ഥികൾ പഠനത്തോടൊപ്പം കായിക രംഗത്തും മികവ് നേടണമെന്ന് മന്ത്രി ഇ.പി. ജയരാജൻ അഭിപ്രായപ്പെട്ടു. ഓരോ ജില്ലയിലും ഓരോ സ്പോർട്സ് സ്കൂൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണെന്നും അദ്ദേഹം പറഞ്ഞു. സെന്റ് ജോസഫ്സ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സ്പോർട്സ് അക്കാഡമിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

അക്കാഡമിയുടെ ലോഗോ മന്ത്രി ഇ.പി. ജയരാജൻ ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസിന് നൽകിയും അക്കാഡമിയുടെ ജേഴ്സി ബിഷപ്പ് അക്കാഡമിയുടെ ക്യാപ്ടനു നൽകിയും പ്രകാശനം നിർവഹിച്ചു. സ്കൂൾ മാനേജർ ഡോ. ഡൈസൺ വൈ അദ്ധ്യക്ഷത വഹിച്ചു. പി.ടി.എ പ്രസിഡന്റ് രാജു വൈ, പ്രിൻസിപ്പൽ പി.ജെ. വർഗീസ്, ഹെഡ്മാസ്റ്റർ ജോസഫ് ജോസ്, ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ ബിജു പി. പോൾ, മുൻ ഹെഡ്മാസ്റ്റർ ഫാ. എഫ്രേം തോമസ് സ്റ്റാഫ് സെക്രട്ടറി രാജു ഡി എന്നിവർ സന്നിഹിതരായിരുന്നു.



## ഖേലോ ഇന്ത്യ : കേരളത്തിന്റെ ബാസ്കറ്റിൽ നാല് വെങ്കലങ്ങൾ

പൂനെ: ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിലെ ബാസ്കറ്റ്ബാളിൽ നാല് വെങ്കല മെഡലുകൾ കേരളത്തിന് ലഭിച്ചു. അണ്ടർ-21, അണ്ടർ-17 പ്രായ വിഭാഗങ്ങളിലെ ആൺകുട്ടികളും പെൺകുട്ടികളുമാണ് വെങ്കലങ്ങൾ നേടിയത്. അണ്ടർ -21 ആൺകുട്ടികളിൽ കേരളം ലൂസേഴ്സ് ഫൈനലിൽ 79-73 ന് മഹാരാഷ്ട്രയെയും പെൺകുട്ടികളിൽ 60-34 ന് യു.പിയെയും തോൽപ്പിച്ചു. അണ്ടർ-17 ആൺകുട്ടികളിൽ കേരളം ലൂസേഴ്സ് ഫൈനലിൽ 71 -59ന് ഹരിയാനയെയും പെൺകുട്ടികളിൽ 79-68ന് മഹാരാഷ്ട്രയേയും തോൽപ്പിച്ചു.

## സ്പോർട്സ് സ്കൂൾ പ്രവേശനം: ജില്ലാതല തെരഞ്ഞെടുപ്പ്

തിരുവനന്തപുരം: 2019-2020 അദ്ധ്യയന വർഷത്തിലേയ്ക്ക് ജി.വി രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും പ്രവേശനത്തിന് ജില്ലാതലത്തിൽ സെലക്ഷന് ട്രയൽസ് സംഘടിപ്പിക്കുന്നു. ഏഴ്, എട്ട്, ഒൻപത്, പ്ലസ് വൺ/വി.എച്ച്.എസ്.ഇ ക്ലാസ്സുകളിലേക്കാണ് പ്രവേശനം.

അത്‌ലറ്റിക്സ്, ബാസ്കറ്റ്ബാൾ, ഫുട്ബാൾ, വോളിബാൾ, തായ്ക്കൊണ്ടോ, റസ്‌ലിംഗ്, ഹോക്കി, വെയ്റ്റ്‌ലിഫ്റ്റിംഗ്, ബോക്സിംഗ്, ജൂഡോ എന്നീ കായികയിനങ്ങളിൽ താത്പര്യമുള്ള വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുക്കുന്നത്. കൂടുതൽ വിവരങ്ങൾ www.sportskerala.org എന്ന വെബ്സൈറ്റിൽ . ജനുവരി 22 കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ട്, 23 കാസർകോഡ് പെരിയ നവോദയ വിദ്യാലയം, 24 വയനാട് മീനങ്ങാടി പഞ്ചായത്ത് സ്റ്റേഡിയം, 25 കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, 28 കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം, 29 പാലക്കാട് മേഴ്സി കോളേജ് ഗ്രൗണ്ട്, 30 തൃശ്ശൂർ ഇൻഡോർ സ്റ്റേഡിയം, ഫെബ്രുവരി 1 എറണാകുളം മഹാരാജാസ് കോളേജ് സ്റ്റേഡിയം, 2 കോട്ടയം സി.എം.എസ് കോളേജ് ഗ്രൗണ്ട്, 5 ഇടുക്കി അരക്കുളം സെന്റ് ജോസഫ് കോളേജ്, 6 പത്തനംതിട്ട ജില്ലാ സ്റ്റേഡിയം, 7 ആലപ്പുഴ എസ്.ഡി. വി ഹയർസെക്കൻഡറി സ്കൂൾ, 8 കൊല്ലം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം, 11 തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം എന്നിവിടങ്ങളിലാണ് സെലക്ഷൻ ട്രയൽസ്.

# നവോത്ഥാന മൂല്യസംരക്ഷണം സർക്കാർ തുടരണം: വെള്ളാപ്പള്ളി

ചേർത്തല: ചാതുർവർണ്യ വ്യവസ്ഥ പുനഃസ്ഥാപിക്കാൻ ആസൂത്രിത നീക്കം നടക്കുന്ന സാഹചര്യത്തിൽ നവോത്ഥാന മൂല്യസംരക്ഷണ പ്രവർത്തനം സർക്കാരിന്റെനേതൃത്വത്തിൽതുടരണമെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. യോഗം 715-ാം നമ്പർ ശാഖയിലെ ചേർത്തല ടൗൺ വിജ്ഞാന സന്ദായിനി മഹാവിഷ്ണു ക്ഷേത്രത്തിൽ നിർമ്മിച്ച ഗുരുദേവക്ഷേത്ര സമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

മുഖ്യമന്ത്രിയെപ്പോലും ജാതിയുടെ പേരിൽ ആക്ഷേപിക്കുന്ന സാഹചര്യം ഇപ്പോഴും നിലനിൽക്കുകയാണ്. ഭൂരിഭാഗം വരുന്ന പിന്നാക്കക്കാരനെ എല്ലാ മേഖലകളിലും നിന്ന് പടിക്ക് പുറത്താക്കുന്ന നടപടിയാണ് സാമ്പത്തിക സംവരണം. 82 ശതമാനം വരുന്ന പിന്നാക്കക്കാരെ പൂർണമായി തഴഞ്ഞാണ് 18 ശതമാനം വരുന്ന മുന്നാക്കക്കാർക്കായി സംവരണം ഏർപ്പെടുത്തിയത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവരെ ഉദ്ധരിക്കുകയെന്ന സംവരണ ലക്ഷ്യം അട്ടിമറിക്കപ്പെട്ടു. ആറു ദിവസം കൊണ്ട് ബില്ല് പാസാക്കിയ ചരിത്രം ഇന്ത്യയിലുണ്ടായിട്ടില്ല.

മണ്ഡൽ കമ്മിഷൻ ശുപാർശ നടപ്പാക്കി രണ്ടരപ്പതിറ്റാണ്ട് പിന്നിടുമ്പോഴും 27 ശതമാനം ഒ.ബി.സി സംവരണം ഒരു വകുപ്പിലും ഉറപ്പാക്കിയിട്ടില്ല. 24 മന്ത്രാലയങ്ങളിലെ ഗ്രൂപ്പ് എ ഉദ്യോഗസ്ഥരിൽ പിന്നാക്ക പ്രാതിനിദ്ധ്യം 17 ശതമാനം മാത്രമാണ്. ഗ്രൂപ്പ് ബിയിലും ഡിയിലും 11 ശതമാനമാണ് പിന്നാക്ക പ്രാതിനിദ്ധ്യം. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളിലായി പിന്നാക്ക വിഭാഗങ്ങൾക്കുള്ള 11,797 ഒഴിവുകൾ ഇപ്പോഴും നികത്താനുണ്ട്. പിന്നാക്കക്കാരന്റെ വോട്ടിന് വിലയില്ലാത്ത അവസ്ഥയാണ്. സാമ്പത്തിക സംവരണത്തിനെതിരെ സുപ്രീംകോടതിയെ സമീപിക്കും.

കേരളത്തിൽ പിന്നാക്ക മുഖ്യമന്ത്രിമാരെയെല്ലാം ജാത്യാധിക്ഷേപം നടത്തിയ ചരിത്രമാണുള്ളത്. ആർ.ശങ്കർ, വി.എസ്, പിണറായി എന്നിവർ ഇത്തരത്തിൽ അധിക്ഷേപത്തിന് ഇരയായി. ജാതി കളിച്ച് അധികാരസ്ഥാനം കൈക്കലാക്കിയ രമേശ് ചെന്നിത്തല വനിതാമതിലിനെ ജാതിമതിലെന്ന് ആക്ഷേപിച്ചത് വിചിത്രമായി. മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയെ വിരട്ടി ഭൂരിപക്ഷ സമുദായത്തിന്റെ അക്കൗണ്ടിൽ എൻ.എസ്.എസിനെ ഉപയോഗിച്ച് താക്കോൽ സ്ഥാനം കൈക്കലാക്കിയയാളാണ് ചെന്നിത്തല. ഇത്തരക്കാർ വിഷം തുപ്പുന്ന ജാതി പാമ്പുകളാണെന്ന് പറഞ്ഞാൽ ആർക്കാണ് എതിർക്കാനാവുകയെന്നും വെള്ളാപ്പള്ളി പറഞ്ഞു.

ശാഖാ പ്രസിഡന്റ് വി. പ്രകാശൻ അദ്ധ്യക്ഷത വഹിച്ചു. യോഗം ചേർത്തല യൂണിയൻ കൺവീനർ കെ.കെ.മഹേശൻ ക്ഷേത്ര സമർപ്പണ സന്ദേശം നൽകി. യോഗം കൗൺസിലർ പി.ടി. മന്മഥൻ മുഖ്യപ്രഭാഷണം നടത്തി.



എസ്.എൻ.ഡി.പി യോഗം 715-ാം നമ്പർ ശാഖയിലെ ചേർത്തല ടൗൺ വിജ്ഞാന സന്ദായിനി മഹാവിഷ്ണു ക്ഷേത്രത്തിൽ നിർമ്മിച്ച ഗുരുദേവ ക്ഷേത്രത്തിന്റെ സമർപ്പണ സമ്മേളനം എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ നിർവഹിക്കുന്നു. കെ.കെ.മഹേശൻ, പി.ടി.മന്മഥൻ, വി.പ്രകാശൻ, കെ.വി.സാബുലാൽ, വി.ശശികുമാർ, പി.ജയകുമാർ, എസ്.രാജേഷ്, പി.ജി.സുരേന്ദ്രൻ എന്നിവർ സമീപം



## ഗുരുവായൂരിൽ കുട്ടികൾക്ക് നിയന്ത്രണം

ഗുരുവായൂർ: ക്ഷേത്രത്തിൽ സഹസ്രകലശം, ഉത്സവം എന്നിവ നടക്കുന്നതിനാൽ അടുത്ത മാസം ഒമ്പത് മുതൽ 16 വരെ അഞ്ച് വയസിന് താഴെയുള്ള കുട്ടികളെ നാലമ്പലത്തിലേക്ക് പ്രവേശിപ്പിക്കില്ലെന്ന് അഡ്മിനിസ്ട്രേറ്റർ അറിയിച്ചു. എന്നാൽ കുട്ടികളുടെ ചോറൂണ്, തുലാഭാരം എന്നീ ചടങ്ങുകൾ നടത്താം.






## അയ്യപ്പഭക്ത സംഗമം ഇന്ന്; രണ്ട് ലക്ഷം പേരെത്തും

തിരുവനന്തപുരം: ശബരിമല കർമ്മ സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്ന് വൈകിട്ട് 4ന് പുത്തരിക്കണ്ടം മൈതാനത്ത് അയ്യപ്പഭക്ത സംഗമം നടക്കും. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നായി രണ്ട് ലക്ഷം അയ്യപ്പഭക്തർ പങ്കെടുക്കുമെന്ന് കർമ്മ സമിതി അറിയിച്ചു. മ്യൂസിയം, പി.എം.ജി എന്നിവിടങ്ങളിൽ നിന്ന് വൈകിട്ട് 3 ന് നാമജപ ഘോഷയാത്ര ആരംഭിച്ച് പുത്തരിക്കണ്ടത്ത് സമാപിക്കും. നാമജപം നടക്കുമ്പോൾ തന്നെ പുത്തരിക്കണ്ടത്ത് യോഗം ആരംഭിക്കും.

കുളത്തൂർ അദ്വൈതാശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സംഗമം മാതാ അമൃതാനന്ദമയി ഉദ്ഘാടനം ചെയ്യും. ഹിന്ദുഐക്യവേദി അദ്ധ്യക്ഷ കെ.പി.ശശികല മുഖ്യപ്രഭാഷണം നടത്തും.

സ്വാമി വിവിക്താനന്ദ, സ്വാമിനി ജ്ഞാനഭനിഷ്ഠ, കാമാക്ഷിപുരം അധീനം സ്വാമി ശാക്തശിവലിംഗേശ്വര, ജസ്റ്റിസ് എൻ. കുമാർ, ടി.പി.സെൻകുമാർ, സംഗീത്കുമാർ, ടി.വി.ബാബു, സ്വാമി ഗോലോകാനന്ദ, സ്വാമി ബോധിതീർത്ഥ, ഗുരുരത്നം ജ്ഞാനതപസ്വി, സി.പി.നായർ, സതീഷ് പത്മനാഭൻ, ഡോ. പ്രദീപ് ജ്യോതി, സൂര്യൻ പരമേശ്വരൻ, സൂര്യകാലടി ഭട്ടതിരിപ്പാട് തുടങ്ങിയവർ പ്രസംഗിക്കും.

## സി.ജെ. ജോസഫ് നിര്യാതനായി



തിരുവനന്തപുരം: സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ മുൻ പ്രസിഡന്റ് സി.ജെ. ജോസഫ് (86, കണ്ണാശുപത്രിക്ക് സമീപം ദീപ്തി, എം.ആർ.എ49.) നിര്യാതനായി.

പാലയിലെ ചിറക്കൽ പുരയിടത്തിൽ കുടുംബാംഗമാണ്. സി.പി.എം കണ്ണാശുപത്രി ബ്രാഞ്ച് അംഗവും കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ രക്ഷാധികാരിയായുമായി പ്രവർത്തിച്ചുവരികയായിരുന്നു. ഭാര്യ എൽസമ്മ, മക്കൾ: അനിൽ ജോസഫ് (ചാർട്ടേഡ് അക്കൗണ്ടന്റ്), പരേതരായ ബീന ജോസഫ്, ഷീല ജോസഫ്. മരുമകൻ ബേബൻ കൈമാപറമ്പൻ (റിട്ട. ആൾ ഇന്ത്യ റേഡിയോ). സംസ്കാരം ഇന്ന് വൈകിട്ട് 3 ന് നാലാഞ്ചിറ ലൂർദ്ദ് പള്ളി സെമിത്തേരിയിൽ. നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

## പ്രൊഫ. ആർ. പുരുഷോത്തമൻ നിര്യാതനായി



തിരുവനന്തപുരം : ഉള്ളൂർ ഹീരാ ഹെവൻ രാമഗിരി, ഫ്ളാറ്റ് നമ്പർ II ഡി-യിൽ ശ്രീശങ്കര സംസ്കൃത വിദ്യാപീഠം മാനേജിംഗ് ഡയറക്ടറും പ്രസിഡന്റുമായ പ്രൊഫ. ആർ.പുരുഷോത്തമൻ (68) നിര്യാതനായി. ഇടയ്ക്കിടം പാലക്കുന്നിൽ രാമൻ മാനേജരുടെ മകനാണ്. സംസ്കാരം ഇന്ന് രാവിലെ 10.30ന് ശാന്തികവാടത്തിൽ.

ഭാര്യ : എസ്.രേണുക (പ്രിൻസിപ്പൽ ശ്രീശങ്കര സംസ്കൃത വിദ്യാപീഠം). മക്കൾ: ആരണ്യ പുരുഷോത്തമൻ (യു.എസ്.എ), ഡോ.അഖിലേഷ് പുരുഷോത്തമൻ. മരുമകൻ : ശ്രീജിത്ത് ചാലിൽ (യു.എസ്.എ). സഹോദരങ്ങൾ : പരേതനായ പ്രൊഫ. ആർ. കരുണാകരൻ, ഡോ.ആർ.ബാലകൃഷ്ണൻ, പരേതനായ ആർ.നാരായണ ശാസ്ത്രി, ഡോ.ആർ.ചന്ദ്രശേഖരൻ (ചന്ദ്രൻസ് ആയുർവേദ ഹോസ്പിറ്റൽ, മണക്കാട്), ഡോ.ആർ.സദാശിവൻ, ജെ. മീനാക്ഷി ശാർങ്ഗധരൻ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8ന്. ഫോൺ: 7510880135.

## പി.എൻ. പണിക്കരുടെ മകൾ സി. വിലാസിനിക്കുട്ടി നിര്യാതയായി



തിരുവനന്തപുരം: പി.എൻ. പണിക്കരുടെ മകളും ഖാദിബോർഡ് റിട്ട. രജിസ്ട്രാറുമായ പി.ടി.പി അവന്യൂ - 74ൽ സി. വിലാസിനിക്കുട്ടി (79) നിര്യാതയായി. ഭർത്താവ് പരേതനായ കെ.പി. ശാന്തകുമാർ (റിട്ട. ഫാംസ് ഓഫീസർ, പ്രിന്റിംഗ് ആൻഡ് സ്റ്റേഷണറി വകുപ്പ്). മക്കൾ : ബിന്ദു എസ്. കുമാർ (ഭാരതീയ വിദ്യാഭവൻ അദ്ധ്യാപിക), സിന്ധു എസ്. കുമാർ ( ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസർ, ഇ.എം.സി). മരുമക്കൾ: സി. രതീഷ് കുമാർ (ദി ഹിന്ദു), ഹരീഷ് കുമാർ (മീഡിയ ഓഫീസർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ). സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12ന് തൈക്കാട് ശാന്തികവാടത്തിൽ. ഫോൺ: 9446323871, 9847067634, 8547142494.









Vol. No. 109 Issue No. 20 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .